February 2017 Volume 49 Issue 9

# വ്യവസായ കേരളം
# VYAVASAYA KERALAM




## 400 കോടിയുടെ വ്യാപാർ അന്വേഷണങ്ങൾ

vyapar 2017
Kerala Business - to - Business Meet



# CRESCENT GROUP

**I.D. Plot Poovanthuruthu P.O.**
**Kottayam-686012**
**Kerala**
**Mob: 9946464261, 9447051711**








**Manufactures of Rubber Mats and other Rubber Moulded Products**

Vyavasaya Keralam

# വ്യവസായകേരളം

www.keralaindustry.org

ഫെബ്രുവരി 2017 | പുസ്തകം49 | ലക്കം 9
February 2017 | Volume 49 | Issue 9



കവർ സ്റ്റോറി

22 vyapar 2017
400 കോടി രൂപയുടെ
വാണിജ്യ അന്വേഷണങ്ങൾ



12 കേരളത്തിന്റെ
ഫുട്വെയർ ഹബ്ബായി
കോഴിക്കോട്

6 സംരംഭകർക്ക് സാന്ത്വനമായി
നാല് ഇ- ഗവേണൻസ് പദ്ധതികൾ

7 ഉദ്യോഗസ്ഥർ സംരംഭകരിലേയ്ക്ക്




33 എം. എസ്. എം. ഇ മേഖലയും
കേന്ദ്രബഡ്ജറ്റും
ഡോ. മേരി ജോർജ്



47 കേരള വിഭവങ്ങൾക്ക് വിപണി തേടി
ഫുഡ് പ്രോ

16 പ്രിന്ററുകൾക്കും സ്കാനറുകൾക്കും
60% ഡിപ്രീസിയേഷൻ
കെ.സി. ജോസഫ് വർഗ്ഗീസ്

18 നിർമാണരംഗത്തെ വ്യവസായ സാധ്യതകൾ
ലോറൻസ് മാത്യു

40 കെട്ടിടനിർമാണസാമഗ്രികളുടെ വിലനിലവാരം

50 വാർത്താജാലകം

10 വികസന വീഥി

37 വ്യവസായകേരളം ഒറ്റനോട്ടത്തിൽ


# സംരംഭകരിലേയ്ക്ക് നേരിട്ടിറങ്ങി വ്യവസായ വകുപ്പ്

ഒരു സോഷ്യലിസ്റ്റ് സമൂഹത്തെ വാർത്തെടുക്കുന്ന പ്രയാണത്തിൽ സുപ്രധാന പങ്കുവഹിക്കുന്നത് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളാണ്. വലിയ തോതിൽ തൊഴിൽ പ്രത്യേകിച്ച് ഗ്രാമീണ മേഖലയിൽ സൃഷ്ടിക്കുന്നതിനും ദാരിദ്ര്യം നിർമാർജനം ചെയ്യുന്നതിനും എല്ലാവരേയും ആശ്ലേഷിക്കുന്ന വികസനം സാധ്യമാക്കുന്നതിനും ഇത്തരം സംരംഭങ്ങൾക്കു സാധിക്കും. സുസ്ഥിര വികസനത്തിന്റെയും സാമ്പത്തിക വളർച്ചയുടെയും ഗുണമേന്മയുള്ള ജീവിത മാതൃകകളുടെയും സജീവമായ അടയാളപ്പെടുത്തലുകളാൽ ശ്രദ്ധേയമാണ് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ. വിവര സാങ്കേതികവിദ്യയുടെ വളർച്ചയോടെ പരമ്പരാഗത വ്യവസായ സമവാക്യങ്ങൾ മാറിമറിഞ്ഞെങ്കിലും ചെറുകിട സംരംഭങ്ങളുടെ പ്രാധാന്യം വർധിച്ചുവരുന്നതേയുള്ളൂ.

ഏറെ ബൃഹത്തായ ഒരു ശൃംഖലയാണ് ചെറുകിട സംരംഭങ്ങളുടേത്. അവയെക്കുറിച്ചുള്ള പൂർണവും കൃത്യവുമായ വിവരങ്ങൾ ശേഖരിച്ച് നവീകരിക്കുകയെന്നത് ശ്രമകരമായ ദൗത്യമാണ്. എന്നാൽ ചെറുകിട വ്യവസായ മേഖലയുടെ സമഗ്രമായ വികസനവും പൊളിച്ചെഴുത്തും ലക്ഷ്യമാക്കി മുന്നോട്ടു നീങ്ങുമ്പോൾ വിവരശേഖരണം പ്രഥമ പരിഗണനയർഹിക്കുന്നു. അതിനുള്ള തയ്യാറെടുപ്പിലാണ് സംസ്ഥാന വ്യവസായ വകുപ്പ്. അതതു പ്രദേശങ്ങളിലെ പ്രകൃതി വിഭവങ്ങളുടെയും, ജനങ്ങളുടെ കർമശേഷിയുടെയും പ്രാദേശികമായ ആവശ്യങ്ങളുടെയും അടിസ്ഥാനത്തിൽ ഓരോ സ്ഥലത്തിനും യോജിച്ച വ്യവസായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നിലവിലുള്ള സംരംഭങ്ങളെക്കുറിച്ചുള്ള പഠനം കൂടിയേ തീരൂ. കോർപറേഷൻ-ജില്ലാ-താലൂക്ക് -പഞ്ചായത്ത് തലങ്ങളിൽ പ്രവർത്തിക്കുന്ന വ്യവസായ വികസന ഉദ്യോഗസ്ഥർ അതതിടങ്ങളിലെ സംരംഭങ്ങൾ നേരിട്ട് സന്ദർശിച്ച് സംരംഭകരുമായി നിരന്തരം സംവദിച്ച് അവരുടെ യഥാർത്ഥ പ്രശ്നങ്ങൾ മനസിലാക്കാനുള്ള നൂതന പദ്ധതിക്കാണ് ഞങ്ങൾ തുടക്കമിടുന്നത്. പ്രത്യേകം തയ്യാറാക്കിയ മൊബൈൽ ആപ്പുകളിൽ ഓരോ സംരംഭത്തെയും കുറിച്ചുള്ള നൂറിലേറെ വിവരങ്ങൾ അടയാളപ്പെടുത്താനാണ് ശ്രമിക്കുന്നത്.

ജി. പി. എസ്. സാങ്കേതിക വിദ്യയുപയോഗിച്ച് സംരംഭത്തിന്റെ സ്ഥാനം രേഖപ്പെടുത്തിയശേഷം ശേഖരിക്കുന്ന എല്ലാ വിവരങ്ങളും ഏകോപിപ്പിച്ച് സംസ്ഥാന തലത്തിൽ കുറ്റമറ്റ വ്യവസായ ഭൂപടം യാഥാർത്ഥ്യമാക്കും. അതിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്തശേഷമായിരിക്കും ഭാവി പദ്ധതികളുടെ ആസൂത്രണം. ചെറുകിട വ്യവസായ മേഖലയുടെ കരുത്തും ബലഹീനതകളും കൃത്യമായി മനസിലാക്കുന്നതോടെ സംരംഭകരുടെ പ്രശ്നങ്ങൾ പൂർണമായും പരിഹരിക്കാൻ കഴിയും. സംസ്ഥാനത്തിന്റെ സാമൂഹിക, സാമ്പത്തിക, തൊഴിൽ മേഖലയിലെ യഥാർത്ഥ പ്രശ്നങ്ങളും പരിഹാരങ്ങളും കണ്ടെത്തിയാൽ അതു സർക്കാരിന്റെ മറ്റ് വകുപ്പുകളുടെ പ്രവർത്തനത്തിനും മുതൽക്കൂട്ടാകും.

സംരംഭകർക്ക് സന്തോഷം പകരുന്ന മറ്റൊരു നടപടി വ്യവസായ ഭൂമിക്ക് വേണ്ടിയുള്ള അപേക്ഷ ഓൺലൈൻ വഴി മാത്രമാക്കിയതാണ്. 2500 ഏക്കറോളം വ്യാവസായിക ആവശ്യത്തിനുള്ള ഭൂമിയാണ് വിവിധ എസ്റ്റേറ്റുകളിലായി വകുപ്പിന്റെ നിയന്ത്രണത്തിലുള്ളത്. അവയുടെ വിതരണം യാതൊരു പക്ഷഭേദവുമില്ലാതെ അഴിമതിരഹിതമായി സുതാര്യമായി നടപ്പിലാക്കുന്നതിന് ഓൺലൈൻ സംവിധാനം വഴിതെളിക്കും. വ്യവസായം സുഗമമായി നടത്തിക്കൊണ്ടു പോകുന്നതിന് സംരംഭകർക്ക് കൈത്താങ്ങാകുക എന്നതു മാത്രമാണ് ഞങ്ങളുടെ ലക്ഷ്യം. ഞങ്ങൾ നിങ്ങളിലേക്കു വരുകയാണ്. നിങ്ങളുടെ പ്രശ്നങ്ങൾ വ്യവസായ ഉദ്യോഗസ്ഥരുമായി പങ്കുവയ്ക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.



**ചീഫ് എഡിറ്റർ**

**ചീഫ് എഡിറ്റർ**
പി.എം. ഫ്രാൻസിസ് ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
വി.പി.അശ്വതി

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ഇന്ദിരാഭായി പിള്ള അമ്മ പി.എസ്.,
ലക്ഷ്മി എസ്., ക്ലാരമ്മ ജെയിംസ്,
സജീർ എസ്., സജി,
ഡി.എൽ. അനിതകുമാരി,
പി. ബാലകൃഷ്ണൻ,
ബേബി. വൈ

**പ്രതിനിധികൾ- തിരുവനന്തപുരം** : രഞ്ജിത്. സി. ഒ ● **കൊല്ലം** : അബ്ദുൾ സലാം ● **പത്തനംതിട്ട**: സി.എം. ഷാജഹാൻ ● **ആലപ്പുഴ** : യു. അജിത്കുമാർ ● **കോട്ടയം** : ആർ. സുരേഷ്ബാബു ● **ഇടുക്കി** : ദീപ ● **എറണാകുളം** : ഇ.എം. നാസർ ● **തൃശൂർ** : കെ.എസ്. കൃപകുമാർ ● **പാലക്കാട്** : ഡി.എസ്. ഷിബുകുമാർ ● **മലപ്പുറം** : കെ.റ്റി. അബ്ദുൾ മജീദ് ● **കോഴിക്കോട്** : കെ. രാധാകൃഷ്ണൻ ● **വയനാട്** : പി.ബി. സത്യജിത് ● **കണ്ണൂർ** : നിധിൻ ഇ.ആർ. ● **കാസർഗോഡ്** : റ്റി. ദിനേശൻ

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ:** 0471 2322789
**ഇമെയിൽ-** vyavasayakeralam@gmail.com
**വെബ്സൈറ്റ്-** www.keralaindustry.org

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.

**എ.സി. മൊയ്തീൻ**
വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി



## വ്യാവസായികവളർച്ചയ്ക്ക് ഊർജമേകി

# വ്യാപാർ 2017

സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് വ്യാപാർ- 2017 കേരള ബിസിനസ് ടു ബിസിനസ് മീറ്റ് സംഘടിപ്പിക്കുന്നത്. ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റയിൽസ്, ഫാഷൻ ഡിസൈനിംഗ്, ഫർണിഷിംഗ്, റബ്ബർ, കയർ, കരകൗശലം, ആയുർവേദം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് തുടങ്ങിയ സുപ്രധാന മേഖലകളിലെ ഉല്പന്നങ്ങളും സാങ്കേതിക വിദ്യകളും പരിപോഷിപ്പിക്കുക, സംസ്ഥാനത്തെ വ്യാവസായിക ഉല്പാദന ക്ഷമത പ്രദർശിപ്പിക്കുകയും, ബ്രാന്റ് ചെയ്തതും അല്ലാത്തതുമായ തനത് ഉല്പന്നങ്ങളെ അവതരിപ്പിക്കുകയും, നിലവിലുള്ള വ്യവസായങ്ങളെ നിലനിർത്തുകയും അവയുടെ വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്യുക, നിക്ഷേപകരിൽ താല്പര്യം സൃഷ്ടിക്കുക, സംസ്ഥാന സാമ്പത്തിക വളർച്ച വർദ്ധിപ്പിക്കുക ഒപ്പം വ്യവസായിക സംരംഭകത്വ മികവ്, തൊഴിൽ നൈപുണ്യം എന്നിവ ആഗോള സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കുകയും ചെയ്യുക എന്നിവയാണ് വ്യാപാർ 2017 ഈ പ്രാവശ്യം ലക്ഷ്യമാക്കുന്നത്. വ്യാവസായിക കേരളത്തിന്റെ മുന്നോട്ടുള്ള കുതിപ്പ് ലോകത്തിനു മുമ്പിൽ സാക്ഷ്യപ്പെടുത്തുകയാണ് ഈ മീറ്റ്.

ആഭ്യന്തര ഉല്പാദനത്തിന്റെ 60% വും ചെറുകിട ഇടത്തരം മേഖലയിലാണ്. ദേശീയ ശരാശരിയേക്കാൾ ഏറെ മുന്നിലെത്തിയ കേരളത്തിലെ ചെറുകിട വ്യവസായ മേഖല, ഗ്രാമ- നഗര വ്യത്യാസമില്ലാതെ സംസ്ഥാനത്തുടനീളം വ്യാപിച്ചു കിടക്കുകയും കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ നട്ടെല്ലായി പ്രവർത്തിച്ചു വരികയുമാണ്. ഒരു സാധാരണ സംരംഭകനെ സംബന്ധിച്ച് തന്റെ വ്യാവസായിക ഉല്പന്നത്തെ ദേശ- വിദേശ മാർക്കറ്റിൽ അഥവാ അവരുടെ പ്രതിനിധികളുടെ മുമ്പാകെ അവതരിപ്പിക്കുവാനുള്ള അവസരം ലഭ്യമാക്കി മാർക്കറ്റ് കണ്ടെത്തുന്നതിനും ലോക കമ്പോളത്തിലെ ചലനമനുസരിച്ച് തങ്ങളുടെ ഉല്പന്നങ്ങൾക്ക് ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഈ ഇടപെടലിലൂടെ സാധ്യമാവുന്നു.

ആധുനിക കാലഘട്ടത്തിൽ ഏത് മേഖലയിലും വ്യവസായ വൽകരണം ആകാമെന്ന സ്ഥിതിയാണ്. കാർഷിക- പരമ്പരാഗത മേഖലയടക്കം സമസ്തരംഗവും വ്യവസായ വൽകരണത്തിലേയ്ക്ക് നീങ്ങുന്ന കാലമാണിത്. പക്ഷേ ഈ ഉല്പന്നങ്ങൾ വൻ തോതിലുള്ള ഉല്പാദന വ്യവസായത്തിലൂടെ ഉണ്ടാകുന്നതുമല്ല. ഉല്പന്നങ്ങൾ എന്നതിന്റെ നിർവചനം പോലും മാറിയിരിക്കുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾ കാലോചിതമായി ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് മാറ്റാൻ കഴിയുന്നത് ചെറുകിട- ഇടത്തരം വ്യവസായങ്ങൾക്കാണ്.

ഇന്ന് വിദ്യാർത്ഥി സ്റ്റാർട്ടപ്പുകൾ പോലും ഇത്തരം ഉല്പന്നങ്ങളിലൂടെ കോടിക്കണക്കിന് രൂപയുടെ നിക്ഷേപവും വരുമാനവും ഉണ്ടാക്കുന്നു. ആധുനിക സാങ്കേതിക വിദ്യയുടെയും നൂതനമായ ആശയങ്ങളുടെയും കാലമാണിത്. ശതകോടികളുടെ നിക്ഷേപവും, ആയിരക്കണക്കിന് തൊഴിലാളികളും ഏക്കറു കണക്കിന് ഭൂമിയും ആവശ്യമായി വരുന്ന പരമ്പരാഗത വ്യവസായ സമീപനത്തേക്കാൾ ഏതാനും ലക്ഷങ്ങളുടെ നിക്ഷേപവും മികച്ച ആശയവും നൂതന സാങ്കേതിക വിദ്യയും കൈമുതലാക്കി ചെറുസംരംഭങ്ങൾക്ക് വൻനേട്ടം കൈവരിക്കാൻ ഇന്ന് കഴിയും. ആയതിനുള്ള സൗകര്യമൊരുക്കൽ കൂടിയാണ് വ്യാപാർ- 2017.

2017 ഫെബ്രുവരി രണ്ട് മുതൽ നാല് വരെ കൊച്ചി ബോൾഗാട്ടി പാലസിൽ നടന്ന മീറ്റിൽ 46 വിദേശ രാജ്യങ്ങളിൽ നിന്നുള്ള 160 പേർ ഉൾപെടുന്ന 683 ബയർമാർ രജിസ്റ്റർ ചെയ്തതിൽ അമേരിക്ക, ഇംഗ്ലണ്ട്, ചൈന, ഓസ്ട്രേലിയ, ദക്ഷിണാഫ്രിക്ക, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള 119 വിദേശ പ്രതിനിധികളുൾപെടെ 437 ബയർമാർ മേളയിൽ പങ്കെടുത്തു. കേരളത്തിലെ പ്രധാന സംരംഭകരുടെ 200 സ്റ്റാളുകളാണ് വ്യാപാറിൽ ഒരുക്കിയത്. ഏകദേശം 1000 കോടിയോളം രൂപയുടെ വ്യാപാര അന്വേഷണങ്ങൾ വ്യപാറിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിന് ഏറെ സഹായകരമാണ്.

യുവ തലമുറയെ തൊഴിലന്വേഷകരാക്കുന്നതിന് പകരം തൊഴിൽ ദാതാക്കളാക്കാനും സാധ്യമായ മുഴുവൻ സാങ്കേതിക അറിവുകളും ആശയങ്ങളും ഏകോപിപ്പിച്ച് ഏറ്റവും മികച്ച ഉല്പന്നങ്ങൾ നിർമിക്കുന്നതിന് കഴിവുറ്റവരാക്കാനും സാമ്പത്തികവും സാങ്കേതികവുമായ വിജയം ഓരോ സംരംഭകനും ഉറപ്പാക്കുവാനും ഈ മീറ്റിന് കഴിയും. വ്യാപാർ 2017 അതിനുള്ള ചുവടുവയ്പാകുമെന്നത് ഉറപ്പാണ്. അതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.




# സംരംഭകർക്ക് സാന്ത്വനമായി നാല് ഇ-ഗവേണൻസ് പദ്ധതികൾ

വ്യവസായം തുടങ്ങുന്നതിനു മുന്നോടിയായി സംരംഭകർ നേരിടുന്ന എല്ലാ ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിന് പുതിയ നിയമ നിർമാണം ഉൾപ്പെടെയുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോകുമെന്ന് വ്യവസായ- വാണിജ്യ വകുപ്പ് മന്ത്രി എ. സി. മൊയ്തീൻ പറഞ്ഞു. വിവര സാങ്കേതിക വിദ്യയുടെ വളർച്ച പൂർണമായി ഉപയോഗപ്പെടുത്തി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലവും കാര്യക്ഷമവുമാക്കുന്നതിനുള്ള ഇ-ഗവേണൻസ് പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതിപത്രങ്ങളും നേടിയെടുക്കുന്നതിന് സംരംഭകർ അനുഭവിക്കേണ്ടി വരുന്ന യാതനകളും കടമ്പകളും ഒരുപാടുണ്ട്. എല്ലാ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിച്ചു കൊണ്ട് പരിസ്ഥിതി സൗഹൃദപരമായ, സുതാര്യമായ നടപടികളാണ് പുതിയ നിയമ നിർമാണത്തിലൂടെ യാഥാർത്ഥ്യമാക്കാനാഗ്രഹിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ഇതിനായി വിവിധ വകുപ്പ് സെക്രട്ടറിമാരുമായി കൂടിയാലോചന നടത്തും. വ്യവസായ സൗഹൃദപരമായ അന്തരീക്ഷം ഇന്ന് സംസ്ഥാനത്ത് നിലവിലുണ്ട്. ഈ സാഹചര്യത്തെ പൂർണമായി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പുതിയ സംരംഭങ്ങൾക്കാണ് തുടക്കമിടേണ്ടത്. വിവിധ കാരണങ്ങൾ കൊണ്ട് ഒട്ടേറെ പ്രവാസി മലയാളികൾ തിരിച്ചെത്തുന്നുണ്ട്. അവരുടെ അമൂല്യമായ പ്രവർത്തന പരിചയവും സമ്പത്തും അല്പം പോലും പാഴാക്കാതെ ഇവിടെ ഉപയോഗിക്കാനാവണം. അഴിമതിരഹിതമായ സമീപനം അതിന് അത്യന്താപേക്ഷിതമാണെന്നും മന്ത്രി വ്യക്തമാക്കി. ജില്ലാ വ്യവസായ ഓഫീസുകളുടെ ശാക്തീകരണത്തിലൂടെ സംസ്ഥാനത്തെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്താനാവുമെന്ന് മന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു.

വ്യവസായ അഡീഷണൽ ചീഫ് സെക്രട്ടറി പോൾ ആന്റണി, സംസ്ഥാന വ്യവസായ വികസന കോർപറേഷൻ എം. ഡി. ഡോ. എം. ബീന, വ്യവസായ സ്പെഷ്യൽ സെക്രട്ടറി സഞ്ജയ് കൗൾ, വ്യവസായ വകുപ്പ് ഡയറക്ടർ പി. എം. ഫ്രാൻസിസ്, അഡീഷണൽ ഡയറക്ടർ എസ്. സുരേഷ് സംബന്ധിച്ചു.

ചെറുകിട ഇടത്തരം സംരംഭങ്ങൾക്കുള്ള ജിയോ പോർട്ടലായ വ്യവസായ ജാലകം, ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ഡാറ്റാ നെറ്റ്‌വർക്ക് ഏകീകരണം, വ്യവസായ-വാണിജ്യ ഡയറക്ടറേറ്റിന്റെ നവീകരിച്ച വെബ്സൈറ്റ്, വ്യാവസായികാവശ്യത്തിനുള്ള ഭൂമി സംബന്ധമായ ഇടപാടുകൾ സുതാര്യമായി കൈകാര്യം ചെയ്യാൻ സഹായിക്കുന്ന ലാൻഡ് മാനേജ്മെന്റ് സിസ്റ്റം പോർട്ടൽ (എൽ. എം. എസ്) എന്നിവ മന്ത്രി ഉദ്ഘാടനം ചെയ്തു.




# ഉദ്യോഗസ്ഥർ സംരംഭകരിലേയ്ക്ക്

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ കേരളത്തിന്റെ വ്യവസായ രംഗത്ത് വളരെ വലിയ ഒരു പങ്കാണ് വഹിക്കുന്നത്. നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും, ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ തദ്ദേശീയമായി ലഭ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമിക്കുന്നതിലും നിസ്തുലമായ സേവനമാണ് ചെറുകിട സംരംഭങ്ങൾ വഹിക്കുന്നത്. ഇവയുടെ പ്രവർത്തനത്തിന് ഉപകാരപ്രദമാവും വിധമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സംരംഭങ്ങളെ സംബന്ധിച്ച വിവരങ്ങൾ ആവശ്യമാണ്. എന്നാൽ നിലവിൽ സംരംഭങ്ങളുടെ ബാഹുല്യം നിമിത്തം കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് പ്രയാസം നേരിടുന്നുണ്ട്. കൂടാതെ വ്യവസായ വകുപ്പ് ഒരു നിയന്ത്രണ വകുപ്പല്ല, മറിച്ച് ഫെസിലിറ്റേഷനാണ്. അതുകൊണ്ട് ഉദ്യോഗസ്ഥർക്ക് അങ്ങോട്ട് ചെന്ന് വ്യവസായ ഉടമകളെ കാണേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് വ്യവസായ സംരംഭങ്ങളുടെ വിവര ശേഖരണത്തിനും, ഇവ നേരിടുന്ന പ്രതിബന്ധങ്ങളുടെ വിവരങ്ങൾ ശേഖരിക്കുവാനും വേണ്ടി എം. എസ്. എം. ഇ ജിയോ പോർട്ടൽ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

### എം. എസ്. എം. ഇ ജിയോ പോർട്ടൽ


ഈ പദ്ധതിപ്രകാരം വകുപ്പിലെ വ്യവസായ വികസന ഉദ്യോഗസ്ഥർ സംരംഭങ്ങൾ നേരിട്ട് സന്ദർശിച്ച് വിവര ശേഖരണം നടത്തും. ഇതിനായി ഒരു മൊബൈൽ ആപ്ലിക്കേഷന് രൂപം നൽകിയിട്ടുണ്ട്. ഇതുവഴി ഓരോ സംരംഭത്തിന്റെയും വിവിധ തലങ്ങളിലുള്ള 100 ൽ പരം വിവരങ്ങൾ ശേഖരിക്കും. കൂടാതെ ജി. പി. എസ് സംവിധാനം ഉപയോഗിച്ച് സംരംഭത്തിന്റെ സ്ഥാനം രേഖപ്പെടുത്തും. വ്യവസായ വകുപ്പിന്റെ വെബ്സൈറ്റിൽ സംരംഭകന് ഈ വിവരങ്ങൾ സ്വയം സമർപ്പിക്കുവാനും സാധിക്കും. ഇതുപ്രകാരം ലഭിക്കുന്ന വിവരം സംസ്ഥാനാടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ഒരു വ്യവസായ ഭൂപടം സജ്ജീകരിക്കും.

വരും വർഷങ്ങളിലെ പദ്ധതികൾ തയ്യാറാക്കുന്നതിനും, തൊഴിലാളികളുടെ സ്ഥിതി വിവര ശേഖരണം, സംരംഭങ്ങളുടെ പ്രയാസങ്ങൾ തുടങ്ങിയവ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും, ക്ലസ്റ്റർ അടിസ്ഥാനത്തിൽ വിവിധ പൊതുസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഗവൺമെന്റ് തലത്തിലുള്ള മറ്റ് വകുപ്പുകളുടെ പ്രവർത്തനത്തിനും ഇതു സഹായകമാകും. സംസ്ഥാനത്ത് ലഭ്യമായ വിവിധ വ്യവസായ പ്രോത്സാഹന സംവിധാനങ്ങൾ അതായത് വ്യവസായ എസ്റ്റേറ്റുകൾ, ഇൻക്യുബേഷൻ സെന്ററുകൾ, സാങ്കേതിക വിദ്യ നൽകുന്ന സ്ഥാപനങ്ങൾ, പ്രാദേശികമായി ലഭ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ, തൊഴിൽ നൈപുണ്യത (കയർ, കരകൗശലം, കൈത്തറി) മുതലായവയും ഇതിന്റെ ഭാഗമായി ലഭ്യമാക്കും.

### ജില്ലാ വ്യവസായകേന്ദ്രങ്ങളുടെ ഏകീകരണം

വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലേയും അടിസ്ഥാന സൗകര്യ വികസനം ആണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിലൂടെ ജില്ലാ ഓഫീസുകളിലെ ഓരോ ഫയൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനും കെസ്വാൻ സൗകര്യം ടെലഫോൺ, കണക്ടിവിറ്റി, യു. പി. എസ് പവർ എന്നിവ ഉറപ്പാക്കും. കെൽട്രോൺ വഴി നെറ്റ് വർക്കിംഗ്, യു. പി. എസ്. കേബിളിംഗ്, ടെലഫോൺ കേബിളിംഗ് എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി യു. പി. എസ്. നെറ്റ് വർക്ക് ഉപകരണങ്ങൾ, ഇ. പി. എ. ബി. എക്സ് തുടങ്ങിയവ കെൽട്രോൺ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്ന മുറയ്ക്ക് ഓഫീസുകളെ ബന്ധപ്പെട്ട കെസ്വാൻ ജില്ലാ നെറ്റ് വർക്ക് സെന്ററിലേയ്ക്ക് ബന്ധിപ്പിക്കുന്നതിനുള്ള പോയിന്റ് ടു പോയിന്റ് നാല് എം. ബി. പി. എസ് ലൈൻ ബി. എസ്. എൻ. എൽ സ്ഥാപിച്ചു നൽകും. തുടർന്ന് കെസ്വാൻ നെറ്റ് വർക്കുമായി ജില്ലാ വ്യവസായകേന്ദ്രങ്ങളെ കെൽട്രോൺ ബന്ധിപ്പിക്കുന്നതോടെ പദ്ധതി പൂർണമാകും.

എല്ലാ ജില്ലാ ഓഫീസുകളെയും ഇ–റെഡി ഓഫീസ് ആക്കി മാറ്റുക എന്ന ലക്ഷ്യം പൂർത്തീകരിക്കുകയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. കെസ്വാൻ നെറ്റ് വർക്കിലേയ്ക്ക് എല്ലാ ഓഫീസുകളെയും മാറ്റുന്നതോടെ ഗവൺമെന്റ്



Industry Registration

NAME AND LOCATION OF ENTERPRISE

Name of Enterprise * | Address of Enterprise *
State* Kerala | District* I-Select District-I
Taluk* I-Select Taluk-I | Block* I-Select Block-I
Panchayath* I-Select Panchayath-I | Village I-Select Village-I
Area*
Ward Number* | Building Number*
Survey Number | PIN code
Landline Number | Mobile Number*
Email | Website

CATEGORY AND ACTIVITY

Category* I-Select-I | Nature of activity* I-Select-I
Nature of operation* I-Select-I | Installation date
Commencement date* | Type of Organization* I-Select-I
If Other Specify | Cluster Name

Personal Data

Name of Entrepreneur * Enter Last Name Here. | Gender* I-Select-I
Social Category* I-Select-I | Age(As on current Date)*
Communication Address* Enter Address Here | Permanent Address (same as above)* Enter Address Here

Personal Data

Name of Entrepreneur * Enter Last Name Here. | Gender* I-Select-I
Social Category* I-Select-I | Age(As on current Date)*
Communication Address* Enter Address Here | Permanent Address (same as above)* Enter Address Here
Special category I-Select-I | Special category Other
Aadhar | PAN Card Number

PARTNERS/DIRECTORS DETAILS

Name | Gender Select | Equity Participation (%)
Add | Delete

INVESTMENT DETAILS

Land* I-Select-I | Extent in cents* | Investment (Rs Lakhs)*
Building* I-Select-I | Area in sqft* | Investment(Rs Lakhs*)
Investment in P&M(Rs in Lakhs*) | Other Equip value (Rs Lakhs)*
Foreign equity as percentage* | Total Investment(Rs Lakhs)*

ഇന്റർനെറ്റ് പോളിസിക്ക് അനുസൃതമായി തടസ്സങ്ങളില്ലാത്ത അതിവേഗ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാനാവും. ഇങ്ങനെ സംസ്ഥാന ഗവൺമെന്റ് നെറ്റ് വർക്കിലേയ്ക്കും അതിൽ നിന്ന് രാജ്യത്തിന്റെ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്കിലേയ്ക്കും ബന്ധിക്കപ്പെടുന്നു. കൂടാതെ വകുപ്പിൽ നടപ്പിലാക്കി വരുന്നതും സമീപ ഭാവിയിൽ നടപ്പിലാക്കാൻ പോകുന്നതുമായ ഓൺലൈൻ പദ്ധതികളായ ഇ. എസ്. എസ്., ഇ-ഓഫീസ്, മറ്റ് സോഫ്റ്റ് വെയറുകൾ, വീഡിയോ കോൺഫറൻസിംഗ് എന്നിവയുടെ നടത്തിപ്പിന് അടിസ്ഥാന സൗകര്യം ഉറപ്പാക്കാനും പദ്ധതി വഴിയൊരുക്കും.

## നവീകരിച്ച വെബ്സൈറ്റ് www.industry.kerala.gov.in

നിലവിലുള്ള വ്യവസായ വകുപ്പിന്റെ വെബ്സൈറ്റ് 10 വർഷം മുമ്പ് പ്രവർത്തനക്ഷമമായതാണ്. കാലോചിതമായ മാറ്റങ്ങൾ ലഭ്യമാക്കി പുതിയ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപെടുത്തി വെബ്സൈറ്റ് പൂർണമായും നവീകരിച്ചു കഴിഞ്ഞു. താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ പുതുതായി ശേഖരിച്ച് ഉൾപെടുത്തിയിട്ടുണ്ട്.

1. സംരംഭക സഹായ പദ്ധതി ഓൺലൈൻ വഴി സമർപിക്കൽ
2. വ്യവസായ വകുപ്പിൽ നിന്നും ലഭിക്കുന്ന സേവനങ്ങളായ ഏകജാലക സംവിധാനം, ബിസിനസ് ഇൻകുബേഷൻ സെന്റർ, വിവിധ പരിശീലന പദ്ധതികൾ, എം. എസ്. എം. ഇ അവാർഡ് തുടങ്ങിയവയെ സംബന്ധിച്ച വിവരങ്ങൾ.
3. പരമ്പരാഗത മേഖലയായ കരകൗശല മേഖലയെക്കുറിച്ചുള്ള വിവരങ്ങൾ.
4. 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും സൂക്ഷ്മ വെബ്സൈറ്റുകൾ.
5. വകുപ്പിന്റെ വിവിധ പദ്ധതികൾ ഓൺലൈൻ വഴി സമർപിക്കൽ (പി. എം. ഇ. ജി. പി., വ്യവസായ ഇൻകുബേഷൻ സൗകര്യം, വ്യവസായ ഭൂമി അപേക്ഷ സമർപണം മുതലായവ)

## ലാന്റ് മാനേജ്മെന്റ് സിസ്റ്റം

വ്യവസായ വകുപ്പിന്റെ കീഴിൽ 2500- ഓളം ഏക്കർ വ്യവസായ ഭൂമി ചെറുകിട സംരംഭങ്ങൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. ഈ എസ്റ്റേറ്റുകളിലായി 3000-ത്തോളം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ എസ്റ്റേറ്റുകളിൽ വ്യവസായ ഭൂമി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ഓൺലൈൻ ആയി സമർപിക്കുന്നതിനാണ് ലാന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നത്. ആദ്യഘട്ടമായി ജനുവരി മുതൽ പുതുതായി ഭൂമിക്കുള്ള അപേക്ഷ ഓൺലൈൻ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ. അടുത്ത ഘട്ടത്തിൽ മറ്റ് പ്രവർത്തനങ്ങളും ഓൺലൈൻ വഴി ആക്കും.

## അനുബന്ധ പദ്ധതികൾ

1. സംരംഭക സഹായ പദ്ധതിപ്രകാരം സഹായത്തിനുള്ള അപേക്ഷ നൽകുന്നതിനും തുടർന്ന് അപേക്ഷയുടെ ഓഫീസ് തലത്തിലുള്ള നടപടികളും പൂർണമായും ഓൺലൈൻ വഴി നടപ്പിലാക്കിക്കഴിഞ്ഞു. ഇതനുസരിച്ച് സംരംഭകന് അയാളുടെ അപേക്ഷയുടെ തൽസ്ഥിതി, അനുവദിച്ച തുക തുടങ്ങിയവിവരങ്ങൾ ഓൺലൈൻ വഴി അറിയാം.
2. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുവഴി പേപ്പർ ഫയലുകൾ പൂർണമായും ഒഴിവാക്കും.
3. എൽ. ഒ. ജി. ലൈസൻസ്, എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് എന്നീ അനുമതിപത്രങ്ങൾ ഓൺലൈനായി നടപ്പിലാക്കും.
4. ആസ്തി- വ്യവസായ വകുപ്പിലെ എല്ലാ ഇലക്ട്രോണിക് അസെറ്റുകളും ഈ കേന്ദ്രീകൃത സംവിധാനം വഴി നിയന്ത്രിക്കും.

# കയറ്റുമതിയിൽ സംസ്ഥാനത്തിന്റെ പങ്ക് അഞ്ച് ശതമാനമാക്കും

KSIDC



അടുത്ത അഞ്ച് വർഷത്തിനകം ഇന്ത്യയുടെ കയറ്റുമതിയിൽ കേരളത്തിന്റെ പങ്ക് അഞ്ച് ശതമാനത്തിലേയ്ക്ക് ഉയർത്തുന്നത് ലക്ഷ്യമിട്ടുള്ള പഠന റിപ്പോർട്ട് സംസ്ഥാന വ്യവസായ വികസന കോർപറേഷൻ (കെ. എസ്. ഐ. ഡി. സി) സർക്കാരിന് സമർപ്പിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം 480 കോടി ഡോളറിന്റെ കയറ്റുമതി രേഖപ്പെടുത്തിയ കേരളം ഏഴാം സ്ഥാനമാണ് നേടിയത്. കേരളത്തിന്റെ റാങ്കിംഗ് മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളാണ് പഠന റിപ്പോർട്ടിലുള്ളത്.


റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കയറ്റുമതി വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കും. കെ. എസ്. ഐ. ഡി. സി യും ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷനും ചേർന്നാണ് പഠനം നടത്തിയത്.

തിരുവനന്തപുരത്ത് വ്യവസായ മന്ത്രി എ. സി. മൊയ്തീന്റെ ചേംബറിൽ നടന്ന പരിപാടിയിൽ ചില കാർഷികോത്പന്നങ്ങളുടെ കയറ്റുമതിയിൽ കേരളത്തിന്റെ മേൽക്കൈ നഷ്ടപ്പെട്ടുവെന്ന് പഠനം വിലയിരുത്തി. കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്യുന്നവയിൽ 19 ഇനങ്ങൾ ആഗോള വിപണിയിൽ മത്സരക്ഷമതയുള്ളവ ആയിരുന്നു. സുഗന്ധ വ്യഞ്ജനങ്ങൾ, റബർ അധിഷ്ഠിത ഉത്പന്നങ്ങൾ, സുഗന്ധ തൈലങ്ങൾ, കയറുത്പന്നങ്ങൾ എന്നിവയിലേയ്ക്ക് മത്സരക്ഷമത ഒതുങ്ങിപ്പോയി. പച്ചക്കറികൾ, മത്സ്യം, മാംസം എന്നിവയാണ് കേരളത്തിന്റെ കയറ്റുമതിയിൽ പകുതിയും. ഈ സാഹചര്യത്തിൽ മത്സരക്ഷമതയുള്ള പുതിയ മേഖലകൾ കണ്ടെത്തണമെന്നും പഠനം ചൂണ്ടിക്കാട്ടുന്നു.

സമുദ്രോത്പന്നങ്ങൾ, പ്ലൈവുഡ്, വസ്ത്രം, റബർ, ചികിത്സാ ഉപകരണങ്ങൾ, ഭക്ഷ്യോത്പന്നങ്ങൾ എന്നീ മേഖലകളിൽ വൈവിദ്ധ്യവത്കരണം നടപ്പാക്കി നേട്ടം കൊയ്യാൻ കഴിയും. ആഗോള തലത്തിൽ ഡിമാന്റ് ഏറെയുള്ള ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, എഞ്ചിനീയറിംഗ് മേഖലകളെക്കൂടി ഉൾപെടുത്തി കേരളത്തിന്റെ കയറ്റുമതി രംഗം കൂടുതൽ വിശാലമാക്കണമെന്ന നിർദ്ദേശവും പഠനം മുന്നോട്ടു വയ്ക്കുന്നു.

# വെളിയിട വിസർജന മുക്ത സംസ്ഥാനം: കെ. എസ്. ഐ. ഡി. സി 50 ലക്ഷം നൽകി

സമ്പൂർണ വെളിയിട വിസർജനമുക്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് സംസ്ഥാന വ്യവസായ വികസന കോർപറേഷൻ (കെ. എസ്. ഐ. ഡി. സി.) സാമ്പത്തിക സഹായം നൽകും. കോർപറേഷന്റെ സി. എസ്. ആർ. പ്രവർത്തനങ്ങളുടെ ഭാഗമായി 50 ലക്ഷം രൂപ ശുചിത്വ മിഷന് കൈമാറി. കെ. എസ്. ഐ. ഡി. സി. മാനേജിംഗ് ഡയറക്ടർ ഡോ. എം. ബീനയിൽ നിന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ. വാസുകി ചെക്ക് ഏറ്റുവാങ്ങി.



മുഖ്യമന്ത്രി പിണറായി വിജയൻ, വ്യവസായ മന്ത്രി എ. സി. മൊയ്തീൻ സന്നിഹിതരായിരുന്നു.

# മികച്ച വായ്പാമേഖല കേരളത്തിൽ

സംസ്ഥാനത്തെ സഹകരണ മേഖല കള്ളപ്പണ കേന്ദ്രമല്ല എന്ന് റിസർവ് ബാങ്ക് ഔദ്യോഗികമായി വ്യക്തമാക്കിയത് സഹകരണമേഖലയ്ക്ക് കൂടുതൽ കരുത്ത് പകരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഏറ്റവും വലിയ അവമതിപ്പിനാണ് കേരളത്തിലെ സഹകരണമേഖല ഇരയായത്. ഈ മേഖലയാകെ കള്ളപ്പണക്കാരുടെ കേന്ദ്രമാണെന്നാണ് പ്രചരിപ്പിച്ചത്. ഈ സാഹചര്യത്തിൽ സഹകരണ മേഖലയുടെ വികാരം മനസ്സിലാക്കി നിലകൊണ്ടത് നബാർഡാണ്. സംസ്ഥാനത്തെ സഹകരണ മേഖലയുടെ ശക്തിയും ദൗർബല്യവും ശരിയായ രീതിയിൽ മനസ്സിലാക്കാൻ കഴിഞ്ഞ പ്രസ്ഥാനമാണ് നബാർഡ്. നബാർഡ് കേരള റീജ്യണൽ ഓഫീസ് സംഘടിപ്പിച്ച സ്റ്റേറ്റ് ക്രെഡിറ്റ് സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ഇന്ത്യയിലെ വായ്പാമേഖലയിൽ ഏറ്റവും മികച്ചത് കേരളത്തിലെ വായ്പാമേഖലയാണെന്നതിന് തർക്കമില്ല. ജനങ്ങളുമായുള്ള ആത്മബന്ധം സഹകരണ മേഖലയുടെ പ്രത്യേകതയാണ്. ആ ജനകീയ മുഖത്തിന്റെ ഭാഗമായാണ് നീതി സ്റ്റോറുകളും മറ്റും നടത്തുന്നത്. ജനകീയമായ കാര്യങ്ങൾ വേണ്ട, ബാങ്കിംഗ് ഇടപാടുകൾ മാത്രം മതിയെന്നാണ് പറയുന്നത്. അതു മാത്രമായാൽ ജനകീയ സ്ഥാപനമായി നിലനിൽക്കാനാവില്ല. ദേശീയ പ്രസ്ഥാനത്തിന്റെ കാലം മുതലുള്ള സഹകരണ സ്ഥാപനങ്ങളെ ശ്വാസം മുട്ടിക്കുന്നത് അംഗീകരിക്കാനാവില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ സംബന്ധിച്ച്, വായ്പ സാമ്പത്തിക വികസനത്തിന് നിർണായകമായ കാലഘട്ടമാണിതെന്ന് മുഖ്യ പ്രഭാഷണം നിർവഹിച്ച ധനമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞു. പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് വായ്പാധിഷ്ഠിത നിക്ഷേപം ആവശ്യമാണ്. ബജറ്റിന്റെ സാധ്യതകൾക്ക് പരിമിതിയുണ്ട്. നോട്ട് പിൻവലിക്കലിന്റെ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് ആറ് ശതമാനത്തിൽ താഴെയായിരിക്കും. സഹകരണ ബാങ്കുകൾക്ക് 24,000 രൂപയേ പിൻവലിക്കാൻ കഴിയൂ എന്ന നിബന്ധന അടിയന്തിരമായി പുന:പരിശോധിക്കണമെന്നും മന്ത്രി പറഞ്ഞു.

നബാർഡ് ചീഫ് ജനറൽ മാനേജർ വി. ആർ. രവീന്ദ്രനാഥ് അദ്ധ്യക്ഷനായിരുന്നു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റീജ്യണൽ ഡയറക്ടർ നരസിംഹ സ്വാമി, സംസ്ഥാനതല ബാങ്കിംഗ് സമിതി കൺവീനർ എൻ. ശിവശങ്കരൻ,കാത്തലിക് സിറിയൻ ബാങ്ക് എം. ഡി. സി. വി. ആർ രാജേന്ദ്രൻ, നബാർഡ് ഡി. ജി. എം ഉഷ. പി. ടി, ജനറൽ മാനേജർ പി.ബാലചന്ദ്രൻ സംബന്ധിച്ചു.

2017–18 ലെ വായ്പാ സാധ്യതകളും മേഖലകളും സംബന്ധിച്ച സ്റ്റേറ്റ് ഫോക്കസ് പേപ്പർ 2017–18 മുഖ്യമന്ത്രി പ്രകാശനം ചെയ്തു. മികച്ച പ്രകടനം കാഴ്ചവെച്ച സഹകരണ ബാങ്കുകൾക്കും കർഷക ഉത്പാദക സ്ഥാപനങ്ങൾക്കും കർഷക ക്ലബുകൾക്കുമുള്ള പുരസ്കാരങ്ങൾ ധനമന്ത്രി വിതരണം ചെയ്തു. കാർഷിക വിദഗ്ധൻ ആർ. ഹേലിയെ ചടങ്ങിൽ ആദരിച്ചു.



ANUKUMAR. M
9605092485

SKY
Enterprises

Office : 8th Unit, Ground floor of Port Users Complex, No.2,
Near Rubber Board Building, Cochin 3

Mfg : Building No.241 B, Nedumthanathu, Ayaparambu P.O
Haripad, Alappuzha Dist. 690 517 Phone : 0479 2319545
E-mail : startissues@gmail.com

MANUFACTURER FOR TISSUE PAPER & OTHER PAPER PRODUCTS



GURUVAYUR
ART & SCULPTURE
A UNIT OF
NEO DESIGN

Madhu & Santha
9745869822, 9387287525

Any type of Fibre Works



ജസീല അൽസനം




# കേരളത്തിന്റെ ഫുട്‌വെയർ ഹബ്ബായി കോഴിക്കോട്

വളരുക വാനോളം' അതാണ് റൈസിങ് കേരള. പാദരക്ഷാ നിർമാണത്തിൽ കേരളത്തെ പ്രത്യേകിച്ച് കോഴിക്കോട് ജില്ലയെ ഇന്ത്യയിൽ ഒന്നാമതായി വളർത്തിയെടുക്കുകയാണ് റൈസിങ് കേരളയുടെ ലക്ഷ്യം. കോഴിക്കോട് കടവ് റിസോർട്ടിനു സമീപം ഇക്കഴിഞ്ഞ ഡിസംബറിൽ നടന്ന അന്താരാഷ്ട്ര പ്രദർശനം അത് ശരിവെക്കുന്നതായിരുന്നു. പുതിയ സംരംഭകരെ ആകർഷിച്ചുവെന്ന് മാത്രമല്ല, പ്രദർശനം പാദരക്ഷാ നിർമാണ മേഖലയെ വൈവിധ്യവൽകരിക്കാനും സഹായിച്ചു. ഈ വളർച്ച മറ്റ് വ്യവസായമേഖലകളിലേക്കും വ്യാപിപ്പിക്കുകയാണ് റൈസിങ് കേരളയുടെ ലക്ഷ്യം. പാദരക്ഷാ നിർമാണം, ഭക്ഷ്യസംസ്കരണം, പ്ലാസ്റ്റിക്, വുഡ് ആൻഡ് ഫർണിച്ചർ, കെട്ടിടനിർമാണ സാമഗ്രികൾ, എൻജിനീയറിങ്, ഐടി എന്നീ മേഖലകളിലെ സംരംഭകർക്കാവശ്യമായ എല്ലാ ഭൗതിക ഘടകങ്ങളും ഒരു കുടക്കീഴിലൊരുക്കുന്നതായിരുന്നു പ്രദർശനം.

കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻ, കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഫൂട്ടെയർ ഇൻഡസ്ട്രീസ്, ഫൂട്ടെയർ ഡിസൈൻ ആൻഡ് ഡവലപ്മെന്റ് സെന്റർ എന്നിവ സംയുക്തമായാണ് പ്രദർശനത്തിനു ചുക്കാൻ പിടിച്ചത്. ഇന്ത്യയിൽനിന്നും വിദേശത്തുനിന്നുമുള്ള 237 കമ്പനികളുടെ 315 സ്റ്റാളുകൾ ഒരുക്കിയിരുന്നു. വിവിധ ഉൽപന്നങ്ങൾ നിർമിക്കാനാവശ്യമായ സാധന സാമഗ്രികളും യന്ത്രങ്ങളും യന്ത്രഭാഗങ്ങളുമൊക്കെ മേളയിൽ ഉണ്ടായിരുന്നു. യുഎസ്, ചൈന, ഇറ്റലി, ഇറാൻ, തയ്‌വാൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള 40 കമ്പനികൾ പങ്കെടുത്തു. പാദരക്ഷാ നിർമാണത്തിനുള്ള പോളി യൂറിത്തെയ്ൻ മുതൽ മോൾഡിങ് മെഷീനുകൾ വരെ പ്രദർശനത്തിനെത്തി. ഫുഡ് പ്രോസസിങ് സ്റ്റാളുകളിൽ ഭക്ഷ്യവസ്തുക്കളുടെ സംസ്കരണം മുതൽ പായ്ക്കിങ്



വരെ നടത്താനുള്ള സാമഗ്രികളും യന്ത്രങ്ങളും കാണാം. കേരളത്തിൽ പാദരക്ഷാ നിർമാണരംഗം കൈവരിച്ച വളർച്ച മറ്റു സംരംഭങ്ങൾക്കും ലഭ്യമാക്കുക എന്നതാണ് പ്രദർശനത്തിന്റെ ലക്ഷ്യം. പ്രദർശനത്തിന്റെ ഭാഗമായുള്ള തീം പവലിയനിൽ ഒരുക്കിയ പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റുകൾ കാണാൻ വിദ്യാർഥികളടക്കം ഒട്ടേറെപ്പേർ എത്തി. പ്ലാസ്റ്റിക് മാലിന്യം പൊടിച്ച് ഉപയോഗപ്രദമായ ഗ്രാന്യൂളുകളാക്കുന്നതും പ്ലാസ്റ്റിക്കിൽനിന്ന് പാചകവാതകം, ലൈറ്റ് ഡീസൽ ഓയിൽ എന്നിവ ഉണ്ടാക്കുന്നതും നേരിട്ടുകാണാനുള്ള അവസരമുണ്ടായിരുന്നു. സംസ്ഥാന സർക്കാർ വ്യവസായ വകുപ്പിൻെറ സഹകരണത്തോടുകൂടിയായിരുന്നു മേള നടത്തിയത്. ഫൂട്വെയർ, ഫുഡ്, എഞ്ചിനീയറിംഗ്, പ്ലാസ്റ്റിക്, വുഡ്, ബിൽഡിംഗ്, ഐടി ഇങ്ങനെ ഏഴു സെക്ടറുകളാണ് പങ്കെടുത്തത്. നിലവിലുള്ള വ്യവസായത്തിന്റെ വളർച്ചയും, പുതിയ സംരംഭകരുടെ ആത്മവിശ്വാസവും വർദ്ധിപ്പിക്കുക എന്നതാണ് മേളയിലൂടെ ലക്ഷ്യമിട്ടത്. വിവിധ വിഷയങ്ങളെ സംബന്ധിച്ച സെമിനാറുകൾ, മോട്ടിവേഷൻ പ്രോഗ്രാം, പരിശീലനങ്ങൾ, തുടങ്ങിയ പരിപാടികളും മേളയോടനുബന്ധിച്ചു നടത്തി.

## റൈസിങ് കേരളയുടെ നേട്ടം

പാദരക്ഷാ നിർമാണ രംഗത്ത് 50 ചെറുകിട വ്യവസായ യൂണിറ്റുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് 150 ലേറെ പുതിയ കമ്പനികൾ ഉണ്ടായി എന്നതാണ് റൈസിങ് കേരളക്കു ശേഷം വന്ന പ്രധാന മാറ്റം. മുമ്പ് ഡൽഹിയിലൊക്കെ പോയായിരുന്നു പാദരക്ഷകൾ നിർമിക്കാനാവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിച്ചിരുന്നത്. മെഷിനറികൾ വിദേശത്തു നിന്നു കൊണ്ടുവരും. റൈസിങ് കേരളക്കു ശേഷം, മറ്റ് സ്ഥലങ്ങളിൽ ലഭ്യമാകുന്ന അതേവിലയ്ക്ക് അസംസ്കൃത വസ്തുക്കൾ നിർമാതാക്കൾക്ക് ലഭിക്കാൻ തുടങ്ങി. വിവിധ രാജ്യങ്ങളിൽ നിന്നുള്ള മെഷിനറികളും കയ്യെത്തും ദൂരത്തെത്തി. ഇങ്ങനെ വലിയൊരു സാധ്യതയായിരുന്നു റൈസിങ് കേരള ചെറുകിട യൂനിറ്റുകൾക്കു മുന്നിൽ തുറന്നിട്ടത്. അങ്ങനെ വിരലിൽ എണ്ണാവുന്നരിൽ നിന്ന് ഏകദേശം 200 ഓളം ഫുട്വേയർ നിർമാതാക്കളുണ്ടായി. അതായത് ഫൂട്വെയർ വ്യവസായരംഗത്ത് പുതിയ അധ്യായം രചിക്കുകയായിരുന്നു റൈസിങ് കേരള.

## ചരിത്രം

KSSIA യുടെ നേതൃത്വത്തിൽ 2006 മുതൽ നടത്തിവരുന്ന അന്താരാഷ്ട്ര ഫൂട്വെയർ എക്സിബിഷനുകൾ ഫുട്വേയർ വ്യവസായം ഇന്നു കാണുന്ന രീതിയിലേക്ക്






എത്തിക്കുന്നതിൽ ഒരു പരിധി വരെ സഹായിച്ചു. എണ്ണത്തിലെ വളർച്ച മാത്രമായിരുന്നില്ല ഗുണപരമായി തീർന്നത്. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ എക്സിബിഷനുകളിലൂടെ കാണാനും അറിയാനുമുണ്ടായ സൗകര്യങ്ങൾ തങ്ങളുടെ വ്യവസായത്തിന് ഉപയോഗിക്കുക കൂടി ചെയ്തതോടെ ഈ മേഖലയിലുണ്ടായ നേട്ടങ്ങൾ എടുത്ത് പറയാവുന്ന ഒന്നായി മാറുകയും ചെയ്തു.

ഫൂട്വെയർ വ്യവസായത്തിലെ ഈ വളർച്ച മറ്റു വ്യവസായങ്ങളിലേക്കു കൂടി എത്തിക്കുക എന്നത് മറ്റു വ്യവസായങ്ങൾ നടത്തുന്ന വ്യവസായികളുടെ ആവശ്യമായി മാറിയപ്പോൾ KSSIA, CIFI, FDDC എന്നീ സംഘടനകളുടെ ആശയത്തിൽ ഉയർന്നു വന്നതായിരുന്നു റൈസിംഗ് കേരള 2014 എന്ന ഉദ്യമം. ഇത് ഫൂട്വെയർ, ഫുഡ്, എഞ്ചിനിയറിംഗ്, പ്ളാസ്റ്റിക്, വുഡ്&ഫർണ്ണിച്ചർ, ബിൽഡിംഗ്, ഐടി എന്നിങ്ങനെ ഏഴു സെക്ടറുകളെ ഒരു കുടക്കീഴിൽ കൊണ്ടുവന്നുകൊണ്ടായിരുന്നു ആസൂത്രണം ചെയ്തത്. CALICUT KSSIA INFRASTRUCTURE TRUST ന്റെ നേതൃത്വത്തിൽ 2014 നവംബർ 25,26 തിയ്യികളിലായി കോഴിക്കോട് സ്വപ്നനഗരിയിൽ വെച്ച് 'റൈസിംഗ്കേരള 2014' ഇന്ത്യ ഇന്റർനാഷണൽ എക്സിബിഷൻ എന്ന പേരിൽ നടത്തുകയുണ്ടായി. റൈസിംഗ് കേരള 2014 ൻെറ വൻ വിജയത്തെ തുടർന്ന് രണ്ട് വർഷത്തിൽ ഒരിക്കൽ റൈസിംഗ് കേരള നടത്തണമെന്ന് തീരുമാനിച്ചു. ഇതാണ് റൈസിങ് കേരള 2016 ലേക്ക് നയിച്ചത്.

## സെമിനാറുകൾ

ഫൂട്വെയർ നിർമ്മാണ മേഖലയിലെ വരാനിരിക്കുന്ന സാധ്യതകൾ, പുതിയ ടെക്നോളജിയുടെയും മറ്റു മേഖലകളിലേക്ക് പോളീ യൂറിത്തീൻെറ ഉപയോഗം, നവീന ബിസിനസ് സാധ്യതകൾ എന്നിവയെപ്പറ്റി സെമിനാറുകൾ നടന്നു. മൂല്യവർദ്ധിത ഉൽപന്നമായി ഏറ്റവും സോഫ്റ്റും, എന്നാൽ ആകർഷകവുമായ പുതുമയുളള രീതികൾ സ്വീകരിക്കേണ്ടതിൻെറ ആവശ്യകതയും ചർച്ചയായി. ഫുട്വെയറുകൾക്ക് ഉപയോഗിക്കുന്ന അസംസ്കൃതവസ്തുവായ പോളിയുറിത്തീൻ ഉപയോഗിച്ച് ഫൂട്വെയർ നിർമ്മിക്കാനുപയോഗിക്കുന്ന അതേ മെഷീനിൽ ടെന്നീസ്ബോൾ, കിടക്കകളുൾപ്പെടെ മറ്റു പ്രോഡക്ടുകളുടെ നിർമ്മാണത്തിനുപയോഗിക്കാവുന്ന പുതിയ സാങ്കേതിക വിദ്യ സെമിനാറുകളിൽ അവതരിപ്പിച്ചു. പ്രദർശനത്തോടനുബന്ധിച്ചു നടന്ന ജോബ് ഫെസ്റ്റിലും നിരവധി പേർ പങ്കെടുത്തു.

## ജോബ് ഫെസ്റ്റ്

ജിടെക് കമ്പ്യൂട്ടർ സെന്റർ, മലബാർ ചേംബർ ഓഫ് കൊമേഴ്സ് എന്നിവരുമായി കൂടിചേർന്നു നടന്ന ജോബ്ഫെസ്റ്റിൽ 3352 ഓളം ഇന്റർവ്യൂകളാണ് നടന്നത്. കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ നിന്നാണ് കൂടുതലും പേർ എത്തിചേർന്നത്. ലാൻഡ്മാർക്ക്, തായ്ഗ്രൂപ്പ്, കൈരളി ടിഎംടി, ജോയ് ആലുക്കാസ്, ഭീമ ജ്വല്ലറി, മലബാർഗ്രൂപ്പ്, ഹൈ-ലൈറ്റ്,പാരിസസ്,യൂറോ ടെക്, ഇൻഡസ് മോട്ടോഴ്സ്, ഐടി മേഖലയിൽ നിന്ന് സൈബ്രോസീസ്, ആസ്റ്റർമിസ്, തുടങ്ങി 40-ഓളം വ്യവസായ, ഐടി ഗ്രൂപ്പുകൾ ജോബ്ഫെസ്റ്റിൽ പങ്കെടുത്തു. 617 പേർ പ്രാഥമിക ലിസ്റ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.186 പേരെ നേരിട്ട് വിവിധ സ്ഥാപനങ്ങൾ റിക്രൂട്ട് ചെയ്തു.

## അന്താരാഷ്ട്ര വ്യവസായ പ്രദർശനം

റൈസിംഗ് കേരള 2016 ഇന്റർനാഷണൽ ഇൻഡസ്ട്രീയൽ എക്സിബിഷൻ ഗതാഗതവകുപ്പ് മന്ത്രി എകെ ശശീന്ദ്രൻ, അഴിഞ്ഞിലം കടവ് റിസോർട്ടിന് മുൻവശമുളള എക്സിബിഷൻ ഗ്രൗണ്ടിൽ ഉദ്ഘാടനം ചെയ്തു. രാജ്യാന്തരമായി പ്രസക്തരായ മെഷിനറി മെറ്റീരിയൽ നിർമ്മാതാക്കളാണ് 312 സ്റ്റാളുകളിലായി റൈസിംഗ് കേരളയ്ക്ക് വേണ്ടി മൂന്നു ദിവസത്തെ പ്രദർശനത്തിനായി കോഴിക്കോട് എത്തിച്ചേർന്നത്. ചൈന, തായ്വാൻ, ഇറ്റലി, യുറോപ്പ് എന്നീ വിദേശ രാജ്യങ്ങളിൽ നിന്ന് വിവിധ കമ്പനികളുടെ 40-ഓളം സ്റ്റാളുകളടക്കം 226 പ്രതിനിധികളാണ് പ്രദർശനത്തിൽ പങ്കെടുത്തത്. ഫൂട്ടയർ നിർമ്മാണ മേഖലയിൽ പുതുതായി വ്യവസായം തുടങ്ങാനുദ്ദേശിക്കുന്ന ഒരാൾക്ക് ആവശ്യമായ എല്ലാ ഘടകങ്ങളും പ്രദർശനത്തിലുണ്ടായിരുന്നു. കൂടാതെ ഫുഡ്, വുഡ്, ഐടി, ജനറൽ എഞ്ചിനിയറിംഗ് എന്നീ മേഖലകളിലായി 87 സ്റ്റാളുകൾ കേരളത്തിനു പുറത്തുള്ള മെഷീൻ, മെറ്റീരിയൽ നിർമ്മാതാക്കൾ തയ്യാറാക്കി. പ്ളാസ്റ്റിക്ക് തീംപവലിയൻ ഉപയോഗ ശൂന്യമായ പ്ളാസ്റ്റിക്ക് റീ സൈക്കിളിംഗ് നടത്തി പുതിയ ഉല്പന്നം നൽകുന്ന പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും, വിദ്യാർത്ഥികൾക്കും കൗതുകമായി.

## വ്യവസായ നയം ഉടൻ– മുഖ്യമന്ത്രി

വ്യവസായനയം ഉടൻ പ്രഖ്യാപിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നേരത്തെ പ്രഖ്യാപിക്കാനിരുന്നതായിരുന്നുവെങ്കിലും പല കാരണങ്ങളാൽ നീണ്ടുപോകുകയായിരുന്നുവെന്നും ഇനി അധികം വൈകാതെ വ്യവസായനയം പ്രഖ്യാപിക്കുമെന്നും കോഴിക്കോട് ഹൈലൈറ്റ് ബിസിനസ് പാർക്കിൽ നടന്ന 'റൈസിംഗ് കേരള 2016' സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കവെ മുഖ്യമന്ത്രി വ്യക്തമാക്കി. നയം പ്രഖ്യാപിക്കുന്നതോടെ വ്യവസായികളുടെ എല്ലാ ആശങ്കകൾക്കും പരിഹാരമാകും. വ്യവസായ സംരംഭകർ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ ലഘൂകരിക്കുമെന്നും ഇതിനായി ചട്ടം ഭേദഗതി ചെയ്ത് ഒരു വർഷത്തിനകം പ്രാവർത്തികമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വ്യവസായ സ്ഥാപനങ്ങൾക്ക് മുപ്പതോളം ലൈസൻസ് ആവശ്യമാണെന്ന സാഹചര്യത്തിൽ ഇതിനായി ഏകജാലക സംവിധാനം കൊണ്ടുവരും. വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ വ്യത്യസ്ത ലൈസൻസുകൾക്ക് ഒറ്റ അപേക്ഷ മതിയെന്ന തീരുമാനമുണ്ടാകും.നടപടിക്രമങ്ങളും സങ്കീർണ്ണതകളും ലഘൂകരിക്കും.ചുവപ്പുനാട അഴിക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. അഞ്ചുവർഷം കൊണ്ട് അമ്പതിനായിരം കോടി രൂപയുടെ നിക്ഷേപം കേരളത്തിലെത്തിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വ്യവസായ വികസനത്തിനായി പൊതുസ്വകാര്യ പങ്കാളിത്തത്തെ പ്രോത്സാഹിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. വ്യവസായ എസ്റ്റേറ്റുകൾക്ക് സാങ്കേതിക അനുമതിയും വ്യവസായങ്ങൾ തുടങ്ങാൻ ഭൂമിയും നൽകുന്നത് സംബന്ധിച്ച് ഉന്നയിക്കപ്പെട്ട ആവശ്യങ്ങൾ പരിശോധിച്ച് നടപടിയെടുക്കും. നവസംരംഭകർക്ക് സർക്കാർ പ്രാമുഖ്യം നൽകും. അതേസമയം സംസ്ഥാനത്തിന്റെ സ്ഥലപരിമിതി സംരംഭകർ മനസ്സിലാക്കണം. ചോദിക്കുന്ന സംരംഭകർക്കെല്ലാം വ്യവസായം തുടങ്ങാനായി ലഭ്യമാക്കാൻ സർക്കാരിന്റെ കൈവശം ഭൂമിയില്ല. സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകാൻ ബന്ധപ്പെട്ട വകുപ്പുകൾക്കും ഏജൻസികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കെ എസ് ഐ ഡി സിയെ വ്യവസായസംബന്ധ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ ലഘൂകരിച്ച് വ്യവസായങ്ങൾ തുടങ്ങാൻ ഒരൊറ്റ അപേക്ഷ മതി എന്ന് തീരുമാനമെടുക്കും. ചട്ടം ഭേദഗതി ചെയ്ത് അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

കോഴിക്കോട് കോർപറേഷൻ മേയർ തോട്ടത്തിൽ രവീന്ദ്രൻ അധ്യക്ഷനായിരുന്ന ചടങ്ങിൽ വി കെ സി മമ്മദ്കോയ എം എൽ എ, എ പ്രദീപ്കുമാർ എം എൽ എ, കെ എസ് ഐ ഡി സി എം ഡി ഡോ. എം ബീന, എം ഖാലിദ്, വി കെ സി നൗഷാദ്, പി എം എ ഗഫൂർ, പി വി നിധീഷ്ചന്ദ്രൻ, അനിൽകുമാർ പങ്കെടുത്തു.


KBM
Offset
Printing
Press

Near GHSS Chavakkad
Thrissur 680506

Ph: 9567111911

# പ്രിന്ററുകൾക്കും സ്കാനറുകൾക്കും 60% ഡിപ്രീസിയേഷൻ



പലർക്കും സംശയമുള്ള ഒരു കാര്യമാണിത്. പ്രിന്ററുകളും സ്കാനറുകളും ഓഫീസ് ഉപകരണങ്ങൾ ആണോ അവയെ കമ്പ്യൂട്ടറിന്റെ ഭാഗങ്ങളായി പരിഗണിച്ച് ഉയർന്ന നിരക്കിൽ ഡിപ്രീസിയേഷൻ (60%) അവകാശപ്പെടാമോ എന്നതാണ് കാതലായ പ്രശ്നം. നികുതിവകുപ്പ് പല കേസുകളിലും ഇവയെ ഓഫീസ് ഉപകരണങ്ങൾ എന്ന നിലയിൽ പരഗണിച്ച് 10% നിരക്കിൽ മാത്രമേ അനുവദിക്കാറുള്ളൂ എന്നത് ഇവിടെ ചൂണ്ടിക്കാണിക്കട്ടെ. എന്നാൽ താഴെ പറയുന്ന കേസിലുള്ള ട്രിബ്യൂണൽ വിധി ശ്രദ്ധയിൽ പെടാത്തതു കൊണ്ടോ നികുതി തുകയിൽ സാരമായ വർദ്ധനവ് വരാത്തതു കൊണ്ടോ പല നികുതിദായകരും ഈ നിലപാടിനെ ചോദ്യം ചെയ്യാറില്ല എന്നതാണ് വാസ്തവം. ACIT Vs Container Corporation of India Ltd എന്ന കേസിൽ ഇൻകം ടാക്സ് ട്രിബ്യൂണൽ ഡൽഹി ബി ബെഞ്ച് ഇക്കാര്യത്തിൽ നികുതിദായകർക്കു അനുകൂലമായ വിധി 2009 ൽ തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. (ITA Nos. 2851 & 3680/Del/2007- വിധിയുടെ തീയതി: 27.02.2009).

കമ്പ്യൂട്ടർ പ്രിന്ററുകളും സ്കാനറുകളും കമ്പ്യൂട്ടർ പെരിഫറൽസ് എന്ന ഗണത്തിൽ ഉൾപ്പെടുന്നുവെന്നും അവയ്ക്ക് കമ്പ്യൂട്ടറിൽ നിന്നും വേറിട്ട് പ്രവർത്തിക്കാനാവില്ല എന്നും ഈ വിധിയിൽ അസന്നിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിനാൽ അവയെ വെറും ഓഫീസ് ഉപകരണങ്ങൾ എന്ന നിലയിൽ കണക്കാക്കി 10% നിരക്കിൽ മാത്രം ഡിപ്രീസിയേഷൻ നൽകുന്നത് ന്യായീകരിക്കാനാവില്ല എന്നാണു വിധിയിൽ പറഞ്ഞിരിക്കുന്നത്. കൽക്കട്ട ഹൈക്കോടതി ജോക്കൈ ഇന്ത്യ ലിമിറ്റഡ് 251 ഐ.റ്റി. ആർ 39 എന്ന കേസിൽ പുറപ്പെടുവിച്ചിട്ടുള്ള സമാനവിധിയെ ആസ്പദമാക്കിയാണ് ഈ ട്രിബ്യൂണൽ വിധി എന്നതിനാൽ നികുതി വകുപ്പും ഇതു സംബന്ധിച്ച ഒരു സർക്കുലർ പുറപ്പെടുവിക്കേണ്ടതാണ്. കേരള ഹൈക്കോടതി ഇതേവരെ ഇതു സംബന്ധിച്ച ഒരു വിധി പുറപ്പെടുവിച്ചിട്ടില്ല എന്നതിനാലും സുപ്രീം കോടതിയിൽ ഈ സംഗതി ഉയർത്തപ്പെട്ടിട്ടില്ല എന്നതിനാലും കേരളത്തിലെ ആദായനികുതി അധി

കാരികൾക്ക് ഇതുപ്രകാരം പ്രവർത്തിക്കാൻ സാങ്കേതികമായി ബാധ്യതയില്ല. പക്ഷെ അപ്പീൽ കമ്മീഷണർമാർക്കും കേരളത്തിലെ ഇൻകം ടാക്സ് ട്രിബ്യൂണലിനും ഇക്കാര്യത്തിൽ സഹായകരമായ നിലപാട് എടുക്കാനാവും. അതിനായി ഏതെങ്കിലും ഒരു നികുതിദായകൻ അപ്പീലുമായി ചെന്നാലേ പറ്റൂ.

അങ്ങനെയാണെങ്കിൽ ഫോട്ടോസ്റ്റാറ്റ് യന്ത്രത്തിനും ഈ വിധി ബാധകമാണോ എന്ന ഒരു ചോദ്യം ഉയർന്നേയ്ക്കാം. അല്ല എന്ന് ഉത്തരം നൽകേണ്ടി വരും. കാരണം, ഫോട്ടോസ്റ്റാറ്റ് യന്ത്രം കമ്പ്യൂട്ടറിനോട് ബന്ധിപ്പിക്കാതെയും പ്രവർത്തിപ്പിക്കാൻ സാധിക്കും എന്നതുതന്നെ കാരണം. അതുപോലെ തന്നെ ഇലക്ട്രിക് ടൈപ്പ് റൈറ്ററുകളും ഓഫീസ് ഉപകരണം എന്ന നിലയിൽ മാത്രമേ പരിഗണിക്കാനാകൂ. എന്നാൽ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറുകൾക്ക് ബാധകമായ ഡിപ്രീസിയേഷൻ നിരക്ക് 60 ശതമാനമാണ്. ഇനി എന്താണ് ഡിപ്രീസിയേഷൻ എന്നുകൂടി പറയാം. ബിസിനസ്സ് നടത്തുമ്പോൾ വേണ്ടി വരുന്ന ചെലവുകളെ രണ്ടായി തരംതിരിക്കാം.

## 1. റവന്യൂ ചെലവുകൾ

ആസ്തിയായി ഒന്നും അവശേഷിക്കാതെ വരുന്ന ചെലവുകളെയാണ് റവന്യൂ ചെലവുകൾ എന്നു പറയുന്നത്. ഉദാഹരണം: ശമ്പളം, വാടക, ഇന്ധനം, ഇലക്ട്രിസിറ്റി ചാർജ് മുതലായവ. ചുരുക്കി പറഞ്ഞാൽ ബിസിനസ്സ് നടത്തിക്കൊണ്ടു പോകാൻ വേണ്ടിവരുന്ന ദൈനംദിന ചെലവുകൾ എല്ലാംതന്നെ ഈ ഗണത്തിൽപെടും.

## 2. ക്യാപ്പിറ്റൽ ചെലവുകൾ

ബിസിനസിന് വേണ്ടിവരുന്ന ആസ്തികൾ ആണിവ. ഉദാഹരണം: ഭൂമി, കെട്ടിടം, യന്ത്രസാമഗ്രികൾ തുടങ്ങിയവ. ബിസിനസിന്റെ മൊത്തം വരവിൽ നിന്നും റവന്യൂ ചെലവുകൾ കുറച്ചാണ് ഒരു വർഷത്തെ ലാഭമോ നഷ്ടമോ എത്രയാണെന്ന് കണക്കാക്കുന്നത്. ക്യാപ്പിറ്റൽ ചെലവുകൾ ഇങ്ങനെ കുറയ്ക്കാവുന്നതല്ല. കാരണം, പ്രസ്തുത ചെലവുകൾ മൂലം അവശേഷിക്കപ്പെടുന്ന ആസ്തികൾ പിന്നീടുള്ള വർഷങ്ങളിലും ഉപയോഗിക്കാവുന്നതാണ് എന്നതുതന്നെ. ബിസിനസ്സിനായി ഒരു ലോറി വാങ്ങിയാൽ അത് ക്യാപ്പിറ്റൽ ചെലവാണ്. എന്നാൽ ലോറിയിൽ ഉപയോഗിക്കുന്ന ഡീസൽ, ഡ്രൈവറുടെ ശമ്പളം, മുതലായവ റവന്യൂ ചെലവും.

ക്യാപ്പിറ്റൽ ചെലവുകൾ അതതു വർഷംതന്നെ എഴുതിത്തള്ളാവുന്നതല്ലല്ലോ. എന്നാൽ ഉപയോഗം കൊണ്ടോ കാലപ്പഴക്കം കൊണ്ടോ പ്രസ്തുത ആസ്തികൾക്കു മൂല്യശോഷണം സംഭവിക്കുന്നുണ്ടുതാനും. ഇതിനൊരു പരിഹാരം എന്ന നിലയിലാണ് ആസ്തികളുടെ പ്രതീക്ഷിക്കപ്പെടുന്ന ആയുസ്സിനെ ആസ്പദമാക്കി ഡിപ്രീസിയേഷൻ അഥവാ തേയ്മാന ചെലവ് ഓരോ വർഷവും അനുവദിക്കപ്പെടുന്നത്.


Manufacturer of ready to eat food items

**STAR FOOD PRODUCTS**

*Thamarayoor*

Guruvayoor

**VELLEPPAM, IDIYAPPAM, IDLY, CHAPPATHY, PATHIRI**

*robycheeran@rediffmail.com*

PH: 9846504694, 0487 2501085

ലോറൻസ് മാത്യു



ജി. എഫ്. ആർ. ജി. പാനൽ

# നിർമാണ രംഗത്തെ വ്യവസായ സാധ്യതകൾ


എന്നും നിലയ്ക്കാതെ തുടരുന്നതും എന്നാൽ നിരന്തരമായി പുത്തൻ പരീക്ഷണങ്ങൾ നടക്കുന്നതുമായ ഇടമാണ് കെട്ടിട നിർമാണമേഖല. സംഘടിതവും അസംഘടിതവുമായ നിരവധി തൊഴിലാളികൾ ഉള്ള രംഗം. അതിനാൽതന്നെ ഈ മേഖലയുമായി ബന്ധപ്പെട്ട് നിരവധി ചെറുകിട വ്യവസായങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ രംഗത്ത് സംഭവിക്കുന്ന മാറ്റങ്ങൾ പ്രതിഫലിക്കുന്നത് ഇത്തരം വ്യവസായങ്ങളിലും കൂടിയാണ്. കയ്യിൽ കാൽക്കാശില്ലായെങ്കിലും ബാങ്കുകൾ ലോൺ നൽകുവാൻ തയ്യാറാണെങ്കിൽ ആഡംബര വസതികൾ കെട്ടിപ്പൊക്കുവാൻ യാതൊരു മടിയുമില്ലാത്ത മലയാളി സ്വന്തം ഭവനം മറ്റുള്ളവരുടേതിനെക്കാളും മികച്ചതാവണമെന്ന ചിന്ത കൂടെയുള്ളപ്പോൾ വ്യത്യസ്തതയ്ക്ക് വേണ്ടി ഏതറ്റം വരെ പോകുവാനും തയ്യാറാകുമെന്നതാണ് വസ്തുത. അതുകൊണ്ടു തന്നെ ഈ മേഖലയിൽ സംഭവിക്കുന്ന സാങ്കേതിക മാറ്റങ്ങളോട് സമൂഹം വളരെ പെട്ടെന്ന് പ്രതികരിക്കുമെന്നതാണ് സത്യം.

ഇന്ന് ഏറെ പരീക്ഷണങ്ങൾ നടക്കുന്ന ഒന്നാണ് കെട്ടിട നിർമാണ മേഖല. അതിനനുസരിച്ച് നിരവധി പുതിയ സംരംഭകത്വ സാധ്യതകളും ഉടലെടുത്തുകൊണ്ടിരിക്കുന്നു. പുത്തൻ നിർമാണ സാമഗ്രികളും നിർമാണ രീതികളുമായി സാങ്കേതിക വിദ്യയുടെ കടന്നുകയറ്റം ഈ രംഗത്ത് വളരെ ശക്തമാണ്. പുത്തൻ നിർമാണ സാമഗ്രികൾ ഉപയോഗിക്കപ്പെടുമ്പോൾ അവയുടെ നിർമാണവും മറ്റുമായി നിരവധി പുതിയ അനുബന്ധ വ്യവസായങ്ങളുമുടലെടുക്കുന്നുണ്ട്. ആശയങ്ങളിലും സാങ്കേതിക വിദ്യയിലും മാറ്റങ്ങളുണ്ടാകുമ്പോൾ പുതിയ യന്ത്രങ്ങൾ പിറവിയെടുക്കുന്നുണ്ട്. ഗ്രീൻ ബിൽഡിങ്ങ് എന്ന ആശയം തന്നെ ഉദാഹരണം. മാത്രവുമല്ല നമ്മുടെ മുളയ്ക്കും മറ്റ് പാഴ് തടികൾക്കും പുത്തൻ ഉപയോഗങ്ങൾ കണ്ടു പിടിക്കപ്പെടുമ്പോൾ പ്രകൃതി വിഭവങ്ങളുടെ വില വർദ്ധിക്കുകയും അത് സാമൂഹിക മാറ്റങ്ങൾക്ക്

വഴിമരുന്നാവുകയും ചെയ്യും.

## പുത്തൻ സാമഗ്രികൾ

കുതിച്ചു കയറുന്ന വിലക്കയറ്റമാണ് ബദൽ നിർമാണ വസ്തുക്കളിലേയ്ക്ക് മനുഷ്യനെ കൊണ്ടെത്തിക്കുന്ന ഘടകങ്ങളിലൊന്ന്. ആയതിനാൽ തന്നെ ഈ രീതിയിൽ മാറി ചിന്തിച്ച് വ്യത്യസ്തമായ നിർമാണ വസ്തുക്കളുടെ ഉല്പാദനം ഒരു വ്യവസായമായി ആരംഭിക്കാവുന്നതാണ്. വെട്ടുകല്ല്, ഇഷ്ടിക, കരിങ്കല്ല് എന്നിവയാൽ നിർമിക്കുന്ന വീടുകൾക്ക് മാത്രമേ ഉറപ്പുള്ളൂവെന്ന് ചിന്തിക്കുന്ന കാലത്തിൽ നിന്നും നാം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.



ജി. എഫ്. ആർ. ജി. പാനൽ

## 1. ജി. എഫ്. ആർ. ജി. പാനൽ

ജിപ്സം ബോർഡും ഫെറോ സിമന്റുമിന്ന് കെട്ടിട നിർമാണ രംഗത്ത് വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ട്. എന്നാൽ തീർത്തും വ്യത്യസ്തമായ ഒരു നിർമാണവസ്തുവാണ് ജി. എഫ്. ആർ. ജി. പാനൽ. ഗ്ലാസ് ഫൈബർ റീ ഇൻഫോഴ്സ്മെന്റ് ജിപ്സം എന്നാണിതിന്റെ പൂർണരൂപം. കേരളത്തിലാണ് ഈ മെറ്റീരിയലിപ്പോൾ നിർമിക്കപ്പെടുന്നത്. ഫാക്ടിന്റെ അമ്പലമുകൾ ഫാക്ടറിയിൽ. 12 മീറ്റർ നീളവും മൂന്ന് മീറ്റർ ഉയരവുമുള്ള ഇതിന് അഞ്ച് ഇഞ്ചാണ് കനം. ഏതളവിലും മുറിച്ച് ലഭിക്കുന്ന ഇതുകൊണ്ട് ഓഫീസുകളും ഹോസ്റ്റലുകളും നിർമിക്കപ്പെട്ടിട്ടുണ്ട്. ഒരു വീട് പൂർണമായും തന്നെ നിർമിച്ച് കഴിഞ്ഞിരിക്കുന്നു. ദിവസങ്ങൾക്കുള്ളിൽ നിർമിക്കാമെന്നതിനാൽ നിർമാണച്ചെലവിൽ 20-30 ശതമാനം ലാഭിക്കാം. ചുവർ പ്ലാസ്റ്റർ ചെയ്യേണ്ടതില്ലാത്തതിനാൽ മണലും സിമന്റും ലാഭിക്കാമെന്നതിനാൽ വീടിനുള്ളിൽ ചൂടു കുറയുമെന്നൊരു ഗുണവും കൂടിയുണ്ട്.

## 2. സ്വയം കേടുപാടുകൾ തീർക്കുന്ന കോൺക്രീറ്റ്

ഒരു കെട്ടിടം പണിയുമ്പോൾ ഏറ്റവും അധികം ഉപയോഗിക്കപ്പെടുന്നതിലൊന്നാണ് സിമന്റെങ്കിലും ഹാനികരമായ കാർബണിക സംയുക്തങ്ങൾ പുറത്തു വിടുന്നതും ഇതുതന്നെയാണ്. ലോകത്തിലെ കാർബണിക സംയുക്തങ്ങളുടെ ഏകദേശം ഏഴ് ശതമാനവും പുറത്തു വിടുന്നത് സിമന്റാണെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. സിമന്റ് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ കാലാന്തരത്തിൽ വിള്ളൽ വീഴുന്നതായാണ് കണ്ടുവരുന്നത്. എന്നാലിപ്പോൾ ഇങ്ങനെ വിള്ളൽ വീണാലും അത് സ്വയമേവ ശരിയാവുന്ന പ്രത്യേകതയുള്ള ഒരു കോൺക്രീറ്റ് യു. കെയിലെ ബാത്ത് യൂണിവേഴ്സിറ്റിയിലെ എഞ്ചിനിയേഴ്സ് ഉണ്ടാക്കിയിരിക്കുന്നു. ബാക്ടീരിയയുടെ പ്രവർത്തനമാണിവിടെ നടക്കുന്നത്. ചെറിയ വിള്ളലുകൾ വന്നാൽ അത് അന്തരീക്ഷത്തിലെ ഈർപം ഉപയോഗിച്ച് മൃദുവാകുകയും ലൈംസ്റ്റോൺ ഉൽപാദിപ്പിക്കപ്പെടുകയും ഒപ്പം തനിയെ വിള്ളലടയ്ക്കുകയും ചെയ്യുന്നു. മണലിനും മെറ്റലിനും പകരം പ്രത്യേക തരം ഫൈബറുകളാണിവിടെ ഉപയോഗിക്കുന്നത്.

## 3. വൈദ്യുതി ഉൽപാദിപ്പിക്കുന്ന ചുവരുകൾ

വീടുകളിൽ സോളാർ സംവിധാനമൊരുക്കുകയെന്നത് ഇന്നത്ര പുതുമയൊന്നുമല്ല. എന്നാൽ ഒരു ചുവരു മുഴുവൻ വൈദ്യുതി ഉൽപാദിപ്പിക്കുന്നതായി ചിന്തിച്ചു നോക്കൂ. ഇത്തരത്തിലുള്ള ട്രാൻസ്പേരന്റ് ആയ ബിൽഡിംഗ് ഇന്റഗ്രേറ്റഡ് ഫോട്ടോവോൾട്ടിക് (ബി. ഐ. പി. വി) എന്ന ബിൽഡിങ്ങ് മെറ്റീരിയലുമായി രംഗത്തെത്തിയിരിക്കുകയാണ് പോളി സോളാർ എന്ന കമ്പനി.

## 4. റാപ്പിഡ് ഡ്രൈയിങ്ങ് കോൺക്രീറ്റ്

ബിൽഡിങ്ങ് പണിയിലെ ഒരു പ്രധാന ഭാഗമാണ് കോൺക്രീറ്റിങ്ങ്. അത് ഉണങ്ങുന്നതിനെടുക്കുന്ന സമയം വളരെ കൂടുതലാണെന്നതാണ് ഒരു പ്രശ്നം. എന്നാലിപ്പോൾ വളരെവേഗം ഉണങ്ങുന്ന ഒരു കോൺക്രീറ്റ് കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. അരിഡസ് എന്നാണിതിന്റെ പേര്.

## 5. നാച്വറൽ സെല്ലുലോസ് റൂഫിങ്ങ്

റൂഫിങ്ങാണ് ഇന്ന് മാറ്റങ്ങൾ വരുന്ന മറ്റൊരു മേഖല. 50 ശതമാനം റീസൈക്കിൾഡ് സെല്ലുലോസ് ഫൈബർ, ബിറ്റുമെൻ, റെസിൻ എന്നിവയാണ് ഫ്രഞ്ച് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമിക്കുന്ന നാചറൽ സെല്ലുലോസ് ഫൈബറിന്റെ ഭാഗങ്ങൾ. ക്ലേ ടൈലിന്റെ പത്തിലൊന്ന് ഭാരമേയുള്ളൂ. മണിക്കൂറിൽ 300 കി. മീറ്റർ വേഗതയുള്ള കാറ്റിനെ വരെ അതിജീവിക്കുവാൻ സാധിക്കുന്ന തരത്തിലാണ് ഇതിന്റെ ഫിറ്റിങ്സ് എന്നതിനാൽ വരും നാളുകളിൽ ഇതിന്റെ നിർമാണം നല്ലയൊരു വ്യവസായ സാധ്യതയായി ഉയർന്നുവരാം.


എയർ സപ്പോർട്ടഡ് പോളിയെസ്റ്റർ റൂഫ്

## 6. ഷിംഗിൾസ്

വിദേശ രാജ്യങ്ങളിൽ പ്രചാരം നേടിയ ഷിംഗിൾസും റൂഫിങ്ങിന് ഉപയോഗിക്കാവുന്നതായതിനാൽ ഇതിന്റെ നിർമാണവും ഒരു വ്യത്യസ്തമായ വ്യവസായമെന്ന

നിലയ്ക്ക് ആരംഭിക്കാവുന്നതാണ്. ഗ്ലാസ്, ഫൈബർ, ബിറ്റുമെൻ, സെറാമിക് പൗഡർ എന്നിവകൊണ്ടാണിത് നിർമിക്കുന്നത്. കാണാനുള്ള ഭംഗി മാത്രമല്ല പായലും പൂപ്പലും പിടിക്കില്ലയെന്നതിനാലും പല നിറങ്ങളിൽ നിർമിക്കാമെന്നതിനാലും ഇത് വിപണി പിടിക്കുവാനുള്ള സാധ്യതയും കൂടുതലാണ്.


പാഴ്തടികൾ ട്രീറ്റ് ചെയ്യുന്നു

## 7. എയർ സപ്പോർട്ടഡ് പോളിയെസ്റ്റർ റൂഫ്

പമ്പ് കൊണ്ട് കാറ്റടിച്ച് കൂടാരം പോലെ നിർമിക്കുന്ന ഈ റൂഫ് വിദേശത്ത് കണ്ടുവരുന്നു. വീടുകൾക്കല്ലായെങ്കിലും വലിയ പ്രദർശനങ്ങൾക്ക് റൂഫ് നിർമിക്കുവാൻ ഈ സാങ്കേതികവിദ്യ ഉപയോഗിക്കാം.


## 8. പാഴ്തടികളുടെ ഉപയോഗം

വീടു വയ്ക്കുമ്പോൾ എല്ലാവരും തന്നെ പരിഗണിക്കുന്നത് മുന്തിയ ഇനം തേക്കാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരെ തേക്ക് കൊണ്ടു വരുന്നവരുണ്ട്. ഇത് ചെലവ് വളരെയധികം വർദ്ധിപ്പിക്കുന്നുണ്ട്. എന്നാൽ നമ്മുടെ നാട്ടിലെ പാഴ് തടികൾ ട്രീറ്റ് ചെയ്ത് ഉപയോഗിക്കാമെന്നതാണ് വസ്തുത. ഇത് പാഴ്തടിക്ക് വില വർദ്ധിപ്പിക്കുമെന്നത് മാത്രമല്ല ഒപ്പം കെമിക്കൽ ട്രീറ്റ്മെന്റ്, കിലൻ ഡ്രൈയിങ്ങ് തുടങ്ങിയവയിൽ പുത്തൻ വ്യവസായസാധ്യതകൾ ഉടലെടുക്കുവാൻ നിമിത്തമാവുകയും ചെയ്യും. കുറച്ചുനാൾ കഴിയുമ്പോൾ തടി നശിക്കുമെന്നതിന് പ്രതിവിധിയാണ് ഇത്തരം ട്രീറ്റ്മെന്റ്. തടിയുമായി ബന്ധപ്പെട്ട് തടിമില്ലല്ലാതെ ഇത്തരം മറ്റ് സാധ്യതകൾ മുതലെടുക്കുവാനും കഴിയും.

കെമിക്കൽ ഇംപ്രിഗ്നേഷന് വാക്വം പ്ലാന്റ് എന്ന മെഷീനാണ് ട്രീറ്റ് ചെയ്യുവാൻ ഉപയോഗിക്കുന്നത്. തടിക്കുള്ളിലേയ്ക്ക് ബോറാക്സ്- ബോറിക് ആസിഡ് മിശ്രിതം കടത്തിവിട്ടാണ് കീടങ്ങളെ പ്രതിരോധിക്കാനുള്ള ശേഷി കൈവരുത്തുന്നത്.

മെഷീനിലെ പ്രത്യേക അറയ്ക്കുള്ളിൽ തടി അടുക്കിയ ശേഷം അതിനുള്ളിലാണ് മിശ്രിതം നിറയ്ക്കുക. തുടർന്ന് പ്ലാന്റിനുള്ളിലെ മർദ്ദം വളരെ കുറച്ച് തടിയുടെ കോശഘടനയിൽ അയവ് വരുത്തും. അതിനുശേഷം മർദ്ദം ഉയർത്തുമ്പോൾ തടിക്കുള്ളിലേയ്ക്ക് മിശ്രിതം കടക്കും. അതോടെ തടിയുടെ ഉറപ്പും ബലവും കൂടും. മാത്രവുമല്ല കീടങ്ങൾ തടിയെ ആക്രമിക്കുകയുമില്ല.

തടിയിലെ ജലാംശമാണ് അത് കേടാക്കുന്നയൊരു വില്ലൻ. ഇവിടെയാണ് സീസണിങ്ങ് തുണയാവുന്നത്. ഇതിനാണ് കിലൻ ഡ്രൈയിങ്ങ് ചേമ്പർ ഉപയോഗിക്കുന്നത്. ബോയിലർ യൂണിറ്റിൽ നിന്ന് ഉയർന്ന താപനിലയുള്ള നീരാവി കടത്തി


വുഡ് പ്ലാസ്റ്റിക് കോമ്പോസിറ്റ്

വിട്ടാണ് ഇത് സാധ്യമാക്കുന്നത്. തെങ്ങ്, മുള, മാവ്, അക്കേഷ്യ തുടങ്ങിയവയൊക്കെ ഇപ്രകാരം ഉപയോഗിക്കാമെന്നതിനാൽ പാഴ്തടികൾക്ക് മറ്റൊരു വിപണി സാധ്യത തുറക്കുകയും ചെയ്യും.

## 9. ഷെറാ ബോർഡുകൾ

വാൾ ക്ലാഡിങ്ങിനും, വാൾ പാർട്ടീഷനും, ഫ്ളോറിങ്ങിനും മറ്റും ഉപയോഗിക്കാവുന്ന മെറ്റീരിയലാണ് ഷെറാ ബോർഡുകൾ. ഓഫീസുകൾക്കും ആശുപത്രികൾക്കും മറ്റും ഇത് ഉപയോഗിക്കാവുന്നതാണ്. വളരെ വേഗത്തിലാണ് നിർമാണവും ശുചീകരണവുമെല്ലാം എന്നത്ഇതിന്റെ പ്രത്യേകതയാണ്. ഇതൊരു നോൺ ആസ്ബെസ്റ്റോസ് ഫൈബർ സിമന്റ് പ്രോഡക്ട് ആണ്. ഗ്ലാസ്, സംസ്കരിച്ച പാഴ്ത്തടി, സെല്ലുലോസ് ഫൈബർ എന്നിവയാണ് നിർമാണ ഘടകങ്ങൾ എന്നതിനാൽ ഇവയുടെ നിർമാണം ഇത്തരം വസ്തുക്കൾക്ക് വിപണി മൂല്യമുയർത്തും.

## 10. അൺ പ്ലാസ്റ്റിസൈസ്ഡ് പോളി വിനൈൽ ക്ലോറൈഡ്

വരുംവർഷങ്ങളിൽ നല്ലയൊരു ശതമാനം ആളുകളും പ്രീ ഫാബ്രിക്കേറ്റഡ് നിർമാണ രീതിയിലേയ്ക്ക് തിരിയുമെന്നതിനാൽ വലിയൊരു കുതിച്ചുചാട്ടം തന്നെ ഈ രംഗത്ത് നടക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ഇപ്പോൾത്തന്നെ ഇത്തരം മെറ്റീരിയൽ പലതും വിപണിയിലെത്തിക്കഴിഞ്ഞു. അലുമിനിയവും സ്റ്റീലും മാത്രമല്ല തടിക്ക് പകരമായി ഉപയോഗിക്കപ്പെടുന്നത്. അൺ പ്ലാസ്റ്റിസൈസ്ഡ് പോളി വിനൈൽ ക്ലോറൈഡ് (യു. പി. വി. സി) എന്നയൊരു പുത്തൻ മെറ്റീരിയലും കൂടി ഉദയം ചെയ്തിട്ടുണ്ട്. വിദേശത്ത് നിന്നാണിപ്പോൾ ഇത് ഇറക്കുമതി ചെയ്യുന്നത്. ആയതിനാൽതന്നെ ഇതിന്റെ ഉൽപാദനം മറ്റൊരു നിർമാണ സാധ്യതയാണ്.

## 11. വുഡ് പ്ലാസ്റ്റിക് കോമ്പോസിറ്റ്

തടിയും പ്ലാസ്റ്റിക്കും ചേർന്ന മെറ്റീരിയലാണിത്. തറയിലാണ് ഇത് ഉപയോഗിക്കുന്നത്. വെള്ളം ഇറങ്ങാത്തതിനാൽ കുത്തിപ്പോവില്ലായെന്നതാണ് ഒരു ഗുണം. ഇതിന്റെ മറ്റൊരു പ്രത്യേകത റീസൈക്കിൾ ചെയ്യുന്ന വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ചും നിർമിക്കാമെന്നതാണ്. അതിനാൽ തന്നെ പ്ലാസ്റ്റിക് മാലിന്യത്തിനൊരു പരിഹാരമാവുകയും അതിനൊരു പുത്തൻ വിപണി കൂടി തുറക്കുകയും ചെയ്യും. മാത്രവുമല്ല തടിയുടെ വേസ്റ്റ് കൊണ്ട് നിർമിക്കാമെന്നതിനാൽ ഏറെ ആകർഷകമായയൊന്നാണിത്. ഏത് രൂപത്തിലും ഉണ്ടാക്കാമെന്നതാണ് മറ്റൊരു ഗുണം. അതിനാൽ വേസ്റ്റിൽ നിന്നും പുത്തൻ

ഉല്പന്നങ്ങൾ നിർമിക്കുന്നവർക്ക് ഇതിലേയ്ക്ക് തിരിയാവുന്നതാണ്.

## നിർമാണത്തിലെ മാറ്റങ്ങൾ

കെട്ടിട നിർമാണ രീതികളിലും സാങ്കേതിക മാറ്റങ്ങൾക്ക് അരങ്ങൊരുങ്ങുകയാണ്. മനുഷ്യനിന്ന് ഒന്നിനും സമയമില്ലായെന്നതാണ് ഇതിന്റെയൊക്കെ അടിസ്ഥാനം. എത്രയും പെട്ടെന്ന് ഫലം കിട്ടണമെന്ന ചിന്തയാണ് സത്യത്തിൽ പല ഉപകരണങ്ങളുടെയും പിറവിക്ക് പിന്നിൽ.



മോഡുലാർ കൺസ്ട്രക്ഷൻസ്

### 1. മോഡുലാർ കൺസ്ട്രക്ഷൻസ്

മോഡുലാർ കൺസ്ട്രക്ഷനാണ് ഈ രംഗത്തെ ഒരു പ്രധാന ട്രെൻഡ്. ബിൽഡിങ്ങിന്റെ പല ഭാഗങ്ങൾ പ്ലാന്റിൽ നിർമിച്ചിട്ട് കെട്ടിടം നിർമിക്കുന്ന സൈറ്റിൽ കൊണ്ടുവന്ന് കൂട്ടിച്ചേർക്കുന്ന രീതിയാണിത്. കൂടുതൽ ഗുണമേന്മ ഉറപ്പുവരുത്താമെന്നതാണ് ഇതിന്റെ ഒരു ഗുണം. മാത്രവുമല്ല വേസ്റ്റ് വളരെ കുറയ്ക്കുവാനും സാധിക്കും. വിദേശ രാജ്യങ്ങളിൽ മുന്നേ തന്നെ ഈ രീതി നിലവിലുണ്ട്. മോഡുലാർ കൺസ്ട്രക്ഷൻ കമ്പനികളെന്ന ഒരു കൺസെപ്റ്റ് തന്നെയുണ്ട്. ചൈനയിലെ ബ്രോഡ് സസ്റ്റയിനബിൾ ബിൽഡിങ്ങ് കമ്പനി എന്ന കൺസ്ട്രക്ഷൻ സ്ഥാപനം 57 നിലകളുള്ള ഒരു ബിൽഡിങ്ങ് ഈ രീതിയിൽ കേവലം 19 ദിവസങ്ങൾ കൊണ്ടു നിർമിച്ച് വാർത്തകളിലിടം നേടുകയുണ്ടായി. സാധാരണ രീതിയിൽ നിർമിക്കുന്നവയെക്കാൾ കൂടുതൽ ഉറപ്പ് ഇതിനുണ്ടാകുമെന്നതാണ് വിദഗ്ദാഭിപ്രായം.

### 2. പ്ലാസ്റ്ററിങ് മെഷീൻ

കോൺക്രീറ്റ് ഉണ്ടാക്കുന്ന മെഷീനായിരുന്നു ഈ രംഗത്ത് ആദ്യം വന്നത്. എന്നാലിപ്പോൾ യന്ത്രവൽകരണം പ്ലാസ്റ്ററിങ്ങ് രംഗത്തേയ്ക്കും കടന്നിരിക്കുന്നു. നിരവധി ദിവസങ്ങളിലെ മനുഷ്യാധ്വാനമാണ് ഒരു ബിൽഡിങ്ങ് പ്ലാസ്റ്റർ ചെയ്യുകയെന്നത്. എന്നാൽ മെഷീനുപയോഗിച്ച് ചെയ്യുമ്പോൾ വളരെ പെട്ടെന്നും ഫിനിഷിങ്ങോടു കൂടിയും ചെയ്യുവാൻ സാധിക്കുന്നു. പല മെഷീൻ നിർമാതാക്കളും ഈ രംഗത്തേയ്ക്ക് തിരിഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ കൺസ്ട്രക്ഷൻ യന്ത്ര നിർമാണ മേഖല 30 ശതമാനം വാർഷിക വളർച്ചാ നിരക്കാണ് കാണിക്കുന്നത്.



പ്ലാസ്റ്ററിങ് മെഷീൻ

## മറ്റു മാറ്റങ്ങൾ

### 1. കൈനറ്റിക് എനർജിയുടെ ഉപയോഗം

വളർന്നു വരുന്നയൊരു സാങ്കേതിക വിദ്യയാണിത്. മനുഷ്യൻ നടക്കുമ്പോൾ തറയിൽ ഏൽപിക്കുന്ന മർദ്ദത്തിനാനുപാതികമായി വൈദ്യുതി ഉൽപാദിപ്പിക്കപ്പെടുന്നതാണിത്. വളരെ തിരക്കുള്ള റോഡുകളിലിത് പ്രയോജനപ്പെടുത്താമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ബ്രസീലിലെ റിയോ ഡി ജനീറോയിലെ ഒരു ഫുട്ബോൾ സ്റ്റേഡിയത്തിൽ ലൈറ്റുകൾ തെളിക്കുവാൻ കഴിയുന്ന തരത്തിൽ വൈദ്യുതി ഉൽപാദിപ്പിക്കുന്ന ടൈലുകൾ ഉപയോഗിച്ചിട്ടുണ്ട്. ബ്രിട്ടീഷ് സ്റ്റാർട്ട് അപ് കമ്പനിയായ പാവ് ജെൻ ആണ് ഇത് ഉൽപാദിപ്പിച്ചത്. റെയിൽവേ സ്റ്റേഷനുകളിലും എയർപോർട്ടുകളിലും ഇത് ഉപയോഗിക്കുവാനാണ് കമ്പനിയുടെ ശ്രമം.

ഒരു ഇറ്റാലിയൻ സ്റ്റാർട്ട് അപ് കമ്പനിയായ അണ്ടർഗ്രൗണ്ട് വാഹനങ്ങളോടുമ്പോഴുള്ള കൈനറ്റിക് എനർജി ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന ലിബ്ര എന്നയൊരു സാങ്കേതിക വിദ്യയുമായി രംഗത്തെത്തിയിരിക്കുന്നു. മിലാൻ പോളി ടെക്നിക് യൂണിവേഴ്സിറ്റിയുമായി ചേർന്നാണിത് വികസിപ്പിച്ചിരിക്കുന്നത്.

### 2. എയർ കണ്ടീഷനിങ്ങ് മേൽക്കൂര

മനുഷ്യരും മൃഗങ്ങളും ശരീരം തണുപ്പിക്കുവാനായി സ്വേദനമെന്നയൊരു മാർഗം ഉപയോഗിക്കുന്നുണ്ട്. ഈ ആശയം ഉപയോഗിച്ച് ഒരു പ്രത്യേക തരം മാറ്റ് രൂപപ്പെടുത്തിയിട്ടുണ്ട്. ഇത് റൂഫിങ്ങിലുപയോഗിക്കുമ്പോൾ മഴയത്ത് വെള്ളം ഒരു സ്പോഞ്ച് പോലെ വലിച്ചെടുക്കുകയും ചൂടു വരുമ്പോൾ വലിച്ചെടുത്ത വെള്ളം പുറത്ത് വിടുകയും ചെയ്യുന്നതു വഴി ബിൽഡിങ്ങിന് ഒരു എയർ കണ്ടീഷനിങ്ങ് ഇഫക്ട് ഉണ്ടാക്കുകയും ചെയ്യുന്നു. പി. എൻ. ഐ. പി. എ. എം (പോളി എൻ– ഐസോ പ്രൊപ്പിലാക്രിലാമൈഡ്) എന്ന ഒരു പ്രത്യേകതരം മെറ്റീരിയലാണ് ഇതിനായി ഉപയോഗിക്കുന്നത്.

പുതിയ നിർമാണ വസ്തുക്കളുടെ ഉപയോഗത്തിലും പുത്തൻ നിർമാണ രീതികളിലുമായി സാങ്കേതിക വിദ്യ മുന്നേറുമ്പോൾ നാം അതിനനുസരിച്ച് ചലിക്കേണ്ടിയിരിക്കുന്നു. കാലഘട്ടത്തിന്റെ മാറ്റത്തിനനുസൃതമായി പുതിയ സ്റ്റാർട്ടപ്പുകളുടലെടുക്കേണ്ടതായിട്ടുണ്ട്. പുത്തൻ നിർമാണ വസ്തുക്കളുടെ ഉൽപാദനവും വിതരണവും ഒരു വ്യവസായമായി ഉയർന്നു വരേണ്ടതുണ്ട്. പ്രകൃതിയെ നോവിക്കാത്ത തരത്തിലും ഒപ്പം പുനരുപയോഗിക്കുന്ന മെറ്റീരിയലുകളായും ഈ രംഗത്തേയ്ക്ക് വികസനം കൊണ്ടുവരുവാൻ സർക്കാരുകളും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.




# 400 കോടി രൂപയുടെ വാണിജ്യ അന്വേഷണങ്ങൾ

സംസ്ഥാന വ്യവസായ-വാണിജ്യ വകുപ്പ് കൊച്ചിയിൽ സംഘടിപ്പിച്ച ബിസിനസ് മീറ്റായ വ്യാപാർ-2017 ൽ 400 കോടിയിൽപരം രൂപയുടെ വാണിജ്യ അന്വേഷണങ്ങൾ നടന്നു. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായി വർത്തിക്കുന്നതിനൊപ്പം എണ്ണമറ്റ കുടുംബങ്ങൾക്ക് ഉപജീവന മാർഗമൊരുക്കുന്ന സൂക്ഷ്മ- ചെറുകിട ഇടത്തരം സംരംഭക മേഖലയെ കൂടുതൽ കരുത്തുറ്റതാക്കുകയും ഇവിടെ നിർമിക്കപ്പെടുന്ന തനിമയാർന്ന ഉൽപന്നങ്ങളെ ആഗോള വിപണിയിൽ കൂടുതൽ വിപുലമായി അവതരിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യവുമായാണ് ബി ടു ബി മീറ്റിന്റെ ആരവങ്ങൾ ഉണർന്നത്.

മൂന്നു ദിവസമായി കൊച്ചി ബോൾഗാട്ടി പാലസ് കൺവെൻഷൻ സെന്ററിൽ നടന്ന വ്യാപാറിൽ 7400-ൽ പരം വാണിജ്യ കൂടിക്കാഴ്ചകളാണ് നടന്നത്. ഓൺലൈൻ സംവിധാനം വഴി മുൻകൂട്ടി നിശ്ചയിച്ചവയായിരുന്നു കൂടിക്കാഴ്ചകൾ. വിദേശ രാജ്യങ്ങളിൽ നിന്നും 80 പ്രതിനിധികൾ മേളയിൽ പങ്കെടുത്തു. ഇതിനു പുറമെ ജപ്പാനിലെ സാനിൻ പ്രവിശ്യയിൽ നിന്ന് 39 അംഗങ്ങളുള്ള പ്രത്യേക പ്രതിനിധി സംഘവും വ്യാപാറിൽ പങ്കെടുത്തു. 683 ബയർമാർ രജിസ്റ്റർ ചെയ്തതിൽ 437 പേരാണ് പങ്കെടുത്തത്. വിവിധ ചെറുകിട-സൂക്ഷ്മ സംരംഭകരിൽ നിന്നും 200 സ്റ്റാളുകളാണ് വ്യാപാറിൽ ഉണ്ടായിരുന്നത്. മൊത്തം 400 കോടിയിൽ പരം രൂപയുടെ വാണിജ്യ അന്വേഷണങ്ങളാണ് മേളയിൽ നടന്നത്.

മേളയുടെ അവസാനദിവസം ഉച്ചവരെ പൊതുജനങ്ങൾക്ക് മേളയിൽ പ്രവേശനമനുവദിച്ചിരുന്നു. സ്പോട്ട് രജിസ്ട്രേഷനിലൂടെയാണ് പൊതുജനങ്ങൾക്ക് മേള കാണാനുള്ള അവസരമൊരുക്കിയത്. 334 പേരാണ് ഈ സംവിധാനം വഴി വ്യാപാർ കാണാനെത്തിയത്.

കർശനമായ നിരീക്ഷണ സംവിധാനത്തിലൂടെയാണ് ബയർമാരെ വ്യവസായ-വാണിജ്യവകുപ്പ് തെരഞ്ഞെടുത്തതെന്ന് ഡയറക്ടർ പി.എം ഫ്രാൻസിസ് പറഞ്ഞു. ബയർമാരിൽ നിന്ന് സെക്യൂരിറ്റി തുക ഈടാക്കിയിട്ടുണ്ട്. വാണിജ്യ താത്പര്യം പരിഗണിച്ച് അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ബയർമാർക്ക് പരിഗണന നൽകിയിട്ടുണ്ട്. ഇക്കുറി വിദേശത്തു നിന്നുള്ള പ്രാതിനിധ്യം കൂടിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.



ഭക്ഷ്യ സംരക്ഷണ മേഖലയിൽ നിന്നാണ് മേളയിൽ ഏറ്റവുമധികം പ്രാതിനിധ്യം ഉണ്ടായത്. ഇതു കൂടാതെ കൈത്തറി, ടെക്സ്റ്റൈൽസ്, തുണിത്തരങ്ങൾ, ഫാഷൻ ഡിസൈനിങ്, ഫർണിഷിങ്, റബർ, കയർ, കരകൗശലം, ആയുർവേദം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകളിലെ ഉൽപ്പന്നങ്ങളും സാങ്കേതിക വിദ്യയും പരി

പോഷിപ്പിക്കാൻ ലക്ഷ്യമിട്ടാണു വ്യാപാർ 2017 സംഘടിപ്പിച്ചത്.

മുൻകാല വ്യാപാര മേളകളിൽ നിന്ന് ഏറെ പുരോഗതി 2017 ൽ ഉണ്ടായിട്ടുണ്ടെന്ന് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷൻ(കെ-ബിപ്) സിഇഒ വി രാജഗോപാൽ പറഞ്ഞു. തുടർച്ചയായി മൂന്നാം തവണ മേളയിൽ പങ്കെടുക്കാൻ ബയർമാരും സെല്ലർമാരും ഏറെ താത്പര്യം കാട്ടിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, ഹാൻഡ്‌ലൂംസ് ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്, വ്യവസായ വികസന കോർപറേഷൻ എന്നിവയുടെ സഹകരണത്തോടെ നടന്ന വ്യാപാർ-2017ന്റെ സംഘാടനച്ചുമതല കെ-ബിപിനായിരുന്നു. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ഫിക്കി) വ്യവസായ-വാണിജ്യ പങ്കാളിയായി.

രണ്ട് വർഷമായി സംസ്ഥാന സർക്കാർ തുടർച്ചയായി വാണിജ്യമേള സംഘടിപ്പിക്കുന്നതിനാൽ ബയർമാരും സെല്ലർമാരും തികഞ്ഞ അവബോധമുള്ളവരാണെന്ന് ഫിക്കി കേരള തലവൻ സാവിയോ മാത്യു പറഞ്ഞു. കഴിഞ്ഞ തവണ സന്ദർശനം നടത്തിയവർ മികച്ച പ്രതികരണമാണ് വാണിജ്യസമൂഹത്തിന് നൽകിയത്. ഡൽഹി, കൊൽക്കത്ത, ഹൈദരാബാദ് എന്നിവിടങ്ങളിൽ നടത്തിയ പ്രചാരണ പരിപാടികൾ പുതിയ ബയർമാരെ ലഭിക്കാൻ സഹായകരമായി എന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്തിന്റെ വ്യാവസായിക ഉൽപാദനക്ഷമത പ്രദർശിപ്പിക്കുക, ബ്രാന്റ് ചെയ്തതും അല്ലാത്തതുമായ ഉൽപന്നങ്ങളെ വിപണിയിൽ അവതരിപ്പിക്കുക, നിലവിലുള്ള വ്യവസായങ്ങളെ നിലനിർത്തുകയും വളർച്ച ത്വരിതപ്പെടുത്തുകയും ചെയ്യുക, നിക്ഷേപകരിൽ താൽപര്യം സൃഷ്ടി



ക്കുക, സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച വർദ്ധിപ്പിക്കുക എന്നിവ ബിസിനസ് ടു ബിസിനസ് മീറ്റിന്റെ ലക്ഷ്യങ്ങളായിരുന്നു.

സംസ്ഥാനത്തിന്റെ വ്യവസായ സംരംഭകത്വ മികവ്, തൊഴിൽ നൈപുണ്യം എന്നിവ രാജ്യത്തും ആഗോള വ്യവസായ സമൂഹത്തിലും പ്രദർശിപ്പിക്കാനും അവസരമൊരുക്കി.

## ആദ്യദിനം രണ്ടായിരത്തോളം കൂടിക്കാഴ്ചകൾ

വ്യാപാർ-2017 ന്റെ ആദ്യ ദിനം രണ്ടായിരത്തോളം കൂടിക്കാഴ്ചകൾ നടന്നു. ഉദ്ഘാടനശേഷം ഉച്ചകഴിഞ്ഞാണ് ബിസിനസ് കൂടിക്കാഴ്ചകൾ നടന്നത്.

ആദ്യ ദിനത്തിലെ കൂടിക്കാഴ്ചയിൽ ആകെ 400 ബയർമാരാണ് പങ്കെടുത്തത്. ഇതിൽ 70 പേർ വിദേശത്തു നിന്നും എത്തിയപ്പോൾ 330 പേർ കേരളത്തിനു വെളിയിൽ നിന്നെത്തി. ഓൺലൈൻ മുഖാന്തിരം മുൻകൂട്ടി നിശ്ചയിച്ച പ്രകാരമായിരുന്നു കൂടിക്കാഴ്ചകൾ ക്രമീകരിച്ചിരുന്നത്.

## പ്രവാസികൾക്കായി പുതിയ വ്യവസായങ്ങൾ തുടങ്ങും – മന്ത്രി

വിദേശ രാജ്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്നവരെ ലക്ഷ്യമാക്കി കൂടുതൽ വ്യവസായങ്ങൾ തുടങ്ങാൻ സർക്കാർ പരിശ്രമിക്കുമെന്ന് വ്യവസായമന്ത്രി എ സി മൊയ്തീൻ പറഞ്ഞു. തദ്ദേശീയർക്ക് അവസരം നൽകുന്നതിന്റെ ഭാഗമായി വിദേശരാജ്യങ്ങളിലെ ഇന്ത്യാക്കാർ മടങ്ങി വരേണ്ട സാഹചര്യം സംജാതമാകുന്നുണ്ട്. ഇത് മുൻകൂട്ടി കണ്ടാണ് സംസ്ഥാനസർക്കാർ ചെറുകിട-സൂക്ഷ്മ വ്യവസായങ്ങളെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. വ്യാപാർ 2017 കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വിദേശരാജ്യങ്ങളിലേയ്ക്ക് മനുഷ്യവിഭവ ശേഷി കയറ്റുമതി ചെയ്യുന്ന സംസ്ഥാനമെന്നാണ് കേരളം പൊതുവെ അറിയപ്പെട്ടിരുന്നത്. ഈ പ്രവണത കുറഞ്ഞു വരുകയാണ്. തൊഴിൽ വൈദഗ്ധ്യമുള്ള വലിയൊരു വിഭാഗം പ്രവാസികൾ കേരളത്തിലേക്ക് മടങ്ങിയെത്തും. ഇവരുടെ സേവനം ഉപയോഗപ്പെടുത്താൻ ചെറുകിട-സൂക്ഷ്മ വ്യവസായങ്ങൾക്ക് സാധിക്കും. വ്യാപാർ പോലുള്ള മേള ഈ ദിശയിലേക്കുള്ള മികച്ച ചുവടുവയ്പാണെന്നും അദ്ദേഹം പറഞ്ഞു.

നിരവധി പാരിസ്ഥിതിക നൂലാമാലകൾ ഉള്ള വൻകിട വ്യവസായങ്ങളുടെ സാധ്യത കേരളത്തിൽ കുറഞ്ഞുവെന്ന് മന്ത്രി പറഞ്ഞു. തൊഴിലവസരത്തിന്റെ കാര്യത്തിലും ചെറുകിട-സൂക്ഷ്മ വ്യവസായങ്ങൾ മികച്ച പ്രകടനമാണ് കാഴ്ചവയ്ക്കുന്നത്. ഇത്തരം വ്യവസായങ്ങൾക്ക് അനുമതി ലഭിക്കാനുള്ള ഔദ്യോഗിക ബുദ്ധിമുട്ടുകൾ ലഘൂകരിച്ചുവെന്നും മന്ത്രി വ്യക്തമാക്കി.

ചെറുകിടവ്യവസായങ്ങൾ വളരുന്നതിന് സൗഹൃദാന്തരീക്ഷം കേരളത്തിൽ ഉണ്ടാകേണ്ടതുണ്ടെന്ന് ചടങ്ങിൽ അധ്യക്ഷനായ എസ് ശർമ്മ എം എൽ എ പറഞ്ഞു. ഒരളവു വരെ വ്യാപാർ 2017 ഇതിന് സഹായകരമാണെന്നും അദ്ദേഹം പറഞ്ഞു.

ജപ്പാൻ, ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്നും വ്യവസായ പ്രതിനിധി സംഘം എത്തിയത് ഒരു സൂചനയാണെന്ന് കെ വി തോമസ് എം പി പറഞ്ഞു. കേരളവുമായി സമാന വ്യവസായ താത്പര്യങ്ങളുള്ള രാജ്യങ്ങളിൽ നിന്നും കൂടുതൽ സംഘങ്ങളെ സംസ്ഥാനം സന്ദർശിക്കാൻ ഇത്തരം ബിസിനസ് മീറ്റുകൾ സഹായിക്കും. നമ്മുടെ വ്യവസായ സാധ്യതകളെ മെച്ചപ്പെട്ട രീതിയിൽ അന്താരാഷ്ട്ര സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കാനും ഇതിലൂടെ സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

വിദേശരാജ്യങ്ങളിലേക്ക് മാത്രമല്ല, ഇന്ത്യയുടെ വിശാലമായ തീരദേശം കേന്ദ്രീകരിച്ചു കൊണ്ടുള്ള വ്യാപാര



## പ്രചോദനമായി ബിജു വർഗീസ്



വാണിജ്യതാത്പര്യത്തിനപ്പുറം ജീവിതത്തിൽ പ്രചോദനം തരുന്ന വാക്കുകളാണ് വ്യാപാർ-2017 ൽ എരുമേലി മുക്കൂട്ടുതറക്കാരൻ ബിജു വർഗീസിന് പറയാനുള്ളത്. കാലിന് സ്വാധീനമില്ലാത്തവർക്ക് ഇടതുകൈ കൊണ്ട് കാറോടിക്കാനുള്ള സംവിധാനമാണ് സ്വന്തം സ്റ്റാളിലെ വീൽ ചെയറിലിരുന്ന് ബിജു തന്റെ സന്ദർശകർക്ക് പറഞ്ഞു കൊടുക്കുന്നത്.

കാറിന്റെ ക്ലച്ച്, ആക്സിലറേറ്റർ, ബ്രേക്ക് എന്നിവ ഇടതു കൈയുടെ വിരലുകൾ കൊണ്ട് നിയന്ത്രിക്കാൻ സാധിക്കുന്ന ഉപകരണമാണ് ബിജുവിന്റെ കണ്ടു പിടുത്തം. 19 വർഷം മുമ്പ് കൊട്ടാരക്കരയിൽ നടന്ന വാഹനാപകടത്തിലാണ് നട്ടെല്ലിന് ക്ഷതമേറ്റ് ബിജു കിടപ്പിലാകുന്നത്. എന്നാൽ തികച്ചും ഊർജസ്വലനായ ഈ യുവാവ് ജീവിതം വെറുതെ കളയാൻ തയ്യാറല്ലായിരുന്നു.



കാലുകളുടെ സഹായമില്ലാതെ കാറോടിക്കാനുള്ള പരീക്ഷണങ്ങൾ തുടങ്ങുന്നതിങ്ങനെയാണ്.

പരീക്ഷണം 2003-ൽ വിജയം കണ്ടു. സ്വന്തമായി വാങ്ങിയ കാറിൽ ഇത് ഘടിപ്പിച്ചു. അന്ന് തുടങ്ങിയ ഡ്രൈവിംഗ് ഇന്ന് അഞ്ചു ലക്ഷത്തിലധികം കിലോമീറ്റർ പിന്നിട്ടു കഴിഞ്ഞു. പൂനയിൽ ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ(എആർഎഐ) ടെസ്റ്റിനായി പോയത് ബിജു തനിയെ കാറോടിച്ചാണ്. ഇപ്പോഴുള്ള സ്വിഫ്റ്റ് കാർ ബിജുവിന്റെ മൂന്നാമത്തെ വാഹനമാണ്.

സംഗതി വളരെയെളുപ്പം. മൂന്ന് കേബിളുകളാണ് ബിജുവിന്റെ ഉപകരണത്തിലെ പ്രധാന ഭാഗങ്ങൾ. കേവലം 15 മിനിട്ടു കൊണ്ട് ഇത് ഏതു വാഹനത്തിലും ഘടിപ്പിക്കാം. ഗിയറിന്റെ നോബ് മാറ്റി ഈ ഉപകരണത്തിന്റെ ഭാഗം ഘടിപ്പിച്ചാൽ പിന്നെ ക്ലച്ചും ആക്സിലറേറ്ററും ബ്രേക്കുമെല്ലാം പ്രവർത്തിപ്പിക്കാൻ ഇടതു കൈയുടെ വിരലുകൾ മതി. കേവലം അഞ്ചു സെക്കന്റ് കൊണ്ട് സാധാരണ ഡ്രൈവർമാർക്ക് ഓടിക്കാവുന്ന വിധമാക്കാം.

ഇതുവരെ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ രണ്ടായിരം വാഹനങ്ങളിൽ ബിജുവിന്റെ ഡ്രൈവിംഗ് ഉപകരണം ഘടിപ്പിച്ചിട്ടുണ്ട്. 15,000 രൂപ മുതൽ 30,000 രൂപ വരെയാണ് ഇതിന്റെ ചെലവ്. മുക്കൂട്ടുതറയിലെ വീട്ടിനടുത്തുള്ള സ്വന്തം വർക്ക്ഷോപ്പിൽ ബിജു തന്നെയാണ് ഈ ഉപകരണം ഉണ്ടാക്കുന്നത്.

ഇന്ത്യയിൽ ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യ (എആർഎഐ) വികലാംഗർക്കായുള്ള വാഹനത്തിന് നൽകുന്ന അംഗീകാരം രാജ്യത്താദ്യമായി ലഭിച്ചത് തനിക്കാണെന്ന് ബിജു പറയുന്നു.

2007 ലെ ദേശീയ ഇന്നൊവേഷൻ ഫൗണ്ടേഷന്റെ പുരസ്കാരം, ദേശീയ സാമൂഹ്യനീതി പുരസ്കാരം തുടങ്ങി നിരവധി അംഗീകാരങ്ങൾ ബിജുവിനെ തേടിയെത്തിയിട്ടുണ്ട്. വ്യാപാറിന്റെ ആദ്യ ദിനം തന്നെ നിരവധി പേരാണ് ബിജുവിന്റെ സ്റ്റാൾ സന്ദർശിക്കാനെത്തിയത്.

സംരംഭങ്ങൾ ഉണ്ടായി വരണമെന്ന് വ്യവസായ വകുപ്പ് അഡി ചീഫ് സെക്രട്ടറി പോൾ ആന്റണി പറഞ്ഞു. ചരക്ക് നീക്കം സുഗമമായി നടത്താൻ കൊച്ചിയിലെ അന്താരാഷ്ട്ര തുറമുഖം ഉപയോഗപ്പെടുത്താൻ സാധിക്കും. ടൂറിസം വകുപ്പിന്റെ മാർക്കറ്റിംഗ് പോർട്ടൽ വഴിയും വ്യവസായബന്ധങ്ങൾ വളർത്തിയെടുക്കാൻ വിദേശപ്രതിനിധികളെ അദ്ദേഹം ആഹ്വാനം ചെയ്തു.

കേവലം ബിസിനസ് ചർച്ചകൾ മാത്രമല്ല വ്യാപാറിൽ നടക്കുന്നത്. മറിച്ച് സാങ്കേതിക വിദ്യയുടെ കൈമാറ്റം കൂടിയാണെന്ന് കെ എസ് ഐ ഡി സി എം ഡി ഡോ എം ബീന പറഞ്ഞു. സംസ്ഥാനത്തെ സംരംഭങ്ങൾ ഇതുപയോഗപ്പെടുത്തണമെന്നും അവർ പറഞ്ഞു.

### തുടർചർച്ചയ്ക്കായി ഇ-പ്ലാറ്റ്ഫോം

വ്യാപാർ 2017 ൽ നടക്കുന്ന ചർച്ചകളുടെ തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് പ്രത്യേക ഇ പ്ലാറ്റ്ഫോ

മിന് രൂപം നൽകുമെന്ന് വ്യവസായ വകുപ്പ് ഡയറക്ടർ പി എം ഫ്രാൻസിസ് പറഞ്ഞു. ഇതു വഴി ബിസിനസ് നിർദ്ദേശങ്ങളുടെ ഭാവിപ്രവർത്തനം സുഗമമാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

ആദ്യ ബിസിനസ് ടു ബിസിനസ് മീറ്റ് നടത്തിയപ്പോൾ ആളെ കണ്ടെത്താൻ ബുദ്ധിമുട്ടായിരുന്നുവെന്ന് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ സി ഇ ഒ വി രാജഗോപാൽ പറഞ്ഞു. ഇന്ന് വ്യാപാറിനെ തേടി രാജ്യത്തിനകത്തും പുറത്തും നിന്ന് വ്യവസായികൾ എത്തുന്ന സ്ഥിതി വിശേഷമായതായും അദ്ദേഹം പറഞ്ഞു.

## രണ്ട് ദിവസത്തിനിടെ ആറായിരം കൂടിക്കാഴ്ചകൾ

വ്യാപാറിന്റെ രണ്ടാം ദിവസം നടന്നത് നാലായിരത്തിൽപരം കൂടിക്കാഴ്ചകൾ. രണ്ട് ദിവസം കൊണ്ട് ആറായിരത്തിലേറെ വാണിജ്യ കൂടിക്കാഴ്ചകളാണ് നടന്നത്.

രണ്ടാം ദിനത്തിൽ മാത്രം വിദേശ പ്രതിനിധികളടക്കം 437 ബയർമാരാണ് കൂടിക്കാഴ്ചയിൽ പങ്കെടുത്തത്. ഓൺലൈൻ മുഖാന്തിരം മുൻകൂട്ടി നിശ്ചയിച്ച പ്രകാരമായിരുന്നു കൂടിക്കാഴ്ചകൾ ക്രമീകരിച്ചത്.

## മാലിന്യനിർമാർജനത്തിന് ജപ്പാൻ സാങ്കേതികവിദ്യ

മാലിന്യസംസ്കരണമെന്നു കേൾക്കുമ്പോൾ നെറ്റി ചുളിക്കുന്ന മലയാളിക്കുവേണ്ടി അഞ്ചു സെന്റിൽ ഒരു പാരിസ്ഥിതിക പ്രശ്നവുമില്ലാതെ മാലിന്യപ്ലാന്റ് സ്ഥാപിക്കാമെന്ന വാഗ്ദാനവുമായാണ് ജപ്പാൻ പ്രതിനിധി സംഘമെത്തിയത്. സാങ്കേതികവിദ്യാ കൈമാറ്റമുൾപ്പെടെയാണ് ജപ്പാൻ സംഘം സംസ്ഥാനത്തിന് വാഗ്ദാനം നൽകിയത്.

കേരളത്തിലെ ഓരോ പഞ്ചായത്തിനും പിന്തുടരാവുന്നതാണ് ഈ മാതൃക. ഫലപ്രദവും പരിസരവാസികൾക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കാത്തതുമാണ് പദ്ധതി. പ്ലാന്റിന് ചുറ്റുമുള്ള സ്ഥലം കുട്ടികൾക്കുള്ള കളിസ്ഥലവും വിശ്രമകേന്ദ്രവുമാക്കാൻ സാധിക്കുന്ന വിധത്തിലാണ് രൂപകൽപന. ദിവസം അഞ്ച് ടൺ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റിൽ 15 ദിവസം കൊണ്ട് മാലിന്യം വളമാക്കി മാറ്റാം.

കേരളം ഇന്നനുഭവിക്കുന്നതിനേക്കാൾ ഭീകരമായിരുന്നു അമ്പത് വർഷം മുമ്പ് ജപ്പാനിലെ ഒട്ടു മിക്ക പ്രവിശ്യയിലും മാലിന്യപ്രശ്നം. ഇന്ന് ലോകത്തിലെ തന്നെ ഏറ്റവും മികച്ച പരിസ്ഥിതിയുള്ള സ്ഥലമായി ജപ്പാൻ മാറിയത് വികേന്ദ്രീകൃത മാലിന്യനിർമാർജന പദ്ധതികളിലൂടെയാണ്.

ജപ്പാനും കേരളവും തമ്മിലുള്ള വാണിജ്യബന്ധം വർധിപ്പിക്കാൻ വേണ്ടി രൂപം നൽകിയ ഇൻഡോ-ജപ്പാൻ ചേംബർ ഓഫ് കൊമേഴ്സ് കേരള(ഇൻജാക്ക്) -യുടെ ആഭിമുഖ്യത്തിലാണ് ജപ്പാനിലെ സാനിൻ പ്രവിശ്യയിൽ നിന്നും 39 അംഗ പ്രതിനിധി സംഘം എത്തിയത്.

നാലു കമ്പനികളുടെ പ്രതിനിധികളാണിവർ. ഇതിൽ




## റാപോൾ സാനിപ്ലാസ്റ്റ് മികച്ച സെല്ലർ

വ്യവസായ-വാണിജ്യ ഡയറക്ടറേറ്റ് വഴി ബിസിനസ് ടു ബിസിനസ് മീറ്റുകളിൽ പങ്കെടുത്ത ഏറ്റവും മികച്ച സെല്ലർക്കുള്ള പ്രഥമ അവാർഡ് ചാലക്കുടിയിലെ റാപോൾ സാനിപ്ലാസ്റ്റിന് മന്ത്രി സമ്മാനിച്ചു.

മുൻകൂറായി രജിസ്റ്റർ ചെയ്ത കേരളത്തിനു പുറത്തുനിന്നുള്ള സംരംഭകർക്ക് മാത്രമായാണ് ഫെബ്രുവരി രണ്ട്, മൂന്ന് തീയതികളിലെ ബിസിനസ് മീറ്റിംഗുകൾ. നാലിന് വ്യാപാർ നടക്കുന്ന സ്ഥലത്ത് സ്പോട്ട് രജിസ്ട്രേഷൻ വഴി കേരളത്തിൽ നിന്നുള്ള സംരംഭകർക്കും ഉച്ചവരെ പങ്കെടുക്കാൻ അവസരം നൽകി.



മുളവുകാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി ജി ഷാജൻ, ഫിക്കി കോ ചെയർമാൻ ദീപക് അസ്വാനി, കെ എസ് എസ് ഐ എ സംസ്ഥാന പ്രസിഡന്റ് ദാമോദർ അവന്നൂർ സംബന്ധിച്ചു.






## സാങ്കേതികത്തികവിൽ പുതു വ്യവസായങ്ങൾ

പരമ്പരാഗത മേഖലകളിൽ മാത്രമേ ചെറുകിട-സൂക്ഷ്മ വ്യവസായങ്ങൾക്ക് സാധ്യതയുള്ളൂ എന്ന മുൻധാരണ തിരുത്തിക്കുറിക്കുകയാണ് വ്യാപാർ-2017.

ആളില്ലാ വിമാനം, യന്ത്രമനുഷ്യൻ, നാരങ്ങാപിഴിയൽ യന്ത്രം തുടങ്ങി സാങ്കേതികത്തികവും നൂതനത്വവും വെളിവാക്കുന്ന നിരവധി പ്രദർശന ഇനങ്ങളാണ് വ്യാപാറിൽ നിരന്നത്. വൈവിദ്ധ്യമുള്ള ഉത്പന്നങ്ങൾ പരിചയപ്പെടുത്തുന്ന 200 സ്റ്റാളുകളുണ്ടായിരുന്നു.

സന്ദർശകരിൽ കൗതുകമുണ്ടാക്കുന്ന നാരങ്ങാപിഴിയൽ യന്ത്രത്തിന് നിരവധി അന്വേഷണങ്ങൾ ലഭിച്ചിട്ടുണ്ട്. കൺമുന്നിൽ വച്ചുതന്നെ നാരങ്ങ പിഴിഞ്ഞ് അഞ്ച് വ്യത്യസ്ത രുചികളിൽ ഉപഭോക്താവിന് ലഭ്യമാക്കുന്നതാണ് യന്ത്രം. സെക്കൻഡുകൾക്കുള്ളിൽ നാരങ്ങാവെള്ളം ലഭിക്കുന്ന ഈ യന്ത്രം ഇതിനകം തന്നെ കൊച്ചി നഗരത്തിലെ മാളുകളിലും സ്റ്റേഡിയത്തിലും സ്ഥാപിച്ചു കഴിഞ്ഞു.

മൂന്നും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ടവയാണ്. ഭൂപ്രകൃതി, ജനസംഖ്യ, ആയുർദൈർഘ്യം എന്നിവയുടെ കാര്യത്തിൽ ജപ്പാനും കേരളവും തമ്മിൽ അഭേദ്യമായ സാദൃശ്യമുണ്ടെന്ന് ഇൻജാക്ക് പ്രസിഡന്റ് ടി ബാലകൃഷ്ണൻ



പറഞ്ഞു. അതുകൊണ്ടു തന്നെയാണ് മാലിന്യസംസ്കരണത്തിന്റെ കാര്യത്തിലും കേരളത്തിന് ഏറ്റവും അനുയോജ്യമായ പദ്ധതി നിർദ്ദേശിക്കാൻ ജപ്പാന് സാധിക്കുന്നത്. കേരളത്തിലെ ഗുരുതരമായ സാമൂഹ്യപ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുകയെന്നതാണ് ഇൻജാക്കിന്റെ ലക്ഷ്യങ്ങളിലൊന്ന്. മാലിന്യ പ്രശ്നം രൂക്ഷമായിരിക്കുന്ന കൊച്ചി കോർപറേഷനുമായി പ്ലാന്റിന്റെ കാര്യത്തിൽ ചർച്ചകൾ പുരോഗമിക്കുകയാണ്. സംസ്ഥാന ശുചിത്വമിഷന്റെ ആഭിമുഖ്യത്തിൽ കളമശ്ശേരി, തൃക്കാക്കര, ചേരാനെല്ലൂർ പഞ്ചായത്തുകളിൽ ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന സർക്കാർ തന്നെ നോഡൽ ഓഫീസറെ നിയോഗിച്ച് ഇതിന്റെ പ്രാരംഭ ചർച്ചകൾ നടത്തി വരുന്നതായും ടി ബാലകൃഷ്ണൻ പറഞ്ഞു.

ഖര, ദ്രവ്യ, വായു മലിനീകരണം തടയുന്നതിനു വേണ്ടിയുള്ള പദ്ധതികളാണ് ജപ്പാൻ പ്രതിനിധി സംഘം അവതരിപ്പിച്ചിരിക്കുന്നത്. ഇതിനു പുറമേ വയോജനക്ഷേമത്തിനു വേണ്ടിയുള്ള യന്ത്രസാമഗ്രികളും വ്യാപാർ 2017 ൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

കഴിഞ്ഞ വർഷമാണ് കേരളത്തിൽ നിന്നുള്ള പ്രതിനിധി സംഘവും ജപ്പാനിലെ സാനിൻ പ്രവിശ്യയിൽ നിന്നുള്ള അഞ്ചംഗ മേയർ സമിതിയും ധാരണാപത്രം ഒപ്പിട്ട

# ബർഗറിൽ ചിക്കനു പകരം ചക്ക

കേരളത്തിൽനിന്ന് കടൽ കടന്നു പോകുന്ന ചക്ക ഇടംപിടിക്കുന്നത് സായിപ്പിന്റെ ബർഗറിൽ. അമേരിക്കൻ വിഭവമായ ടെരിയാക്കിയിൽ കോഴിയിറച്ചിക്കു പകരം പച്ചച്ചക്കയ്ക്ക് സ്ഥാനം. ഇപ്പോഴിതാ ചക്കക്കുരു പൊടിച്ച പാസ്തയും പുതിയ താരമാകുന്നു.

ഇവിടെ വഴിയിൽ കിടന്ന് ചീഞ്ഞു നശിക്കുന്ന ചക്ക വിദേശത്ത് കേരളത്തിന്റെ പ്രകൃതി ദത്ത ഉല്പന്നങ്ങളുടെ പട്ടികയിലാണുള്ളത്. ചക്ക അധിഷ്ഠിത ഉല്പന്നങ്ങൾക്ക് അവിടെ വൻ ഡിമാൻഡാണെന്ന് ചക്കക്കുരു കഴിക്കുന്നത് ദാരിദ്ര്യത്തിന്റെ സൂചനയാണെന്ന് കരുതിയിരുന്ന മലയാളി അറിയുന്നില്ല.

വ്യാപാർ-2017 ലും ചക്കയാണ് താരം. ചക്കയിൽനിന്ന് ഇരുപതോളം ഉല്പന്നങ്ങളുണ്ടാക്കുന്ന കമ്പനികൾ വരെ വ്യാപാറിലുണ്ടായിരുന്നു. അമേരിക്കയിൽ നിന്നും യൂറോപ്പിൽ നിന്നുമുള്ള ആവശ്യത്തിനനുസരിച്ച് ബർഗറിനുള്ളിൽ വയ്ക്കുന്ന കട്‌ലറ്റ്, അമേരിക്കൻ ഭക്ഷണമായ ടെരിയാക്കി എന്നിവയ്ക്കുവേണ്ടിയെല്ലാം ചക്കയ്ക്ക് കരാർ ലഭിക്കുന്നുണ്ടെന്ന് കണ്ണൂരിൽ നിന്നുള്ള കെ.സുഭാഷ് പറഞ്ഞു. ചക്കക്കുരു പൊടിച്ചെടുത്താണ് പാസ്ത നിർമിക്കുന്നതെന്ന് അദ്ദേഹം പറയുന്നു.

കേരളത്തിലെ പ്രധാന പ്രശ്നം ഇവിടെ ചക്ക സുലഭമാണ് എന്നതാണെന്ന് ഈ രംഗത്ത് പ്രവർത്തിക്കുന്ന ജാ




ത്. 2020 ഓടെ ഇരു രാജ്യങ്ങളും തമ്മിൽ 100 കമ്പനികളുമായി വാണിജ്യ സഹകരണം ഉണ്ടാക്കാനാണ് ഇൻജാക്ക് ലക്ഷ്യമിടുന്നത്.

## പ്രതിരോധ ഉപകരണങ്ങളുമായി എസ്തർ ഏവിയോണിക്സ്

പ്രതിരോധരംഗത്തെ സ്വദേശിവത്കരണത്തിൽ നിർണായക പങ്കു വഹിക്കാനാവുന്ന പ്രദർശനമാണ് എസ്തർ ഏവിയോണിക്സ് ഒരുക്കിയിട്ടുള്ളത്. ആളില്ലാവിമാനമാണ് ഇവരുടെ ഉത്പന്നം. നിലവിൽ ഇന്ത്യയിലെ പ്രതിരോധരംഗം വിദേശ ഉത്പന്നങ്ങളെ ആശ്രയിച്ചാണ് മുന്നോട്ടു പോകുന്നതെന്ന് കമ്പനിയുടെ ഗവേഷക വിഭാഗം തലവൻ ബെന്യാമിൻ ജോർജ് പറയുന്നു. എന്നാൽ വിദേശ ഉത്പന്നങ്ങളേക്കാൾ ഗുണമേന്മയേറിയതും ചെലവ് കുറഞ്ഞതുമായ





ഫർ മണലോടി പറയുമ്പോൾ വിചിത്രമായി തോന്നും. ഇവിടെയുണ്ടാകുന്ന ചക്കയുടെ 75 ശതമാനം പാഴായി പോവുകയാണ്. ബാക്കി വരുന്നതിന്റെ വളരെ കുറച്ചു മാത്രമേ നമ്മുടെ വാണിജ്യാവശ്യത്തിന് ലഭിക്കുന്നുള്ളൂവെന്ന് അദ്ദേഹം പറഞ്ഞു. തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലേക്കാണ് ചക്ക കൊണ്ടുപോകുന്നതെന്നും അദ്ദേഹം പറഞ്ഞു.

കീടനാശിനി വിമുക്തവും ആരോഗ്യവർധകവുമാണെന്നതാണ് ചക്കയുടെ പ്രധാന വാണിജ്യ സവിശേഷത. മലേഷ്യ, തായ്‌ലാൻഡ് എന്നീ രാജ്യങ്ങളിൽനിന്നും ചക്ക വിദേശത്തെത്തുന്നുണ്ടെങ്കിലും അതെല്ലാം കൃഷി ഉത്പന്നമായിട്ടാണ് പരിഗണിക്കപ്പെടുന്നത്. കേരളത്തിലെ ചക്കയെ ആണ് വിദേശരാജ്യങ്ങളിൽ പ്രകൃതി ദത്ത ഇനത്തിൽ പെടുത്തിയിരിക്കുന്നത്. അതിനാൽ കേരളത്തിൽ നിന്നുള്ള ചക്ക അധിഷ്ഠിത ഉത്പന്നങ്ങൾക്ക് വൻഡിമാന്റാണ്.

ചക്കയ്ക്കൊപ്പം നാളികേരം, വെന്ത വെളിച്ചെണ്ണ എന്നിവയുടെ ആരോഗ്യപ്രാധാന്യത്തെക്കുറിച്ച് അമേരിക്കയിലും യൂറോപ്പിലും നടന്ന ശാസ്ത്ര പഠനങ്ങൾ ഏറെ ഗുണം ചെയ്തിട്ടുണ്ട്. അതിനാൽ തന്നെ ചക്ക, തേങ്ങ അധിഷ്ഠിത വ്യവസായങ്ങൾക്ക് കയറ്റുമതി മേഖലയിൽ മികച്ച അവസരങ്ങളാണ് ലഭിക്കുന്നതെന്ന് വ്യവസായികൾ പറയുന്നു.

വെന്ത വെളിച്ചെണ്ണയുടെ ആരോഗ്യപ്രാധാന്യം പാശ്ചാത്യ ലോകം തിരിച്ചറിഞ്ഞതോടെ ഈ രംഗത്തെ കയറ്റുമതി ഗണ്യമായി വർധിച്ചിട്ടുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അതിന്റെ പ്രതിഫലനം നാളികേര അധിഷ്ഠിത ചെറുകിട വ്യവസായങ്ങൾക്കും ലഭിച്ചിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള നാളികേരത്തിന്റെ മൂല്യവർധക വസ്തുക്കൾ ചൈന, മലേഷ്യ, സിംഗപ്പൂർ, യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളിൽ വ്യാപകമായി വിറ്റഴിക്കപ്പെടുന്നുണ്ട്. ആഗോള ഓൺലൈൻ വ്യാപാര ശൃംഖലകളിലും കേരളത്തിൽ നിന്നുള്ള ഉത്പന്നങ്ങൾക്ക് വൻഡിമാന്റാണെന്ന് ഈ രംഗത്തെ സംരംഭകനായ ഉബൈസ് അലി പറഞ്ഞു. വ്യാപാറിലൂടെ മികച്ച പ്രതികരണമാണ് ബയർമാരിൽ നിന്നുണ്ടാകുന്നതെന്നും അദ്ദേഹം പറഞ്ഞു.

വ്യാപാറിൽ ഏറ്റവുമധികം സ്റ്റാളുകൾ നിരന്നത് ഭക്ഷ്യ സംസ്കരണ മേഖലയിൽ നിന്നാണ്. ഏറ്റവും കൂടുതൽ അന്വേഷണങ്ങൾ നടക്കുന്നതും ഈ മേഖലയിൽ നിന്നു തന്നെ.

ഉപകരണങ്ങളാണ് തങ്ങൾ മുന്നോട്ടു വയ്ക്കുന്നതെന്ന് അദ്ദേഹം അവകാശപ്പെട്ടു.

ആളില്ലാ വിമാനത്തിന്റെ മാതൃക ഇതിനകം തന്നെ ഡിആർഡിഒ, ബിഎസ്എഫ് എന്നിവയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രദർശനങ്ങളും ഇവർ ഒരുക്കാറുണ്ട്.

മികച്ച സാങ്കേതികത്തികവുള്ള ഗുണനിലവാരമുള്ള പ്രതിരോധ ഉപകരണങ്ങൾ നമ്മുടെ സേനാവിഭാഗങ്ങൾക്ക് നൽകുന്ന തരത്തിൽ സംസ്ഥാനത്തെ ചെറുകിട-സൂക്ഷ്മ വ്യവസായങ്ങളെ വളർത്തിയെടുക്കാൻ വാണിജ്യ-വ്യവസായ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടെന്ന് ഡയറക്ടർ പിഎം ഫ്രാൻസിസ് പറഞ്ഞു.

മൊബൈൽ ഫോണുകളുടെ ടച്ച് സ്ക്രീൻ നിലവാരം ഉറപ്പുവരുത്താൻ ശസ്ത്ര റോബോട്ടിക്സ് തയാറാക്കിയ








റോബോട്ട് കാണികളിൽ കൗതുകമുണർത്തി. ടച്ച് സ്ക്രീനുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കുവാൻ തങ്ങളുടെ സാങ്കേതികത്തികവിന് സാധിക്കുമെന്ന് ഡിസൈൻ എൻജിനീയർ ജി.അർജുൻ അവകാശപ്പെട്ടു. പാലക്കാട് ഗവ. എൻജീനിയറിംഗ് കോളേജിൽ നിന്നും പഠിച്ചിറങ്ങിയ മൂന്ന് വിദ്യാർത്ഥികളുടെ സ്റ്റാർട്ടപ് ആണ് ഇതിന് രൂപം നൽകിയത്. ബഹുരാഷ്ട്ര കമ്പനിയായ ബോഷ് ശസ്ത്രയുടെ ഉപഭോക്താവാണ്.

ഇതു കൂടാതെ നാണയം ഇടുമ്പോൾ കുടിവെള്ളം ലഭിക്കുന്ന വാട്ടർ എടിഎം, ശരീരത്തിലെമുറിവും, ഭക്ഷ്യമാംസവും മറ്റും ശുചിയാക്കുന്ന ഓസോണൈസർ എന്നിവയും സന്ദർശകരിൽ താത്പര്യമുണർത്തി.

## ആയുർവേദ സൗന്ദര്യവർദ്ധകങ്ങൾക്ക് ആവശ്യക്കാരേറെ

കേരളത്തിന്റെ കേൾവി കേട്ട ആയുർവേദം വിദേശരാജ്യങ്ങളിൽ ഏറെ പ്രിയപ്പെട്ടതാണെന്ന് തെളിയിക്കുന്നതായിരുന്നു വ്യാപാർ-2017. സൗന്ദര്യവർധക വസ്തുക്കൾ, പോഷക ഭക്ഷ്യോല്പന്നങ്ങൾ (ഫുഡ് സപ്ലിമെന്റ്സ്) എന്നിവയിലാണ് ഏറ്റവുമധികം അന്വേഷണങ്ങൾ ആയുർവേദ മേഖലയിലുണ്ടായത്.

മുൻകാലങ്ങളെ അപേക്ഷിച്ച് ആയുർവേദ വ്യവസായങ്ങളുടെ പങ്കാളിത്തം ഈ വർഷത്തെ ബിസിനസ് മീറ്റിൽ കൂടുതലായിരുന്നു. വിദേശരാജ്യങ്ങളിലും ഇതര സംസ്ഥാനങ്ങളിലും ഔഷധങ്ങളേക്കാൾ കൂടുതൽ ഡിമാൻഡ് സൗന്ദര്യവർധക വസ്തുക്കൾക്കായിരുന്നു.

കേരളത്തിലേതിന് സമാനമായ ഭൂപ്രകൃതിയുള്ള ശ്രീലങ്കയിൽനിന്ന് ഒരു പ്രതിനിധി സംഘം തന്നെ ഇക്കുറി വ്യാപാർ-2017 ൽ എത്തിയിരുന്നു. അവർ നടത്തിയ അന്വേഷണങ്ങളേറെയും ആയുർവേദ സൗന്ദര്യവർധക വസ്തുക്ക



ളിലും സുഖചികിത്സ പോലുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളിലുമായിരുന്നു. കേശ സംരക്ഷണത്തിനുള്ള ഉത്പന്നങ്ങളിലാണ് ശ്രീലങ്കയിൽനിന്നു വന്ന പ്രതിനിധികൾ പ്രത്യേക താത്പര്യം കാട്ടിയതെന്ന് ഡോ. ജിത ഷാജി വ്യക്തമാക്കി.

കയറ്റുമതി താത്പര്യം മുൻനിറുത്തി അന്വേഷണങ്ങൾ നിരവധി എത്തിയിട്ടുണ്ടെന്ന് ആയുർവേദ സംരംഭകൻ അജികുമാർ ടി പറഞ്ഞു. ഈ അന്വേഷണങ്ങളിൽ കൃത്യമായ തുടർനടപടികൾ എടുക്കേണ്ടതുണ്ട്. സോപ്പ്, പോഷക ഭക്ഷ്യോല്പന്നങ്ങൾ, ഊർജദായക പാനീയങ്ങൾ, ഹൃദയമിടിപ്പ് നിയന്ത്രിക്കുന്ന അംഗീകൃത മരുന്നുകൾ എന്നിവയ്ക്കും അന്വേഷണങ്ങൾ ഏറെയുണ്ടായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

മൂന്നൂറിൽപരം സുഗന്ധത്തിൽ സോപ്പുകളുണ്ടാക്കുന്ന സംരംഭങ്ങളും വ്യാപാർ-2017 ൽ പങ്കെടുത്തു. സോപ്പിന്റെ 25 ശതമാനം സുഗന്ധചേരുവകൾ ചേർത്താണ് നിർമ്മിക്കുന്നതെന്നതിനാൽ വിദേശരാജ്യങ്ങളിൽ നിന്നുള്ള അന്വേഷണങ്ങൾ നിരവധിയുണ്ടായിരുന്നുവെന്ന് സംരംഭകനായ അറുമുഖൻ പതിച്ചിറ പറഞ്ഞു.

പേറ്റന്റ് ഉള്ള മരുന്നുകൾക്കെല്ലാം മികച്ച അന്വേഷണങ്ങളാണ് ലഭിച്ചതെന്ന് പ്രമുഖ ആയുർവേദ സംരംഭത്തിന്റെ മാർക്കറ്റിംഗ് വിഭാഗത്തിൽ ജോലി ചെയ്യുന്ന പി.എസ് മധു ചൂണ്ടിക്കാട്ടി. പോഷക ഭക്ഷണം എന്ന പേരിലാണ് പല മരുന്നും വിദേശത്തേക്ക് അയക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ അന്താരാഷ്ട്ര പേറ്റന്റുള്ള മരുന്നുകൾക്ക് കൂടുതൽ അന്വേഷണങ്ങൾ ഉണ്ടെന്നും മധു പറഞ്ഞു.




വിദേശരാജ്യങ്ങളിൽ നിന്നുള്ള അന്വേഷണങ്ങൾ മാത്രമല്ല ആയുർവേദത്തിലുള്ളത്. ഉത്തരേന്ത്യയിൽനിന്ന് നിരവധി അന്വേഷണങ്ങളാണ് സംരംഭകർക്ക് ലഭിക്കുന്നത്. ടൂറിസം വ്യവസായത്തിൽ അധിഷ്ഠിതമായ ഉത്പന്നങ്ങൾക്കാണ് ഡിമാന്റ് കൂടുതലെന്നും സംരംഭകർ വ്യക്തമാക്കി.

## അവസാന ദിനം വൻതിരക്ക്

വ്യാപാർ 2017 ന്റെ അവസാന ദിവസം വൻ ജനത്തിരക്ക്. ആദ്യ ദിനങ്ങളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്ത ബയർമാർക്ക് മാത്രമേ പ്രവേശനം അനുവദിച്ചിരുന്നുള്ളൂ. അതിനാൽ തന്നെ രജിസ്റ്റർ ചെയ്യാൻ സാധ്യമാകാതിരുന്നവർക്ക് കൂടി വ്യാപാർ-2017 പ്രയോജനപ്പെടുത്തുന്നതിനാണ് ഈ അവസരം ഒരുക്കിയത്.

രാവിലെ മുതൽ തന്നെ രജിസ്ട്രേഷനായി നീണ്ട നിരയാണ് ബോൾഗാട്ടി പാലസ് കൺവെൻഷൻ സെന്ററിൽ കാണാനായത്. ഉച്ചയ്ക്ക് രണ്ട് മണിവരെയാണ് ഈ സൗകര്യം ഒരുക്കിയിരുന്നതെങ്കിലും അതു കഴിഞ്ഞും ജനങ്ങൾ പ്രദർശനവേദിയിലേക്ക് എത്തിയിരുന്നു. സ്പോട്ട് രജിസ്ട്രേഷനിലൂടെ 334 പേരാണ് വ്യാപാർ 2017 ൽ എത്തിയത്.

ചെറുകിട-സൂക്ഷ്മവ്യവസായങ്ങൾ കേരളത്തിൽ എത്രമാത്രം സംരംഭക സൗഹൃദമാണെന്ന് തെളിയിക്കുന്നതായിരുന്നു ജനങ്ങൾ കാണിച്ച ആവേശമെന്ന് കെ- ബിപ് സിഇഒ വി.രാജഗോപാൽ പറഞ്ഞു. വരുംവർഷങ്ങളിൽ കൂടുതൽ ബയർമാരും സംരംഭകരും വ്യാപാറിൽ എത്തുമെന്നതിന്റെ സൂചനയാണിതെന്നും അദ്ദേഹം പറഞ്ഞു.

ഇരുനൂറ് സംരംഭകരാണ് വ്യാപാർ-2017 ൽ സെല്ലർമാരായി ഉണ്ടായിരുന്നത്.

## സുതാര്യമായ തിരഞ്ഞെടുപ്പ്

വ്യാപാർ 2017 ൽ പങ്കാളികളാകുന്ന സംസ്ഥാനത്തെ ചെറുകിട സംരംഭങ്ങളെ അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയാണ് തിരഞ്ഞെടുത്തത്. ഇവരുടെ ഉൽപന്നങ്ങളും സാങ്കേതിക വിദ്യകളും വ്യവസായ, വാണിജ്യ സംഘങ്ങൾക്കു മുന്നിൽ അവതരിപ്പിക്കുകയുണ്ടായി. അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി സംസ്ഥാനത്തിനകത്തെ വിവിധ ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത ചെറുകിട വ്യവസായ യൂണിറ്റുകളുടെ രജിസ്ട്രേഷനും, പങ്കാളിത്തവും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഉറപ്പു വരുത്തുകയും, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായ ഉപതിരഞ്ഞെടുപ്പ് സമിതി ഈ ഏഴ് മേഖലയിൽ നിന്നും 200

ചെറുകിട വ്യവസായ യൂണിറ്റുകളെ തിരഞ്ഞെടുക്കുകയും ചെയ്തു.

ജില്ലാ വ്യവസായകേന്ദ്രങ്ങൾ വഴി സംസ്ഥാനത്തിനകത്തെ ചെറുകിട വ്യവസായ സംരംഭകർ സമർപ്പിച്ച 331 രജിസ്ട്രേഷനുകളിൽ നിന്നും 230 ചെറുകിട യൂണിറ്റുകളെ തിരഞ്ഞെടുത്തു. തിരഞ്ഞെടുത്ത ചെറുകിട വ്യവസായ യൂണിറ്റുകളുടെ വിവരങ്ങൾ വ്യാപാർ 2017 ന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralabusinessmeet.org ൽ ലഭ്യമാക്കിയിരുന്നു.

വിപണി സാധ്യതകൾ, വിപണിയുടെ സ്വഭാവം, ഗുണനിലവാര മാനദണ്ഡങ്ങൾ എന്നിവയെപ്പറ്റി ധാരണയുണ്ടാകാൻ ഇത് ചെറുകിട സംരംഭകരെ സഹായിച്ചു. ബിസിനസ്സ് ഹൗസുകൾ, ഉപഭോക്താക്കൾ, വ്യാപാര സംഘങ്ങൾ, കയറ്റുമതി സംഘങ്ങൾ, വാണിജ്യ, വ്യവസായ, വിപണന കയറ്റുമതി സംഘങ്ങളുടെ പ്രതിനിധികൾ എന്നിവരാണ് ബയർമാരായി എത്തിയത്.

ബയർമാർ മീറ്റിൽ പങ്കെടുക്കാനായി വ്യപാർ 2017 ന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralabusinessmeet.org ഓൺലൈൻ വഴിയാണ് രജിസ്റ്റർ ചെയ്തത്. ഈ മീറ്റിൽ ദേശീയ തലത്തിൽ നിന്നും കുറഞ്ഞത് 300 ബയർമാരുടെയും അന്തർദേശീയ തലത്തിൽ നിന്നും കുറഞ്ഞത് 75 ബയർമാരുടെയും പങ്കാളിത്തം ഫിക്കി ഉറപ്പു വരുത്തിയിരുന്നു.

ബയർമാരുടെ 683 രജിസ്ട്രേഷനുകൾ ലഭിച്ചു. ഇതിൽ ദേശീയ തലത്തിൽ നിന്നും 523 ബയർമാരുടെയും അന്തർദേശീയ തലത്തിൽ നിന്നും 160 ബയർമാരുടെയും രജിസ്ട്രേഷനുകൾ ഉൾപെട്ടിരുന്നു. ദേശീയ തലത്തിലുള്ള രജിസ്ട്രേഷനുകൾ 18 സംസ്ഥാനങ്ങളിൽ നിന്നും അന്തർദേശീയ തലത്തിലുള്ള രജിസ്ട്രേഷനുകൾ 46 രാജ്യങ്ങളിൽ നിന്നുമാണ് ലഭിച്ചത്.

398 ബയർമാർ ഇന്ത്യയ്ക്ക് അകത്തു നിന്നും 82 ബയർമാർ വിദേശത്ത് നിന്നുമുള്ളവരാണ്. ഇതു കൂടാതെ ജപ്പാനിൽ നിന്ന് 39 പേരടങ്ങുന്ന ഒരു ഡെലിഗേഷൻ വന്നിരുന്നു.

വ്യാപാർ 2017 നോടനുബന്ധിച്ച് വിവിധ രാജ്യങ്ങളുടെ നയതന്ത്ര പ്രതിനിധികളുടെ സമ്മേളനം നവംബറിൽ ഡൽഹിയിൽ സംഘടിപ്പിച്ചിരുന്നു. മുഖ്യമന്ത്രി പിണറായി വിജയനാണ് ഈ സമ്മേളനത്തെ അഭിസംബോധന ചെയ്തത്. മുപ്പതോളം രാജ്യങ്ങളിൽ നിന്നുള്ള അംബാസഡർമാരും ഹൈക്കമ്മീഷണർമാരും ഇതര നയതന്ത്ര പ്രതിനിധികളുമാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

ആന്ധ്രാ, തെലുങ്കാന, കൊൽക്കത്ത, പുതുച്ചേരി തുടങ്ങിയ മേഖലയിലെ ബയർമാരെ ലക്ഷ്യമിട്ടും പ്രചാരണ പരിപാടി സംഘടിപ്പിച്ചിരുന്നു. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കോമേഴ്സ് & ഇൻഡസ്ട്രിയുമായി (ഫിക്കി) സഹകരിച്ചാണ് പരിപാടി നടത്തിയത്.



Food Products Processing Plants Machines and Equipments Since 1982.

Sonex METAL COMBINES

Regd. Office & Works : Pongam, Koratty East P.O., Thrissur Dist., Kerala - 680 308
Phone : 0480-2732232, Fax : 2730575,
E-mail: sonexmetal@bsnl.in, sonexmetalcombines@gmail.com, Website:www.sonexmetalcombines.com

ഡോ. മേരി ജോർജ്

# എം. എസ്. എം. ഇ മേഖലയും കേന്ദ്രബഡ്ജറ്റും



ആഗോള മാന്ദ്യ (2008-10) ത്തിന്റെ പിടിയിൽ നിന്ന് ലോകരാഷ്ട്രങ്ങൾ രക്ഷപ്പെട്ടു തുടങ്ങിയെങ്കിലും തൊഴിൽ വളർച്ചാനിരക്ക് വേണ്ടത്ര ഉയർന്നിട്ടില്ല. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കണക്കനുസരിച്ച് കഴിഞ്ഞ ആറു വർഷമെടുത്താൽ ആഗോള മൊത്ത വരുമാന വളർച്ച ഏറ്റവും കുറഞ്ഞ വർഷമായിരുന്നു 2016. അതുകൊണ്ടുതന്നെ തൊഴിൽ മേഖലയുടെ വളർച്ച വൈവിദ്ധ്യ ഗുണനിലവാരങ്ങളിൽ തൊഴിലന്വേഷകരെ നിരാശപ്പെടുത്തി. തന്നെയുമല്ല തൊഴിൽ ലഭ്യത ആവശ്യത്തേക്കാൾ വളരെ താഴെയായിരുന്നു. ജനസംഖ്യയുടെ നല്ലൊരു ഭാഗം തൊഴിൽ പ്രാപ്തിയുള്ളവരുടെ ഗണത്തിൽ ഉൾപെട്ട ഇന്ത്യയിൽ കഴിഞ്ഞ രണ്ടു പതിറ്റാണ്ടിലേറെയായി തൊഴിൽ സൃഷ്ടിക്കാത്ത വളർച്ചയാണ് രേഖപ്പെടുത്തുന്നതെന്ന വിമർശനം നിലനിൽക്കുന്നു. ഓരോ വർഷവും 17 ദശലക്ഷം തൊഴിലന്വേഷകരാണ് പുതുതായി തൊഴിൽ വിപണിയിൽ എത്തിപ്പെടുന്നതെന്നാണ് തൊഴിൽ മന്ത്രാലയത്തിന്റെ കണ്ടെത്തൽ. ഇന്ത്യയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ നാമമാത്ര- ഇടത്തരം- ചെറുകിട സംരംഭങ്ങൾ വഹിക്കുന്ന പങ്ക് നിസ്സീമമാണ്. ഈ സാഹചര്യത്തിലാണ് 2017-18 ബഡ്ജറ്റ് ഈ മേഖലയെ എങ്ങനെ ഉൾകൊള്ളുന്നു എന്ന് വിശകലനം ചെയ്യേണ്ടത്.

**നോട്ടസാധുവാക്കൽ നൽകിയ പ്രഹരം**

നവംബർ എട്ടിന് രാത്രി എട്ട് മണിക്ക് ഇന്ത്യൻ പ്രധാനമന്ത്രിയുടെ അമ്പരപ്പിക്കുന്ന പ്രഖ്യാപനമുണ്ടായി. നിലവിലിരിക്കുന്ന 500, 1000 രൂപ നോട്ടുകൾ അസാധുവാക്കിക്കൊണ്ട്. അതോടെ നിലവിലുണ്ടായിരുന്ന പണത്തിന്റെ 86.4 ശതമാനം ഒറ്റയടിക്ക് അപ്രത്യക്ഷമായി. ഒരു സമ്പദ് ഘടനയെ സംബന്ധിച്ചിടത്തോളം പണം അതിനെ ചലനാത്മകമാക്കുന്ന എണ്ണയാണ്. എണ്ണ തീർന്നാൽ ഏത് എഞ്ചിനും ഇടിച്ചു നിൽക്കും. ഏതാണ്ട് ആ അവസ്ഥയിലേയ്ക്ക് നീങ്ങുകയായിരുന്നു ഇന്ത്യൻ സമ്പദ്ഘടന. സെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യൻ ഇക്കോണമി കണക്കനുസരിച്ച് കറൻസി അസാധുവാക്കൽ പ്രഖ്യാപനം ഇന്ത്യൻ ഇക്കോണമിക്ക് കനത്ത പ്രഹരമാണേൽപിച്ചത്. നഗരങ്ങളിലും അതിലുമുപരി ഗ്രാമങ്ങളിലും തൊഴിൽ ദിന നഷ്ടത്തിന് ആക്കം കൂടി. ഇന്ത്യയിൽ 96 ശതമാനം ജനങ്ങളും ഉപജീവനം കണ്ടെത്തുന്നത് അനൗപചാരിക മേഖലയിലാണ്. നോട്ട് അസാധുവാക്കൽ അനൗപചാരിക മേഖലയുടെ നട്ടെല്ലാണ് തകർത്തത്. തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടതോടെ ജനങ്ങളുടെ വാങ്ങൽശേഷി കുത്തനെ ഇടിഞ്ഞു. ഉപഭോക്തൃ വിലസൂചിക 2016 രണ്ടാം ക്വാർട്ടറിൽ അഞ്ച് ശതമാനത്തിനു മുകളി

ലായിരുന്നത് മൂന്നാം ക്വാർട്ടറിൽ 3.7 ശതമാനമായി കുറഞ്ഞു. കറൻസി അസാധുവാക്കൽ നടപടി സാമ്പത്തിക വളർച്ചയെ ഹ്രസ്വകാലത്തു മാത്രമല്ല ദീർഘകാലാടിസ്ഥാനത്തിലും കുറയ്ക്കുമെന്ന ഭയം എല്ലാ മേഖലകളിലും രൂപം പൂണ്ടു. ഈ പ്രതിസന്ധി ഘട്ടത്തിലാണ് പണത്തിന് പ്രാധാന്യം കുറയുന്ന (ലസ് ക്യാഷ്) ക്രയവിക്രയ രീതിയിലേയ്ക്ക് മാറണം എന്ന ആഹ്വാനവുമായി പ്രധാനമന്ത്രി മുന്നോട്ടു വരുന്നത്. എന്നാൽ 78 ശതമാനം ക്രയവിക്രയങ്ങളും പണം അടിസ്ഥാനമാക്കി നടത്തപ്പെടുന്ന ഒരു സമ്പദ് ഘടനയെ പൊടുന്നനെ പണരഹിത വ്യവസ്ഥയിലേയ്ക്ക് മാറ്റിയെടുക്കുക അസാദ്ധ്യവും അപകടകരവുമാണെന്ന് വൈകിയെങ്കിലും മനസ്സിലാക്കി, ഒരു മാന്ദ്യവിരുദ്ധ പാക്കേജ് ആയാണ് ബഡ്ജറ്റ് 2017 –18 നമുക്ക് മുമ്പിലെത്തിയത്.

## എം. എസ്. എം. ഇക്ക് അഞ്ച് ശതമാനം നികുതിയിളവ്

കോർപറേറ്റ് മേഖലയുടെ നികുതി ഇന്ത്യയിൽ ഉയർന്ന തലത്തിൽ തന്നെ. യു. എ. ഇ യും യു. എസ് ഉം യഥാക്രമം 55%, 40% കമ്പനി വരുമാന നികുതി നിരക്കുകളോടെ ആഗോളതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങളിൽ നിൽക്കുമ്പോൾ 34.61 ശതമാനം നികുതി ഈടാക്കിക്കൊണ്ട് ആറാം സ്ഥാനത്ത് നിൽക്കുകയാണ്. ഘട്ടംഘട്ടമായി ഇത് 20 ശതമാനത്തിൽ എത്തിക്കുമെന്ന് ആദ്യബജറ്റിൽ തന്നെ ഈ ഗവൺമെന്റ് വാഗ്ദാനം ചെയ്തിരുന്നു. ഇത്തവണത്തെ പ്രത്യേക സാഹചര്യത്തിൽ കോർപറേറ്റ് മേഖല പ്രതീക്ഷയോടെ കാത്തിരുന്നു. എന്നാൽ 50 കോടി വരെ വിറ്റുവരവുള്ള നാമമാത്ര– ഇടത്തരം– ചെറുകിട കമ്പനികളുടെ നികുതി 30%–ൽ നിന്ന് അഞ്ച് ശതമാനം കുറച്ചു കൊണ്ടുള്ള പ്രഖ്യാപനമാണ് ബഡ്ജറ്റിലുണ്ടായത്. വൻകിട കോർപറേറ്റുകളെ നിരാശപ്പെടുത്തി. എന്നാൽ നാമമാത്ര– ഇടത്തരം– ചെറുകിട സംരംഭകർക്ക് ഇത് വലിയ ആശ്വാസവും ഉത്തേജനവുമാകും. ഈ ഗണത്തിൽ 6.94 ലക്ഷം സംരംഭങ്ങളാണുള്ളത്. അതിൽ 96% ഉം അഥവാ 6.67 ലക്ഷം സംരംഭങ്ങളും 50 കോടിയോ അതിൽ താഴെയോ വിറ്റുവരവുള്ളവയാണ്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഇവയ്ക്ക് ആനുകൂല്യം നൽകി അവയെ മത്സരക്ഷമതയുള്ളവയും, പ്രവർത്തന മികവുള്ളതുമാക്കുകയുമാണ് ലക്ഷ്യം.

## ഇളവ് പരിമിതം

ഇൻഫോസിസിന്റെ സഹസ്ഥാപക പ്രതിഭയായ എസ്. ഗോപാലകൃഷ്ണന്റെ അഭിപ്രായത്തിൽ ഈ നികുതി ആനുകൂല്യം ഉദ്ദേശിച്ച തൊഴിൽ സൃഷ്ടിക്ക് തീർത്തും അപ്രാപ്യമാണ്. ചെറുകിട– ഇടത്തരം– സംരംഭങ്ങളുടെ ചരിത്രം പരിശോധിച്ചാലറിയാം ഒരു പുതിയ സംരംഭം തുടങ്ങിയാൽ ആദ്യ അഞ്ച് വർഷക്കാലമാണ് ഏറ്റവുമധികം തൊഴിവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. അപ്പോഴേയ്ക്കും സംരംഭം വളർച്ചയുടെ ദശ അതിജീവിച്ചിരിക്കും. പിന്നീട് തൊഴിൽ സൃഷ്ടി നാമമാത്രം. തന്മൂലം പുതു സംരംഭങ്ങളെ ആകർഷിക്കാനുള്ള നടപടികൾ ബഡ്ജറ്റിൽ കൂടുതൽ വേണമായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നൈപുണി വികസനത്തിലൂന്നിയ പദ്ധതികൾക്കും സ്റ്റാർട്ടപ്പുകൾക്കും നൽകിയിട്ടുള്ള ഊന്നൽ നാമമാത്രമാണ്.



## ശാസ്ത്ര – സാങ്കേതിക വിദ്യയുമായി കൈകോർക്കണം

ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട സത്യമാണ് വികസിത, വികസ്വര രാജ്യങ്ങൾ തമ്മിലുള്ള സാമൂഹ്യ, സാമ്പത്തിക വ്യത്യാസം മറികടക്കാനുള്ള ഉത്തമ മാർഗം വികസ്വര രാഷ്ട്രങ്ങൾ സ്വന്തം നിലയിൽ സാങ്കേതിക വിദ്യയിലും തൊഴിൽ നൈപുണിയിലും മുന്നേറ്റം നടത്തുകയാണെന്നത്. അതിന് ശാസ്ത്രവും സംരംഭകരും തമ്മിൽ ഇടപഴകലുണ്ടാവണം. ശാസ്ത്രം വികസിപ്പിച്ചെടുക്കുന്ന നൂതന ആശയങ്ങൾ സംരംഭകലോകം ഉൾകൊണ്ട് പുതിയ ഉൽപന്നങ്ങളാക്കി മാറ്റണം. അത്തരം പാരസ്പര്യത്തിലൂടെ മാത്രമേ ശാസ്ത്രവും സാങ്കേതികവിദ്യയും രാജ്യവും ഒത്തുചേർന്ന് വികസിക്കുകയുള്ളൂ. ഇന്ത്യയിൽ ശാസ്ത്രപഠനം വേണ്ടത്ര പരിപോഷിപ്പിക്കപ്പെടുന്നില്ല. ശാസ്ത്രലാബുകൾ സംരംഭങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്നില്ല. സംരംഭകർ കാലഹരണപ്പെട്ട് മറ്റ് രാജ്യങ്ങൾ തിരസ്കരിച്ച സാങ്കേതിക വിദ്യയ്ക്കു പിന്നാലെയാണ്.

"നോമുറ" എന്ന ആഗോള പ്രശസ്ത ജാപ്പനീസ് റേറ്റിങ് ഏജൻസി നിരീക്ഷിച്ചതോർക്കുക. ട്രംപ് എച്ച് 1 ബി വിസ ചട്ടം കർശനമാക്കിയാലും ഇന്ത്യയ്ക്ക് തിരിച്ചടിയാവുകയില്ല. കാരണം അമേരിക്കയിലെ ഐ. റ്റി. തൊഴിൽ രംഗത്ത് 80– 86 ശതമാനവും ഇന്ത്യാക്കാരാണ്. അതെ ഇന്ത്യക്കാർ ബുദ്ധിയും ശാസ്ത്ര/ സാങ്കേതിക മികവുമുള്ളവരാണ്. ഇന്ത്യയുടെ വളർച്ചയ്ക്കും വികസനത്തിനുമായി ആ മികവ് പ്രയോജനപ്പെടുത്താൻ നാളിതുവരെ കഴിഞ്ഞിട്ടി



ല്ലെന്നു മാത്രം.

എന്നാൽ ഐ. ടി., നൈപുണ്യ വികസനം ഇതിനൊക്കെ വിഭവവിന്യാസം നടത്തിയിട്ടുണ്ട് ബഡ്ജറ്റിൽ. ഐ. ടി. രംഗത്ത് സ്വയം പഠനം പരിപോഷിപ്പിക്കാൻ 350 ഓൺലൈൻ പഠനകേന്ദ്രങ്ങൾ, സ്വയം എന്ന പദ്ധതിക്കു കീഴിൽ വിഭാവന ചെയ്യുന്നുണ്ട്. കൂടാതെ 600 ജില്ലകളെ ഉൾപെടുത്തി 100 കൗശൽ കേന്ദ്രങ്ങൾ (നൈപുണ്യ വികസനം) ലക്ഷ്യമിടുന്നു. അതിലുമുപരി മൂന്നരക്കോടി യുവജനതയ്ക്ക് തൊഴിൽ നൈപുണ്യം പകരുമെന്നുദ്ദേശിക്കുന്ന പദ്ധതിയാണ് സങ്കൽപ് (സ്കിൽ അക്വിസിഷൻ ആന്റ് നോളജ് അവേർനസ് ഫോർ ലിവ്‌ലിഹുഡ് പ്രൊമോഷൻ പ്രോഗ്രാം. ഇതിനായി 4,000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## സംരംഭക സൗഹൃദ അന്തരീക്ഷം വേണം

ബിസിനസ് സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാനും ബഡ്ജറ്റിൽ പദ്ധതികളുണ്ട്. എന്നാൽ ബിസിനസ് തീരുമാനങ്ങൾ ഇപ്പോഴും ചുവപ്പുനാടയിൽ കുരുങ്ങിക്കിടക്കുകയാണെന്നും തീരുമാനങ്ങൾ വേഗത്തിലെടുക്കുകയും കർശനമായി നടപ്പാക്കുകയും ചെയ്യുന്നില്ലെന്ന് ആഭ്യന്തര സംരംഭകർ മാത്രമല്ല വിദേശ സംരംഭകരും ആക്ഷേപമുന്നയിക്കുകയാണ്. ഉദാ: വ്യവസായ ഇടനാഴികൾ. 2007-ൽ തുടങ്ങിയതാണ് ജപ്പാനുമായി സാങ്കേതിക സാമ്പത്തിക സഹകരണത്തോടെയുള്ള ഡൽഹി-മുംബൈ വ്യവസായ ഇടനാഴി. ജപ്പാന്റേതല്ലാത്ത കുറ്റം കൊണ്ട് എങ്ങുമെത്താതെ കിടക്കുന്നുവെന്ന് അവർ ഇന്ത്യയ്ക്കു നേരെ വിരൽ ചൂണ്ടുന്നു.

കേരളത്തിൽ സംരംഭക സൗഹൃദ അന്തരീക്ഷമാണോ? ഈ ചോദ്യം ബഡ്ജറ്റ് വിശകലവേളയിൽ ചേംബർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി പ്രതിനിധികളോടാണ് ചോദിച്ചത്. ഇല്ലേയില്ല. അവർ ഒരേ സ്വരത്തിൽ പറഞ്ഞു. എന്തൊക്കെയാണ് പ്രശ്നങ്ങൾ? അടുത്ത ചോദ്യം. അവർ അക്കമിട്ടു.

1. ചുവപ്പുനാട- ഓരോ സ്റ്റേജിലും ചുവപ്പുനാട അഴിയണമെന്നുണ്ടെങ്കിൽ അവർ ഉദ്ദേശിക്കുന്ന കൈക്കൂലി എത്തിച്ചേരണം. അവസാനം ഹതാശരായി മടിയിലിരുന്നതു പോവുകയും ചെയ്തു സംരംഭം തുടങ്ങാനുമായില്ല എന്ന നിരാശയിലേയ്ക്ക് പോകുന്നു.

2. പരിസ്ഥിതി വാദികളെന്ന വ്യാജേനയുള്ള പാര- സംരംഭം തുടങ്ങി പച്ച പിടിച്ചു തുടങ്ങുമ്പോഴാണ് ഏതെങ്കിലും അസൂയാലു പരിസ്ഥിതി മലിനീകരണ ബോർഡിനെ സമീപിക്കുന്നത്. വ്യവസായ വളർച്ച മുരടിച്ചു നിൽക്കുന്ന സംസ്ഥാനത്ത് വരുന്ന വ്യവസായങ്ങളെ ഇല്ലാത്ത കാരണങ്ങളുടെ പേരിൽ പൂട്ടിക്കുകയാണ് കപടപരിസ്ഥിതി വാദികൾ. രണ്ടു ഭാഗത്തു നിന്നും കൈക്കൂലി വാങ്ങി ഏതൊരു സംരംഭത്തിനും അന്വേഷിക്കാതെ തന്നെ പരിസ്ഥിതി അനുമതി അവസാനം നിഷേധിച്ച് ക്രൂര സംതൃപ്തി കണ്ടെത്തുന്നു പരിസ്ഥിതി വകുപ്പ്. തൂണിനും തുരുമ്പിനും കൈക്കൂലി കൊടുക്കണം. കൊടുത്താലും നീളം കുറയാത്ത ചുവപ്പുനാട.

3. തൊഴിലാളി പ്രശ്നങ്ങൾ- സ്വന്തം സംരംഭത്തിൽ പണിയുന്നവരുടെ അച്ചടക്കം ഇല്ലാതാക്കാനായി യത്നിക്കുന്നത് പുറത്തു നിന്നുള്ളവരാണ്.

4. ഹർത്താലാണ് അശനിപാതം പോലെ സംരംഭങ്ങളുടെ തലയിൽ വീഴുന്നത്. ഇത് കൂടുതൽ ബാധിക്കുന്നത് വിനോദസഞ്ചാരമേഖലയെയാണ്. വിനോദസഞ്ചാരികളെ നടുറോഡിൽ ഉപേക്ഷിക്കപ്പെടുന്ന ഹർത്താലുകൾ, പാർപ്പിടം, വെള്ളം, ഭക്ഷണം, യാത്ര എന്നിവയെല്ലാം തകർക്കപ്പെടുന്നു.

5. കിരാതമായ നോക്കുകൂലി- കടത്തിൽ കുളിച്ചു നിൽക്കുന്ന, എല്ലാ പ്രതിസന്ധികളോടും പടവെട്ടി നിൽക്കുന്ന സംരംഭകരാണ് മൂക്കുകുത്തി വീഴുന്നത്.

സംരംഭക മീറ്റുകൾ മുറയ്ക്ക് നടത്തുന്ന ഗവൺമെന്റ് സംരംഭക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ ഒന്നും ചെയ്യുന്നില്ല എന്ന് വ്യാപാരി വ്യവസായികൾ ആണയിടുന്നു. അവർ പറയുന്നു നഗര കാര്യ വകുപ്പ്, വാട്ടർ അതോറിറ്റി, റവന്യൂ വകുപ്പ് തുടങ്ങിയവയൊക്കെ വ്യവസായ മേഖലയെ തകിടം മറിക്കുന്നതോ തകർക്കുന്നതോ ആയ നിയമങ്ങളുണ്ടാക്കി മുന്നേറുകയാണ്. നിലവിലിരിക്കുന്ന വ്യവസായ സൗഹൃദ നിയമങ്ങളെപ്പോലും അട്ടിമറിക്കുന്ന രീതിയിലാണ് പുതിയ നിയമങ്ങള വ്യാഖ്യാനിച്ചു നടപ്പാക്കുന്നത്. വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം യാതൊരു വിധത്തിലും പൊതുജനതാൽപര്യത്തിന് (പരിസ്ഥിതി, സുരക്ഷിതത്വം, ആരോഗ്യം തുടങ്ങിയവ) ഹാനികരമാവാൻ പാടില്ലെന്ന് പുതിയ ഭേദഗതിയിൽ പറയുന്നു. ഒരു വ്യവസായത്തിനെതിരെ താൽപര്യങ്ങളുണ്ടെങ്കിൽ അത് പൂട്ടിക്കാൻ പൊതുജനതാൽപര്യം എന്ന വകുപ്പു ചെലുത്തിയാൽ മാത്രം മതിയെന്ന അവസ്ഥയാണ്.

സംരംഭം തുടങ്ങി, തൊഴിൽ സൃഷ്ടിക്കുന്നവനെ ബൂർഷ്വ ആയും ശത്രുവായും കാണുന്ന സമീപനം മാറ്റി, സംരംഭകനെ അനുമോദിക്കുകയും ആദരിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടാവണം. എല്ലാ നിയമങ്ങളും അനുസരിച്ച് മുന്നേറാനും, സത്യസന്ധനായ നികുതി ദായകനും, ഗുണമേന്മയേറിയ ഉൽപന്ന നിർമാതാവുമായി മാറാൻ പ്രേരിപ്പിക്കുന്ന സാഹചര്യം ഉരുത്തിരിയണം. പുതിയ, ശ്രേഷ്ഠമായ തൊഴിൽ സംസ്കാരം വളർന്നുവരണം. അന്താരാഷ്ട്ര തൊഴിൽ സംഘടന അനുശാസിക്കുന്ന (ആ അനുശാസനയിൽ ഇന്ത്യ 2010 സെപ്റ്റംബറിൽ ഒപ്പുവച്ചു) നാല് അവകാശങ്ങൾ തൊഴിലാളിക്ക് അനുവദിച്ചു നൽകണം. അവ (1) നല്ല വേതനം, (2) തൊഴിൽ സ്ഥിരത, (3) പെൻഷൻ, (4) സംഘം ചേരാൽ എന്നാൽ അവകാശങ്ങൾക്ക് പരിധിയുണ്ടെന്നും കുളിപ്പിച്ച് കുളിപ്പിച്ച് കുട്ടിയെ കുളിവെള്ളത്തോടൊപ്പം ഒഴുക്കിക്കളയരുതെന്നും തൊഴിലാളികൾ മനസ്സിലാക്കണം. എങ്കിലേ സംരംഭങ്ങൾ വളരൂ., തൊഴിൽ സൃഷ്ടിക്കപ്പെടൂ.

ESTD. 1970®

GEO

# Geo Seafoods




Geo Seafoods is a major Producer and Exporter of finest quality
Block Frozen / IQF – Raw / Blanched / Cooked
Seafood & Aquaculture products

INTERTEK ISO 22000:2005 · Best Aquaculture Practices Certified: ★ Processor ★ Farm ★ Hatchery ★ Feed Mill, Cert. No. P10537 · HACCP · food BRC certificated · FDA U.S. Food and Drug Administration

**Our Motto is to provide good quality on Moderate price**

P.B. No.906, Palluruthy, Kochi – 682006, Kerala, India
Phone : +91-484-2231356 / 2232695 / 2233602
Fax : +91-484-2232665
E-mail : mail@geoseafoods.com / geoseafoods@vsnl.com
Website : www.geoseafoods.com



**Our Sister Concern :**

Monsun FOODS PVT LTD

22/1194, Jetty Road, Edakochi
Kochi - 682 010, Kerala, India
Ph: + 91 484 3291204 Fax : +91 484 2232665
e-mail : mail.monsunfoods@gmail.com

# കൊല്ലത്ത് മിനി ബിസിനസ് ഇൻകുബേഷൻ സെന്റർ

കൊല്ലം ജില്ലാ വ്യവസായകേന്ദ്രത്തിൽ സജ്ജീകരിച്ച മിനി ബിസിനസ് ഇൻകുബേഷൻ സെന്ററിന്റെ ഉദ്ഘാടനം കോർപറേഷൻ മേയർ വി. രാജേന്ദ്രബാബു നിർവഹിച്ചു. ഇതോടനുബന്ധിച്ച് ജില്ലയിലെ പ്രമുഖ സംരംഭകരെ ആദരിക്കുന്ന പരിപാടിയും നടന്നു. കേരളപ്പിറവി ദിനത്തിന്റെ 60-ാം വാർഷികമായ നവംബർ ഒന്നിനാണ് പരിപാടി സംഘടിപ്പിച്ചത്. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഹെലൻ ജെറോം അദ്ധ്യക്ഷയായിരുന്നു.



ജില്ലയിൽ വിജയകരമായി വ്യവസായം നടത്തുന്ന എട്ട് പ്രമുഖ സംരംഭകരെയാണ് ചടങ്ങിൽ ആദരിച്ചത്. മുഖത്തല ജെ. ഫോഴ്സ് ഇൻഡസ്ട്രീസ് ഉടമ സബീന മോൾ, നീണ്ടകര ചൈത്രം ഫുഡ്സിന്റെ അനിൽമോൻ. ആർ, ശാസ്താംകോട്ട എം. ടി. ഫ്ളക്സിന്റെ സഞ്ജയ പണിക്കർ, പുനലൂർ സോൾവ് പ്ലാസ്റ്റിക് പ്രൈ. ലിമിറ്റഡിന്റെ സുധീർ കുമാർ, കൊട്ടാരക്കര മാക്സ് ഓട്ടമേഷന്റെ സുരേഷ് കുമാർ. റ്റി. ഒ, പത്തനാപുരം പൊന്നു ഫുഡ്സ് പ്രൈ. ലിമിറ്റഡിന്റെ ബി. ഷാജിലാൽ, കൊട്ടാരക്കര എം. വി. എം. ആയുർവേദിക്സിന്റെ ഡോ. കെ. വി. ബാബു എന്നിവരെയാണ് ആദരിച്ചത്. ഇൻകുബേഷൻ സെന്ററിന്റെ പ്രവർത്തനങ്ങളോടൊപ്പം ചേർന്ന് നവസംരംഭകർക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുമെന്ന് സംരംഭകർ അറിയിച്ചു.

ജില്ലാ വ്യവസായകേന്ദ്രം മാനേജർ. കെ. എസ്. ശിവകുമാർ, കെ. എസ്. എസ്. ഐ. എ ജില്ലാ പ്രസിഡന്റ് ലെൻ ഫിലിപ്പ്, മാനേജർമാരായ സുനിൽ, ഷീജ, അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ ദിനേശ് പങ്കെടുത്തു.

പുതിയ സംരംഭകർക്ക് മാർഗനിർദ്ദേശം നൽകുന്നതിനും അവരുടെ ആശയങ്ങൾക്ക് പൂർണത നൽകി പുതിയ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഇൻകുബേഷൻ സെന്റർ ലക്ഷ്യമിടുന്നത്. "കം വിത്ത് ആൻ ഐഡിയ. . . ഗ്രോ വിത്ത് എ വെൻചർ...." എന്നതാണ് കൊല്ലം ജില്ലാ വ്യവസായകേന്ദ്രത്തിന്റെ ആപ്തവാക്യം.

# മുകുന്ദപുരത്ത് നിക്ഷേപക സംഗമം

ഊർജിത വ്യവസായ വൽകരണ പദ്ധതിയുടെ ഭാഗമായി തൃശൂർ ജില്ലാ വ്യവസായ കേന്ദ്രവും, മുകുന്ദപുരം താലൂക്ക് വ്യവസായ ഓഫീസും ചേർന്ന് മുകുന്ദപുരം താലൂക്ക് തല വ്യവസായ നിക്ഷേപക സംഗമം നടത്തി. ഇരിഞ്ഞാലക്കുട എം. എൽ. എ പ്രൊഫ. കെ. യു. അരുണൻ മാസ്റ്റർ സംഗമം ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്ത് നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ നിക്ഷേപ സൗഹൃദ സംഗമങ്ങൾ സംഘടിപ്പിക്കണമെന്ന് അദ്ദേഹം പറഞ്ഞു. നിലവിലെ സാഹചര്യങ്ങളിൽ വ്യവസായ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായുള്ള നിയമനിർമാണം നടത്തേണ്ടതുണ്ട്. മുകുന്ദപുരം താലൂക്കിന്റെ വ്യവസായ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് വ്യവസായികൾ മുന്നോട്ടു വരണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മനോജ് കുമാർ അദ്ധ്യക്ഷത വഹിച്ചു. വ്യവസായ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ബിജു കുര്യൻ മുഖ്യപ്രഭാഷണം നടത്തി. താലൂക്കിലെ പ്രമുഖ വ്യവസായിയും പിയർലസ് പോളിമേഴ്സ് ഉടമയുമായ വർഗീസിനെ ചടങ്ങിൽ ആദരിച്ചു. മുകുന്ദപുരം താലൂക്ക് ഉപജില്ലാ വ്യവസായ ഓഫീസർ ആർ. സ്മിത, വ്യവസായ വികസന ഓഫീസർ മിനി. പി. ആർ പങ്കെടുത്തു. താലൂക്കിലെ തിരഞ്ഞെടുത്ത 75 വ്യവസായികൾ നിക്ഷേപക സംഗമത്തിൽ പങ്കെടുത്തു. വിവിധ വകുപ്പ് തല ഉദ്യോഗസ്ഥർ ലൈസൻസിംഗ് സമ്പ്രദായങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. സംഗമത്തിൽ പങ്കെടുത്ത സംരംഭകരിൽ നിന്ന് വിവിധ മേഖലകളിലായി 25.34 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ഉണ്ടായി.



## പി. കെ. എം. പ്ലാസ്റ്റിക് പ്രോഡക്ട്സ് തുടങ്ങി



തീവ്രവ്യവസായ വൽകരണ പദ്ധതി ഭാഗമായി കണ്ടെത്തിയ മുജീബ് റഹ്മാൻ, ഡി. എം. മൊയ്തീൻ കുഞ്ഞി, പി. എം. മുനീർ, എന്നിവർ ചേർന്ന് പാർട്ണർഷിപ്പ് വ്യവസ്ഥയിൽ കാസറഗോഡ് ബ്ലോക്കിൽ മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തിൽ കമ്പാർ എന്ന സ്ഥലത്ത് ആരംഭിച്ച പി. കെ. എം. പ്ലാസ്റ്റിക് പ്രോഡക്ട് എന്ന പെറ്റ് പ്രീഫോം ബി. ടി. കാപ്സ് നിർമാണ യൂണിറ്റ് കാസറഗോഡ് എം. എൽ. എ എൻ. എ. നെല്ലിക്കുന്ന്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ. ജി. സി. ബഷീർ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു.

കാസറഗോഡ് താലൂക്ക് അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസർ ഉണ്ണികൃഷ്ണൻ. സി. പി., മെഷിനറി സ്വിച്ച് ഓൺ ചെയ്തു. 70 ലക്ഷം രൂപ മുടക്കു മുതലുള്ള യൂണിറ്റിൽ ആറ് പേർ ജോലി ചെയ്യുന്നു.

## എഞ്ചിനീയറിങ് കോളേജിൽ സംരംഭകത്വ ബോധവൽകരണം

മുകുന്ദപുരം താലൂക്ക് വ്യവസായ ഓഫീസ് വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീയറിംഗ് കോളേജുമായി സഹകരിച്ച് ഇഗ്നൈറ്റ് എന്ന പേരിൽ സംരംഭകത്വ ബോധവൽകരണ ശിൽപശാല നടത്തി. സിവിൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ്, മെക്കാനിക്കൽ ബ്രാഞ്ചുകളിൽ നിന്നും ഓരോ വർഷവും 200 ഓളം വിദ്യാർത്ഥികളാണ് എഞ്ചിനീയറിംഗ് ബിരുദം പൂർത്തീകരിച്ച് ഈ കോളേജിൽ നിന്ന് പുറത്ത് വന്നുകൊണ്ടിരിക്കുന്നത്. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ വർഷം കോഴ്സ് പൂർത്തീകരിക്കുന്ന വിദ്യാർത്ഥീ വിദ്യാർത്ഥിനികൾക്ക് സംരംഭകത്വത്തിന്റെ അനന്ത സാധ്യതകൾ പരിചയപ്പെടുത്തുന്നതിന് വേണ്ടിയാണ് ഇഗ്നൈറ്റ് സംഘടിപ്പിച്ചത്.




കോളേജ് പ്രിൻസിപ്പാൽ ഡോ. ടി. പി. രാമചന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. വ്യവസായ വാണിജ്യ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ബിജു കുര്യൻ മുഖ്യപ്രഭാഷണം നടത്തി. ആർട്ടിക് ബ്രാന്റ് ഉൽപന്നങ്ങളുടെ നിർമാതാവും പ്രമുഖ യുവ വ്യവസായിയും സംസ്ഥാന സർക്കാർ അവാർഡ് ജേതാവുമായ ഡോ. പോൾ തച്ചിൽ വിദ്യാർത്ഥികളുമായി സംവദിച്ചു. മുകുന്ദപുരം താലൂക്ക് ഉപജില്ലാ വ്യവസായ ഓഫീസർ ആർ. സ്മിത, വ്യവസായ വികസന ഓഫീസർമാരായ ഡി. കൃഷ്ണൻ നമ്പൂതിരി, മിനി. പി. ആർ പങ്കെടുത്തു. വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻക്യുബേഷൻ സെന്റർ രൂപീകരിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ് ഈ കോളേജ്.

## മലപ്പുറത്ത് സംരംഭകത്വ പരിശീലനം




മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം സംഘടിപ്പിച്ച 15 ദിവസത്തെ സംരംഭകത്വ പരിശീലന പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ. പി. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് കെ. എസ്. ഇ. ബി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ലേബർ, എൽ. എസ്. ജി. ഡി., ബാങ്കിങ്, ഫുഡ് & സേഫ്റ്റി, വാണിജ്യ നികുതി, ടൗൺ പ്ലാനിങ്, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പുകളിലെ വിദഗ്ദർ ക്ലാസെടുത്തു. ഒരു ദിവസം മാർക്കറ്റ് സർവ്വേയും നടത്തി. പരിപാടിയുടെ ഭാഗമായി വ്യത്യസ്ത മേഖലയിലെ യൂണിറ്റുകൾ സന്ദർശിക്കുകയുണ്ടായി. പരിശീലനത്തിന്റെ ഭാഗമായി ആറ് ഗ്രൂപ്പുകളായി പഠന റിപ്പോർട്ട് തയ്യാറാക്കി.

പരിശീലനത്തിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ മലപ്പുറം ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ ഉമ്മർ അറയ്ക്കൽ വിതരണം ചെയ്തു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ടി. അബ്ദുൾ വഹാബ്, മാനേജർമാരായ കെ. ടി. അബ്ദുൾ മജീദ്, എം. വി. ലൗലി, വി. രാജേഷ്, കെ. ബാബുരാജൻ, സീനിയർ സൂപ്രണ്ട് രഘുനാഥ്. ടി. പി. പങ്കെടുത്തു.

പരിശീലനം പൂർത്തിയാക്കിയ 52 പേരിൽ 28 പേർക്ക് വിവിധ ബാങ്കുകൾ വായ്പ അനുവദിച്ചിട്ടുണ്ട്.

# പാലായിൽ വ്യവസായ സംഗമം

കോട്ടയം ജില്ലാ വ്യവസായ കേന്ദ്രവും മീനച്ചിൽ താലൂക്ക് വ്യവസായ കേന്ദ്രവും ചേർന്ന് പാലാ വ്യാപാര ഭവനിൽ നടത്തിയ നിക്ഷേപക സംഗമം നഗരസഭാ ചെയർ പേഴ്സൺ ലീനാ സണ്ണി പുരയിടം ഉദ്ഘാടനം ചെയ്തു. പാലാ നഗരസഭാ വൈസ് ചെയർമാൻ കുര്യാക്കോസ് പടവൻ അധ്യക്ഷനായിരുന്നു. ജില്ലാ വ്യവസായകേന്ദ്രം മാനേജർ റ്റി. ബി. രമണൻ മുഖ്യപ്രഭാഷണം നടത്തി.




ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വൈദ്യുതി കണക്ഷനുള്ള നടപടിക്രമങ്ങളെക്കുറിച്ച് പാലാ വൈദ്യുതി ബോർഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സി. പി. ജോർജ്, പഞ്ചായത്ത് ലൈസൻസിന്റെ നടപടിക്രമങ്ങളെക്കുറിച്ച് കൊഴുവനാൽ പഞ്ചായത്ത് സെക്രട്ടറി ലൈജു ജോബ്, വ്യവസായ സ്ഥാപനങ്ങൾക്കുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ നടപടിക്രമങ്ങളെക്കുറിച്ച് കോട്ടയം മലിനീകരണ നിയന്ത്രണ ബോർഡ് അസിസ്റ്റന്റ് എഞ്ചിനീയർ ജി. എം. ചിറയിൽ, സംരംഭകർക്കുള്ള ബാങ്ക് വായ്പ നടപടിക്രമങ്ങളെക്കുറിച്ച് പാലാ ബാങ്ക് ഓഫ് ബറോഡ മാനേജർ അനിലാ ജോർജ് സി എന്നിവർ നയിച്ച ക്ലാസുകൾ വിജ്ഞാന പ്രദമായിരുന്നു.

മീനച്ചിൽ താലൂക്ക് വ്യവസായ ഓഫീസർ എൻ. അജയകുമാർ, നഗരസഭാ കൗൺസിലർ റോയി ഫ്രാൻസിസ്, വ്യവസായ വികസന ഓഫീസർമാരായ എൻ. അശോകൻ, കെ. ചാക്കോ, സിനോ ജേക്കബ് മാത്യു, ലോറൻസ് മാത്യു എന്നിവർ സംരംഭകരുടെ വിവിധ സംശയങ്ങൾക്ക് മറുപടി നൽകി. 90 പേരോളം പങ്കെടുത്തു.

# വണ്ടിപ്പെരിയാർ പോളിടെക്നിക്കിൽ വ്യവസായ സെമിനാർ



ഊർജിത വ്യവസായവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബോധവത്കരണ പരിപാടി നടത്തി വരികയാണ്. പീരുമേട് താലൂക്കിൽ വണ്ടിപ്പെരിയാർ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ നടന്ന വ്യവസായ ബോധവത്കരണ സെമിനാർ കോളേജ് ആഡിറ്റോറിയത്തിൽ പ്രിൻസിപ്പാൾ അഞ്ജന ഉദ്ഘാടനം ചെയ്തു. യുവതലമുറയ്ക്ക് വ്യവസായ അവബോധം സൃഷ്ടിക്കുന്നതിനും അതിലൂടെ പുതിയ വ്യവസായ സംസ്കാരം രൂപപ്പെടുത്തുന്നതിനുമാണ് സെമിനാറുകൾ ലക്ഷ്യമിടുന്നത്.

പീരുമേട് താലൂക്ക് വ്യവസായ ആഫീസർ ആർ. സുരേഷ് ബാബു അദ്ധ്യക്ഷനായിരുന്നു. കോളേജിലെ സംരംഭകത്വ വികസന ക്ലബ്ബ് കോ-ഓർഡിനേറ്റർ വിപിൻ. പി, അഴുത ബ്ലോക്ക് വ്യവസായ വികസന ആഫീസർ ബിൻസിമോൾ പങ്കെടുത്തു. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ റിട്ടയേർഡ് സീനിയർ മാനേജർ കൃഷ്ണമൂർത്തി മുഖ്യപ്രഭാഷണം നടത്തി. ഒരു സംരംഭം ആരംഭിക്കുമ്പോൾ നേരിടുന്ന വെല്ലുവിളികളും അതു പരിഹരിക്കാനുള്ള മാർഗങ്ങളും അദ്ദേഹം വിശദീകരിച്ചു.

ഇന്ത്യൻ സമ്പദ്ഘടനയിൽ ചെറുകിട വ്യവസായങ്ങൾക്കുള്ള പ്രാധാന്യത്തെക്കുറിച്ചും,വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെക്കുറിച്ചും സുരേഷ് ബാബു വിശദീകരിച്ചു. വിദ്യാർത്ഥികൾ പഠനശേഷം തൊഴിൽ അന്വേഷകരായി മാറാതെ തൊഴിൽ ദാതാക്കളായി മാറുന്നതിന് മാനസികമായി തയ്യാറെടുക്കണമെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

സംരംഭകത്വ വികസന ക്ലബ്ബിലെ അംഗങ്ങൾ ഉൾപെടെ നൂറോളം പേർ സെമിനാറിൽ പങ്കെടുത്തു. കുട്ടികൾക്കുണ്ടായിരുന്ന സംശയങ്ങൾ സെമിനാറിൽ ദൂരീകരിച്ചു.

വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരായ അനിത, രജീഷ്, മാത്യു, കോളേജ് അദ്ധ്യാപകർ പങ്കെടുത്തു.

# വെഞ്ഞാറമൂട് ഖാദി യൂണിറ്റ് തുടങ്ങി

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിലുൾപെടുത്തി വനിതകൾക്ക് നെയ്ത്ത് പരിശീലനവും തൊഴിലും നൽകാനായി വെഞ്ഞാറമൂട് ഗണപതിപുരത്ത് ഖാദി ബോർഡിന്റെ കെട്ടിടത്തിൽ ആരംഭിച്ച നെയ്ത്ത് യൂണിറ്റ് സി. കെ. മുരളി എം. എൽ. എ. ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. കെ മധു അധ്യക്ഷനായിരുന്നു. യൂണിറ്റിലെ തറി പ്രവർത്തനോദ്ഘാടനം ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ബി. പി. മുരളി നിർവഹിച്ചു.

# Subscribe/Renew today
# Vyavasaya Keralam

## SUBSCRIBER'S APPLICATION




I would like to subscribe Vyavasaya Keralam for One year at Rs. 300/- (12 issues)

Please send my copies to:

Name.........................................................................................................

Address.......................................................................................................

...................................................................................................................

...................................................................................................................

District........................................................................................................

Pincode.........................................Phone............................................................

Demand Draft for Rs.300/- drawn in favour of

"K-Bip. Vyavasayakeralam", payable at Thiruvananathapuram

is enclosed (D.D No.............................................dated.......................................

of.........................................................................................................Bank

**Send to**

The Editor
Vyavasayakeralam
DIC Building,
Vellayambalam,
Thiruvananthapuram
Pin:695033
Phone: 0471-2322789

---

## കെട്ടിടനിർമാണസാമഗ്രികളുടെ വിലനിലവാരം

**ജനുവരി അവസാനവാരം വിപണികളിൽനിന്നു ശേഖരിച്ചത്**

| | *തിരുവനന്തപുരം* | *കൊച്ചി* | *കോഴിക്കോട്* |
|---|---|---|---|
| സിമന്റ് (ബാഗിന്)ലോക്കൽ പർചേസ് | 400 | 395 | 365(സുവാരി) |
| സ്റ്റീൽ (കി.ഗ്രാം) | 40.48 | 43 | 42.48 |
| തടി ( ക്യുബ്ക് അടി) താന്നി | | | 852.40 |
| തടി ( ക്യുബ്ക് അടി) സെക്കന്റ് ക്ലാസ് ഹാർഡ് | - | - | - |
| എം.സാന്റ്(ക്യുബ്ക് അടി) | 57 | 47 | 62 |
| ക്വാറി ഡസ്റ്റ് | 35 | 48 | - |
| മെറ്റൽ (3/4 ഇഞ്ച്) | 29.50 | 29 | 35 |
| മെറ്റൽ (1/4 ഇഞ്ച്) | 28 | 32 | 35 |
| മെറ്റൽ ($1^1/_2$ ഇഞ്ച്) | 23 | 32 | 35 |
| ഹോളോ ബ്ലോക്ക് (8 ഇഞ്ച്) | 33.50 | 38 | 49 |
| ഹോളോ ബ്ലോക്ക് (6 ഇഞ്ച്) | - | - | - |
| ഹോളോ ബ്ലോക്ക് (4 ഇഞ്ച്) | 19.5 | 38 | 32.15 |
| സോളിഡ് ബ്ലോക്ക് (6 ഇഞ്ച്) | 33.00 | 27 | - |
| സോളിഡ് ബ്ലോക്ക് (4 ഇഞ്ച്) | 23.75 | 20 | 28.20 |
| ഇഷ്ടിക | 6.25 | 7.50 | 9.00 |
| റെഡിമിക്സ് | 6100 | 5750 | - |

*അവലംബം : സതേൺ ഇൻവെസ്റ്റ്മെന്റ്സ് (Si) പ്രൈവറ്റ് ലിമിറ്റഡ്*

# ദേവമാതാ കോളേജിൽ വ്യവസായ സെമിനാർ

മീനച്ചിൽ താലൂക്ക് വ്യവസായ ഓഫീസും കുറവിലങ്ങാട് ദേവമാതാ കോളേജും ചേർന്ന് ബികോം വിദ്യാർത്ഥികൾക്കായി സംരംഭകത്വ രൂപവൽകരണത്തിൽ വിദ്യാർത്ഥികളുടെ പങ്ക് എന്ന വിഷയത്തിൽ സെമിനാർ നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ. ഫിലിപ്പ് ജോൺ പരിപാടി ഉദ്ഘാടനം ചെയ്തു. മീനച്ചിൽ താലൂക്ക് വ്യവസായ ഓഫീസർ എൻ. അജയകുമാർ ആധ്യക്ഷ്യം വഹിച്ചു. മാറുന്ന കാലഘട്ടത്തിൽ സംരംഭകത്വത്തിന്റെ



കാലിക പ്രസക്തിയെപ്പറ്റി അദ്ദേഹം വിശദീകരിച്ചു. തൊഴിൽ ലഭ്യത കുറയുന്ന ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികൾ തൊഴിൽ ദാതാക്കളായി മാറേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹം ഓർമിപ്പിച്ചു. സംരംഭകന്റെ സ്വഭാവ ഗുണങ്ങൾ എന്തായിരിക്കണമെന്നതിനെപ്പറ്റിയും എങ്ങനെ ഒരു സംരംഭകാശയം രൂപവൽകരിക്കാമെന്നതിനെപ്പറ്റിയും ളാലം ബ്ലോക്ക് വ്യവസായ വികസന ഓഫീസർ ലോറൻസ് മാത്യു ക്ലാസ്സെടുത്തു.

ഉഴവൂർ ബ്ലോക്ക് വ്യവസായ വികസന ഓഫീസർ സിനോ ജേക്കബ് മാത്യു, കോമേഴ്സ് വിഭാഗം മേധാവി പ്രൊഫ. ബേബി മാത്യു, ഇ ഡി ക്ലബ് കോർഡിനേറ്റർ അസിസ്റ്റന്റ് പ്രൊഫസർ സൗമ്യ സെബാസ്റ്റ്യൻ സംബന്ധിച്ചു.

# കാസർഗോഡ് നിക്ഷേപക സംഗമം



ജില്ലാ വ്യവസായകേന്ദ്രം വഴി ലഭിക്കുന്ന ആനുകൂല്യങ്ങളും സഹായങ്ങളും പരമാവധി ഉപയോഗപ്പെടുത്തി കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി ജില്ലയുടെ വികസനത്തിന് വഴിയൊരുക്കുകയും ചെയ്യണമെന്ന് കാസർഗോഡ് ജില്ലാ പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ഫരീദാ സക്കീർ അഹമ്മദ് പറഞ്ഞു. ജില്ലാ വ്യവസായകേന്ദ്രത്തിന്റെ നേതൃത്വത്തിൽ കാസർഗോഡ് താലൂക്ക് തലത്തിൽ സംഘടിപ്പിച്ച നിക്ഷേപക സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. വകുപ്പു വഴി അനുവദിച്ച സംരംഭക സഹായപദ്ധതി ആനുകൂല്യങ്ങൾ ചടങ്ങിൽ വിതരണം ചെയ്തു.

ജില്ലാ വ്യവസായകേന്ദ്രം മാനേജർ സി. എൻ. പ്രതീപ് കുമാർ അദ്ധ്യക്ഷനായിരുന്നു. കേരള ചെറുകിട വ്യവസായ അസോസിയേഷൻ കാസറഗോഡ് ജില്ലാ പ്രസിഡന്റ് കെ. ടി. സുരേഷ് നാരായണൻ, താലൂക്ക് അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസർ ഉണ്ണികൃഷ്ണൻ. സി. പി. പങ്കെടുത്തു.

തുടർന്ന് ടെക്നിക്കൽ സെഷനിൽ സിന്റിക്കേറ്റ് ബാങ്ക് എച്ച്. എൻ. ഐ. ബ്രാഞ്ച് മാനേജർ ശശിധരൻ. വി, ലീഡ് ബാങ്ക് ഓഫീസർ ശ്രീലേഷ് കുമാർ, കാസറഗോഡ് ഡയറി ഫാം ഇൻസ്ട്രക്റ്റർ മനോഹരൻ. വി, പീലിക്കോട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ചന്ദ്രൻ നാലാപ്പാടം, അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസർ കെ. ജി. വിശ്വംഭരൻ എന്നിവർ അതതു മേഖലയിലെ സാധ്യതകളും സേവന സഹായ പദ്ധതികളും നിക്ഷേപകരെ പരിചയപ്പെടുത്തി.



# കൊല്ലത്ത് ടെക്നോളജി ക്ലിനിക്



കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം ദ്വിദിന സാങ്കേതിക ശില്പശാല- ടെക്നോളജി ക്ലിനിക് സംഘടിപ്പിച്ചു. ആശ്രാമം ചെറുകിട വ്യവസായ അസോസിയേഷൻ ഹാളിൽ സംഘടിപ്പിച്ച പരിപാടി കൊല്ലം ഡെപ്യൂട്ടി കളക്ടർ വർഗീസ് പണിക്കർ ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഹെലൻ ജെറോം അദ്ധ്യക്ഷയായി. ചെറുകിട വ്യവസായ അസോസിയേഷൻ പ്രസിഡന്റ് ലെൻ ഫിലിപ്പ്, കോർപറേഷൻ കൗൺസിലർ ഹണി ബഞ്ചമിൻ, ജില്ലാ വ്യവസായകേന്ദ്രം മാനേജർമാരായ ഷീജ, ശിവകുമാർ, സുനിൽ, ഉപജില്ലാ വ്യവസായ ഓഫീസർ ദിനേശ് പങ്കെടുത്തു.

ഉദ്ഘാടനശേഷം കിഴങ്ങുവിളകളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ സംബന്ധിച്ച് കേന്ദ്ര കിഴങ്ങുവിള ഗവേഷണകേന്ദ്രം പ്രിൻസിപ്പൽ സയന്റിസ്റ്റ് സജീവ്. എം. എസ്, ചക്കയിൽ നിന്നുള്ള വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമിക്കുന്നത് സംബന്ധിച്ച് പത്തനംതിട്ട കൃഷി വിജ്ഞാൻ കേന്ദ്രത്തിലെ ലൈല മണ്ണിൽ എന്നിവർ ക്ലാസ്സെടുത്തു. കപ്പ, മറ്റു കിഴങ്ങു വിളകൾ എന്നിവയിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമിക്കുന്നതിനായി കേന്ദ്ര കിഴങ്ങുവിള ഗവേഷണകേന്ദ്രം നൽകുന്ന സേവനങ്ങളെക്കുറിച്ചുള്ള സജീവിന്റെ ക്ലാസ്സ് ഏറെ ശ്രദ്ധേയമായിരുന്നു. കേന്ദ്രത്തിൽ സജ്ജീകരിച്ചിട്ടുള്ള ടെക്നോ ഇൻകുബേഷൻ സെന്ററിന്റെ സേവനങ്ങൾ സംരംഭകർക്ക് പ്രയോജനപ്പെടുത്താവുന്നതാണെന്നും അതിന്റെ നടപടിക്രമങ്ങളും അദ്ദേഹം വിശദീകരിച്ചു. നമ്മുടെ നാട്ടിൽ ഉപയോഗശൂന്യമായി പോകുന്ന ചക്കയിൽ നിന്നും ഉല്പാദിപ്പിക്കാവുന്ന നിരവധി ഉല്പന്നങ്ങൾ ലൈല മണ്ണിൽ ക്ലാസ്സിൽ അവതരിപ്പിച്ചു. പത്തനംതിട്ട കൃഷി വിജ്ഞാൻ കേന്ദ്രം മുഖേന ചക്ക ഉല്പന്നങ്ങൾ നിർമിക്കുന്നതിനുള്ള സജ്ജീകരണങ്ങളെയും പരിശീലനത്തെയും കുറിച്ച് ക്ലാസിൽ വിശദീകരിച്ചു.

ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ച് ഉച്ചയ്ക്കുശേഷം ഡോ. എൻ. ആനന്ദവല്ലിയുടെ ക്ലാസ്സ് സംരംഭകർക്ക് ഏറെ പ്രയോജനപ്പെട്ടു. നിലവാരമുള്ള ഭക്ഷ്യോത്പന്നങ്ങൾ ലഭ്യമാകുന്നതിനായി ഭക്ഷ്യമേഖലയിലെ ഓരോ സംരംഭകനും പാലിക്കേണ്ടുന്ന നടപടികളെക്കുറിച്ച് അവർ ക്ലാസ്സിൽ വിശദീകരിച്ചു. ഭക്ഷ്യോത്പന്നങ്ങൾ നിർമിക്കുന്നതിനായി ഉപയോഗിക്കുന്ന ഓരോ അസംസ്കൃത വസ്തുവും ഏതൊക്കെ നിലവാരത്തിലുള്ളതാകണമെന്നും ഉത്പാദനത്തിനുശേഷം വിപണനത്തിനായി ലഭ്യമാക്കുമ്പോൾ എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ക്ലാസ്സ് വിശദമായി ചർച്ച ചെയ്തു. നിലവാരമുള്ള നല്ല ഭക്ഷണപദാർത്ഥങ്ങൾ ലഭ്യമാക്കിയെങ്കിൽ മാത്രമേ ആരോഗ്യമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കാൻ കഴിയുകയുള്ളൂ എന്നും ഓരോ സംരംഭകനും ഓരോ ഉപഭോക്താവ് കൂടിയാണെന്നും ആനന്ദവല്ലി ഓർമിപ്പിച്ചു. ഭക്ഷ്യമേഖലയിൽ നിന്നും 80 ൽപരം സംരംഭകർ പരിപാടിയിൽ പങ്കെടുത്തു.

രണ്ടാം ദിവസം പ്ലാസ്റ്റിക് ഉല്പന്ന നിർമാണവും സംസ്കരണവും എന്ന വിഷയത്തിലും, ഇലക്ട്രോണിക്സ് സൗരോർജ മേഖലയിലെ സംരംഭക സാധ്യതകൾ എന്ന വിഷയത്തിലുമാണ് ക്ലാസ്സുകൾ ഉണ്ടായിരുന്നത്. പ്ലാസ്റ്റിക് പ്രോസസിംഗ് & റീസൈക്ലിങ് എന്ന വിഷയത്തിലുള്ള സെഷൻ വളരെ വിലപ്പെട്ടതായിരുന്നു. പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ഉപയോഗശൂന്യമായ ശേഷം വലിച്ചെറിയാതെ സംസ്കരിച്ച് പുതിയ ഉല്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള സാങ്കേതിക വിദ്യകളും സെഷനിൽ വിശദമാക്കി. സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള പൊതുസേവനങ്ങൾ ലഭ്യമാക്കുന്ന ചങ്ങനാശ്ശേരി കോമൺ ഫെസിലിറ്റി സർവീസ് സെന്റർ അസിസ്റ്റന്റ് ഡയറക്ടർ പ്രശാന്ത് ക്ലാസ്സ് നയിച്ചു.

സൗരോർജ മേഖലയിലെ സംരംഭക സാധ്യതകളെക്കുറിച്ച് കൊല്ലം ചവറ കെ. എം. എം. എൽ ലെ സയന്റിഫിക് ഓഫീസർ മോഹനൻ. വി ക്ലാസ്സെടുത്തു. സൗരോർജ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ആവശ്യകതയെപ്പറ്റി മോഹനൻ വിശദീകരിച്ചു. വ്യാവസായിക, ഗാർഹിക ഉപയോഗങ്ങൾക്ക് ഉതകുന്ന വിവിധ രൂപത്തിലുള്ള സൗരോർജ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങളും മേഖലയിലെ സംരംഭക സാധ്യതകളും അദ്ദേഹം ക്ലാസ്സിൽ അവതരിപ്പിച്ചു.

വിവിധ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ പ്രോജക്ട് അവതരണം ഏറെ ശ്രദ്ധ പിടിച്ചുപറ്റി. വിദ്യാർത്ഥികൾ അവരുടെ നൂതനമായ ആശയങ്ങൾ ഉപയോഗിച്ച് രൂപപ്പെടുത്തിയതും നിർമാണത്തിലിരിക്കുന്നതുമായ നിരവധി പദ്ധതികൾ ടെക്നോളജി ക്ലിനിക്കിൽ അവതരിപ്പിച്ചു. കൊല്ലം ടി. കെ. എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് പത്തനാപുരം, കോളേജ് ഓഫ് എഞ്ചിനീയറിംഗ് കൊട്ടാരക്കര എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ നിരവധി പദ്ധതികൾ അവതരിപ്പിക്കുകയുണ്ടായി. കറ്റാർവാഴ, പാഷൻ ഫ്രൂട്ട്, ലക്ഷ്മിതരു എന്നിവയിൽ നിന്നും വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമിക്കുന്നത് സംബന്ധിച്ച് ടി. കെ. എം. ഫുഡ് ടെക്നോളജി വിദ്യാർത്ഥികൾ അവതരണം നടത്തി. വീടുകളിലേയും ഓഫീസുകളിലേയും ആളുകളുടെ എണ്ണത്തിന് ആനുപാതികമായി വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള ഉപകരണം, സൗരോർജം ഉപയോഗിച്ച് വെള്ളം ശുദ്ധീകരിക്കുന്നതിനും, ഹരിത ഗൃഹങ്ങൾക്ക് ആവശ്യമായ കാലാവസ്ഥ നിയന്ത്രിക്കുന്നതിനുമുള്ള ആപ്ലിക്കേഷൻ എന്നിവ ശ്രദ്ധേയമായിരുന്നു.

## മണർകാട് അഗ്രി ഫെസ്റ്റ്




കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം, സംസ്ഥാന കൃഷി വകുപ്പ്, കർഷക സംഘടനയായ ആത്മ എന്നിവയുടെ ആഭിമുഖ്യത്തിൽ കോട്ടയം മണർകാട് പള്ളിയങ്കണത്തിൽ കാർഷിക വ്യാവസായിക ഉൽപന്ന പ്രദർശനമേള അഗ്രിഫെസ്റ്റ് നടത്തി. ഏറ്റുമാനൂർ എം. എൽ. എ സുരേഷ് കുറുപ്പ് മേള ഉദ്ഘാടനം ചെയ്തു. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോഷി ഫിലിപ്പ് മുഖ്യപ്രഭാഷണം നടത്തി. പ്രദർശനത്തിലെ ആദ്യവിൽപന വാർഡ് മെമ്പർ ഗ്രേസി കരിമ്പന്നൂരിന് നൽകി കോട്ടയം ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ടി. ഷാജി നിർവഹിച്ചു.

ഉദ്ഘാടനത്തോടനുബന്ധിച്ച് കാർഷിക ഉൽപന്നങ്ങളെ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനെക്കുറിച്ച് കുമരകം കൃഷി വിജ്ഞാന കേന്ദ്രം പ്രൊഫസർ എലിസബത്ത് ജോസഫ് നയിച്ച ക്ലാസ്സ് വിജ്ഞാനപ്രദമായിരുന്നു. വ്യവസായ വകുപ്പിന്റെ വിവിധ പദ്ധതികളേയും സേവനങ്ങളെയും കുറിച്ച് കാഞ്ഞിരപ്പള്ളി വ്യവസായ വികസന ഓഫീസർ അനീഷ് മാനുവൽ വിശദീകരിച്ചു. എല്ലാ ദിവസവും കാർഷിക സെമിനാറുകൾ സംഘടിപ്പിച്ചു.

80 സ്റ്റാളുകളിൽ വ്യവസായ വകുപ്പ് നേതൃത്വം കൊടുത്ത ചെറുകിട വ്യവസായ സംരംഭകരുടെ 30 സ്റ്റാളുകൾ ഉണ്ടായിരുന്നു. വ്യവസായ സംരംഭകരുടെ സ്റ്റാളുകളിൽ നിന്നായി നാല് ലക്ഷം രൂപയിലധികം ബിസിനസ്സ് നടക്കുകയുണ്ടായി. കൂടാതെ നിരവധി ഓർഡറുകളും ലഭിച്ചു.

കോട്ടയം ഉപജില്ലാ വ്യവസായ ഓഫീസർ സി. ജി. മിനിമോൾ കോ-ഓർഡിനേറ്ററായിരുന്നു. ചെറുകിട വ്യവസായ സംരംഭകരും കർഷകരും പങ്കെടുത്ത മേള ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു. മേളയോടനുബന്ധിച്ച് വിവിധ കലാ പരിപാടികളും നടന്നു. സമാപന സമ്മേളനം കോട്ടയം എം. എൽ. എ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

## ശില്പികൾക്ക് സംസ്ഥാന അവാർഡിനപേക്ഷിക്കാം

കരകൗശല മേഖലയിൽ പ്രാവീണ്യം തെളിയിച്ച ശില്പികളിൽ നിന്നും 2016-ലെ സംസ്ഥാന അവാർഡുകൾക്കായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് അപേക്ഷ ക്ഷണിച്ചു.

കൂടുതൽ വിവരവും അപേക്ഷാഫോറവും തിരുവനന്തപുരം എസ്. എം. എസ്. എം. ഇൻസ്റ്റിറ്റ്യൂട്ട് വളപ്പിലെ കരകൗശല വികസന കോർപറേഷന്റെ ഹെഡ്ഡോഫീസിൽ ലഭിക്കും. ഫോൺ: 0471-3347100. അപേക്ഷ സമർപിക്കേണ്ട അവസാന തീയതി മാർച്ച് 15.

അന്ധരായവരെ യാത്ര ചെയ്യാൻ സഹായിക്കുന്ന സ്മാർട്ട് ഡിവൈസനെപ്പറ്റിയും, അംഗവൈകല്യമുള്ളവർക്ക് അനായാസം ഉപയോഗിക്കാൻ കഴിയുന്ന വീൽ ചെയറിനെപ്പറ്റിയും മാലിന്യ നിർമാർജനം സുഗമമായി നടത്തുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷനെപ്പറ്റിയും വിദ്യാർത്ഥികൾ അവതരണം നടത്തി. പ്ലാസ്റ്റിക്, ഇലക്ട്രോണിക്സ് മേഖലയിലെ 85 സംരംഭകരും വിദ്യാർത്ഥികളും പരിപാടിയിൽ പങ്കെടുത്തു. ജില്ലയിലെ കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവിനും മറ്റ് സംരംഭക മേഖലകളിലും സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കി പുതിയ സംരംഭകരെ വാർത്തെടുക്കുന്നതിൽ ടെക്നോളജി ക്ലിനിക് ഏറെ പ്രയോജനപ്പെടുമെന്ന് പ്രത്യാശിക്കാം.

**Angel Flour Mill**
**&**
**Food Products**

Elavally North, Elavally,
Thrissur

Ph: 956228056

# വിദ്യാർത്ഥികൾക്കായി വ്യവസായ ബോധവത്കരണ സെമിനാർ

കോളേജുകളിലെയും, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പഠനശേഷം വിദ്യാർത്ഥികൾക്ക് ചെറുകിട വ്യവസായ-സേവന മേഖലകളിൽ വിവിധ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കാനായി കൊല്ലം ജില്ലാ വ്യവസായകേന്ദ്രം കൊട്ടാരക്കര സെന്റ് ഗ്രിഗോറിയസ് കോളേജ് ആഡിറ്റോറിയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ജനറൽ മാനേജർ ഹെലൻ ജെറോം പരിപാടി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. ജോസുകുട്ടി. പി. കെ. അധ്യക്ഷനായിരുന്നു. സുമൻ അലക്സാണ്ടർ അസോസിയേറ്റ് പ്രൊഫസർ വിദ്യാർത്ഥികൾക്ക് സംരംഭകത്വത്തിന്റെ ആവശ്യകതയെക്കുറിച്ച് പ്രഭാഷണം നടത്തി.




വ്യവസായ വികസന ആഫീസർ പ്രചോദന പരിപാടി ഇനത്തിൽ ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ പ്രസക്തിയും, സംരംഭകത്വവും എന്ന വിഷയത്തെ ആസ്പദമാക്കി നൗഫൽ തങ്ങൾ. ആർ (എം. ടെക്ക്, അപ്ലൈഡ് ഇലക്ട്രോണിക്സ്) അവതരിപ്പിച്ച പ്രഭാഷണം ഏറെ വിജ്ഞാനപ്രദമായിരുന്നു. ഇ. ഡി. ക്ലബ് കോ-ഓർഡിനേറ്റർ അരുൺ മോഹൻ, അസിസ്റ്റന്റ് പ്രൊഫസർ ബിജു. റ്റി. എസ്, ഉപജില്ലാ വ്യവസായ ആഫീസർ സുധ. എൻ സംബന്ധിച്ചു. പരിപാടിയിൽ നൂറോളം വിദ്യാർത്ഥികൾ പങ്കെടുത്തു.

ഹയർ സെക്കന്ററി തലം മുതൽ എഞ്ചിനീയറിംഗ് കോളേജ് വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ സംരംഭകത്വത്തെപ്പറ്റി പൊതുവായും എം. എസ്. എം. ഇ വിഭാഗത്തെപ്പറ്റി പ്രത്യേകിച്ചും അറിവ് നൽകാനും സാധ്യതകൾ വിവരിക്കാനും ലക്ഷ്യമിട്ട് നടത്തിവരുന്ന ബോധവത്കരണ പരിപാടിയുടെ ഭാഗമായി, കൊട്ടാരക്കര താലൂക്കിൽ വെട്ടിക്കവല ബ്ലോക്ക് പരിധിയിൽ മൈലം ദേവിവിലാസം വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി സ്കൂൾ ആഡിറ്റോറിയത്തിൽ സെമിനാർ നടത്തി. കൊട്ടാരക്കര ഉപജില്ലാ വ്യവസായ ഓഫീസർ സുധ. എൻ പരിപാടി ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പാൾ ഉദയകുമാർ അദ്ധ്യക്ഷനായിരുന്നു. എ. പി. തോമസ് നാഷണൽ ട്രെയിനർ, ജേസീസ്, കോട്ടയം ക്ലാസ്സ് കൈകാര്യം ചെയ്തു. ഇ. ഡി. ക്ലബ് കോ-ഓർഡിനേറ്റർ ശശികല. ബി, വ്യവസായ വികസന ഓഫീസർ ബിജു. ടി. എസ്, ഐ. ഇ. ഒ ബിജു. എം.എസ്, ഐ. ഇ. ഒ രഞ്ജിത്, ബിനു ജേക്കബ് സംബന്ധിച്ചു. 80 വിദ്യാർത്ഥികൾ സെമിനാറിൽ പങ്കെടുത്തു.

കൊട്ടാരക്കര ചടയമംഗലം ബ്ലോക്ക് പരിധിയിൽ ഇളമാട് ഗവൺമെന്റ് ഐ. ടി. ഐ യിലെ വിദ്യാർത്ഥികൾക്കായി ഇളമാട് പഞ്ചായത്ത് മിനി ഓഡിറ്റോറിയത്തിൽ നടന്ന സെമിനാർ കൊല്ലം ജില്ലാ വ്യവസായകേന്ദ്രം മാനേജർ ഷീജ. എൽ ഉദ്ഘാടനം ചെയ്തു. ഐ. ടി. ഐ യിലെ ഗ്രൂപ്പ് ഇൻസ്ട്രക്ടർ മുരളീധരൻ. ആർ. പി. അദ്ധ്യക്ഷനായിരുന്നു. വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ മണിലാൽ. എൽ സംരംഭകത്വത്തെപ്പറ്റി ക്ലാസ്സ് എടുത്തു. കൊട്ടാരക്കര ഉപജില്ലാ വ്യവസായ ഓഫീസർ സുധ. എൻ, ഐ. ടി. ഐ. സ്റ്റാഫ് സെക്രട്ടറി സുദേവ്. എ, ഐ. ഇ. ഒ ബിജു. എം. എസ്, ബിജു. ടി. എസ്, ഐ. ഇ. ഒ രഞ്ജിത് സംബന്ധിച്ചു. 70 വിദ്യാർത്ഥികൾ പങ്കെടുത്തു.






# കുട്ടിക്കാനത്ത് ബോധവത്കരണ സെമിനാർ



ഇടുക്കി ജില്ലാ വ്യവസായകേന്ദ്രവും പീരുമേട് താലൂക്ക് വ്യവസായ ആഫീസും ചേർന്ന് കുട്ടിക്കാനം മരിയൻ ഇന്റർനാഷണൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വ്യവസായ ബോധവൽകരണ സെമിനാർ നടത്തി.

കോളേജ് ആഡിറ്റോറിയത്തിൽ സംരംഭകത്വ വികസന ക്ലബ്ബ് അംഗങ്ങളെയും വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ച് നടന്ന സെമിനാർ പീരുമേട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുലേഖ ഉദ്ഘാടനം ചെയ്തു. കോളേജ് ഡയറക്ടർ റവ. ഫാദർ ഡോ. പി. ടി. ജോസഫ് അദ്ധ്യക്ഷനായിരുന്നു. വ്യാവസായികമായി പിന്നോട്ട് നിൽക്കുന്ന ഇടുക്കി ജില്ലയുടെ പുരോഗതിക്ക് ഇത്തരത്തിലുള്ള സെമിനാറുകൾ പ്രയോജനകരമാണെന്നും തദ്ദേശീയമായുള്ള വിഭവ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തിയുള്ള വ്യവസായങ്ങളാണ് ജില്ലയ്ക്കാവശ്യമെന്നും സുലേഖ ഓർമിപ്പിച്ചു. യോഗത്തിൽ പീരുമേട് താലൂക്ക് വ്യവസായ ഓഫീസർ ആർ. സുരേഷ് ബാബു, വ്യവസായ വികസന ഓഫീസർ ബിൻസിമോൾ പങ്കെടുത്തു.

ബോധവൽകരണ സെമിനാറിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ആർ. സുരേഷ് ബാബു യോഗത്തിൽ വിശദീകരിച്ചു. പുതുതലമുറയ്ക്ക് വ്യവസായബോധം സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും രാജ്യത്തിന്റെ നാനാമുഖമായ വളർച്ചയ്ക്ക് വ്യവസായങ്ങൾക്കുള്ള പങ്കിനെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു.

കോളേജിന്റെ സംരംഭകത്വ വികസന ക്ലബ്ബിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ അദ്ധ്യക്ഷൻ വിശദീകരിച്ചു. നിലവിലുള്ള അംഗങ്ങളിൽ പലരും വ്യവസായ പദ്ധതികൾ തയ്യാറാക്കാൻ മുന്നോട്ടു വരുന്നെന്നും അത് ക്ലബ്ബിന്റെ വിജയമാണെന്നും അദ്ദേഹം പറഞ്ഞു.

സെമിനാർ ഉദ്ഘാടനശേഷം കൃഷ്ണമൂർത്തി മുഖ്യപ്രഭാഷണം നടത്തി. എല്ലാ കുട്ടികളിലും ഒരു വ്യവസായി ഉണ്ടെന്നും അതിനെ വളർത്തി നാളെ രാജ്യമാകെ അറിയുന്ന വ്യവസായി ആകാനുള്ള പ്രചോദനം കുട്ടികൾക്ക് നൽകണമെന്നും അദ്ദേഹം പറഞ്ഞു.

ക്ലബ്ബ് കോ-ഓർഡിനേറ്റർ ബോസ് ജോർജ്, വ്യവസായ വകുപ്പ് ജീവനക്കാരായ രജീഷ് മാത്യു, അനിത പങ്കെടുത്തു. ക്ലബ്ബംഗങ്ങൾ ഉൾപെടെ 120 പേർ സെമിനാറിൽ പങ്കെടുത്തു.

---

# കോട്ടയത്ത് ഉൽപന്ന പ്രദർശനമേള

കോട്ടയം ജില്ലയിലെ യുവതീ യുവാക്കളെ സ്വയം തൊഴിൽ പരിശീലിപ്പിക്കുന്നതിനോടൊപ്പം ബാങ്ക് ലോണുകൾ നൽകി സംരംഭം തുടങ്ങുവാൻ സഹായിക്കുകയും ചെയ്യുന്ന സ്ഥാപനമാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്. ആർ. എസ്. ഇ. റ്റി. ഐ യുടെ നേതൃത്വത്തിൽ സ്വയം തൊഴിൽ പരിശീലിപ്പിക്കപ്പെട്ടവർ നേതൃത്വം നൽകുന്ന ഉല്പന്ന പ്രദർശന മേള കോട്ടയം ചിൽഡ്രൻസ് ലൈബ്രറിയിൽ സംഘടിപ്പിച്ചു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഡപ്യൂട്ടി ജനറൽ മാനേജർ വിനായക് കൈസറേ മേള ഉദ്ഘാടനം ചെയ്തു. പ്രദർശനത്തിലെ ആദ്യ വിൽപന യുവ സംരംഭക ഗായത്രി ജയന് നൽകി ബാങ്ക് അസിസ്റ്റന്റ് ജനറൽ മാനേജർ എസ്. കല നിർവഹിച്ചു. മ്യൂറൽ പെയിന്റിങ്ങ്, നെറ്റിപ്പട്ടം, ബാഗുകൾ, പേഴ്സുകൾ, നാടൻ ഭക്ഷ്യോൽപന്നങ്ങൾ, വിവിധ തരം കേക്കുകൾ, വ്യത്യസ്ത തരം അച്ചാറുകൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, കൂൺ, ആഭരണങ്ങൾ തുടങ്ങിയവ അണിനിരത്തിയ സ്റ്റാളുകൾ തയ്യാറാക്കിയത് 50 വനിതകളാണ്. ആർ. എസ്. ഇ. റ്റി. ഐ ഡയറക്ടർ മണികണ്ഠൻ മുഖ്യ സംഘാടകനായിരുന്നു.





## പത്തനംതിട്ടയിൽ സംരംഭകത്വ സെമിനാർ



വ്യവസായ വാണിജ്യ വകുപ്പ് നടപ്പാക്കി വരുന്ന സംരംഭകത്വ വികസന ബോധവൽകരണ പരിപാടി ഭാഗമായി പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ പരിപാടി കാതോലിക്കേറ്റ് കോളേജിൽ സംരംഭകത്വ വികസന ക്ലബ്ബിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചു.

മുൻസിപ്പൽ ചെയർപേഴ്സൺ രജനി പ്രദീപ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ പ്രൊഫ. ഡോ. മാത്യു. പി. ജോസഫ് ആദ്ധ്യക്ഷം വഹിച്ചു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഷൈലമ്മ മുഖ്യ പ്രഭാഷണം നടത്തി.

തുടർന്ന് സംരംഭകത്വ വികസനം, ബാങ്കിങ്ങ് എന്നീ വിഷയങ്ങളിൽ ജില്ലാ വ്യവസായകേന്ദ്രം മാനേജർ സി. ആർ. സുരേഷ്, സാമ്പത്തിക സാക്ഷരതാ കൗൺസിലർ ഗോപാലകൃഷ്ണൻ എന്നിവർ ക്ലാസ്സെടുത്തു. സംരംഭക അമ്പിളി നായർ അനുഭവങ്ങൾ പങ്കുവച്ചു. ഉപജില്ലാ വ്യവസായ ഓഫീസർ ജെ. ശോഭനാകുമാരി, വ്യവസായ വികസന ആഫീസർ വിനു. വി. ആർ പങ്കെടുത്തു.


വളരെക്കുറച്ചുമാത്രം ഉപയോഗിച്ചിട്ടുള്ള പ്ലാസ്റ്റിക് ബണ്ടിലിംഗ് മെഷീൻ വില്പനയ്ക്ക്

ബണ്ടിലിംഗ് കപ്പാസിറ്റി : 3’ X 2’
1000 kg / മണിക്കൂർ

2014 മോഡൽ
8 Hp , 3 ഫേസ് മോട്ടർ

കൂടുതൽ വിവരങ്ങൾക്ക് സമീപിക്കുക
9544506467 / 9495435097
കാഞ്ഞിരപ്പള്ളി, കോട്ടയം

M/S Worldwide Industries

Chowara, Kottukal P.O.
Ph: 9446497815




## കേരള വിഭവങ്ങൾക്ക് വിപണി തേടി

# ഫുഡ് പ്രോ

കേരളത്തിന്റെ പ്രകൃതിദത്ത വിഭവങ്ങളുടെ വിപണി മൂല്യം വർദ്ധിപ്പിക്കുകയും അതുവഴി ആരോഗ്യദായകമായ ജീവിത ശൈലിയും ആഹാരക്രമവും പ്രചരിപ്പിച്ച് കർഷകർക്ക് സ്ഥിര വരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യവുമായി വ്യവസായ വാണിജ്യ വകുപ്പ് കൊച്ചിയിൽ ത്രിദിന കേരള അഗ്രോ ഫുഡ് പ്രോ 2017 സംഘടിപ്പിച്ചു.

ബി.ടു.ബി മീറ്റിന് തുടർച്ചയായി ബോൾഗാട്ടി പാലസിലാണ് പരിപാടി ഒരുക്കിയത്. കേരളത്തിലെ വിവിധ കാർഷിക ഉൽപ്പന്നങ്ങളുടെ വ്യവസായവത്കരണമാണ് മേള കൊണ്ട് ഉദ്ദേശിച്ചത്. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ചക്ക, മാങ്ങ, പപ്പായ, പൈനാപ്പിൾ, കപ്പ, കശുമാങ്ങ, തേങ്ങ, വാഴ വിവിധ സുഗന്ധദ്രവ്യങ്ങൾ എന്നിവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആണ് ഇവിടെ പ്രദർശിപ്പിച്ചത്. സംസ്ഥാനത്തുടനീളമുള്ള 100 ഓളം ചെറുകിട വ്യവസായ സംരംഭകരാണ് ഇതിൽ പങ്കെടുത്തത്. ഇവയുമായി ബന്ധപ്പെട്ട യന്ത്രോപകരണങ്ങൾ, പാക്കിംഗ് മെഷീൻസ് എന്നിവയും പ്രദർശിപ്പിച്ചിരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ സ്ഥാപനങ്ങളായ സ്പൈസസ് ബോർഡ്, കിഴങ്ങു ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, കാർഷിക സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രങ്ങൾ എന്നിവരും മേളയിൽ പങ്കെടുത്തു. കാർഷികാധിഷ്ഠിത






വ്യവസായത്തിന് പ്രോത്സാഹനം നൽകുക, ഈ മേഖലയിലെ സംരംഭകർക്ക് ആഗോളതലത്തിൽ ഇടം നേടിക്കൊടുക്കുക എന്നീ ലക്ഷ്യങ്ങളാണ് മേള വിഭാവനം ചെയ്യുന്നത്. ഉൽപ്പന്നങ്ങളെ പരിചയപ്പെടുത്തുന്നതിനോടൊപ്പം വിപണി ഉറപ്പ് വരുത്തുന്നതിനായി അഗ്രോ ബിസിനസ് മീറ്റും സംഘടിപ്പിച്ചു.

ഫെബ്രുവരി അഞ്ചിന് വ്യവസായ വാണിജ്യ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ പരിപാടി ഉദ്ഘാടനം ചെയ്തു. കാർഷിക വിള സംരംഭങ്ങൾക്ക് അർഹമായ പ്രോൽസാഹനം നൽകുമെന്ന് അദ്ദേഹം പറഞ്ഞു. ഇതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കും. ഒരു സംരംഭകൻ വ്യവസായം തുടങ്ങുമ്പോൾ നേരിടുന്ന എല്ലാ പ്രതിസന്ധികളും പരിഹരിക്കാൻ നടപടി ഉണ്ടാകുമെന്നും ഇതിനായി വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുമെന്നും മന്ത്രി ഉറപ്പ് നൽകി. വൈറ്റ് കോളർ ജോലികളുടെ സാധ്യതകളും ആകർഷകതയും കുറഞ്ഞുവരികയാണ്. ഈ സാഹചര്യത്തിൽ ഇത്തരം സംരംഭങ്ങളുടെ പ്രാധാന്യം വർദ്ധിച്ചു വരുകയാണെന്നും മന്ത്രി പറഞ്ഞു.

എസ് ശർമ എം.എൽ.എ. അദ്ധ്യക്ഷനായിരുന്നു. വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ സെക്രട്ടറി പോൾ ആന്റണി മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കെ.എൻ. കൃഷ്ണകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. മുളവുകാട് പഞ്ചായത്ത് പ്രസിഡന്റ് വിജി ഷാജൻ, വ്യവസായ വകുപ്പ് ഡയറക്ടർ പി.എം. ഫ്രാൻസിസ്, ജോയിന്റ് ഡയറക്ടർ എ.സി. സുരേഷ്കുമാർ സംസാരിച്ചു.

രാവിലെ 10 മുതൽ വൈകീട്ട് ഏഴ് വരെ ആയിരുന്നു പ്രദർശനം. നാടൻ വിഭവങ്ങളുടെ വൈവിധ്യവൽകരണവും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ശ്രേണിയും ആയിരത്തിലധികം സന്ദർശകരുടെ ശ്രദ്ധയാകർഷിച്ചു. സംസ്ഥാനത്തുടനീളമുള്ള 93 വ്യവസായ സംരംഭകർ പങ്കെടുത്തു.

## ജൂസായി ചിങ്ങൻ പഴവും

ചിങ്ങൻ പഴത്തിൽ നിന്നുള്ള ശീതളപാനീയം സന്ദർശകരിൽ കൗതുകമുണർത്തി. ചിങ്ങൻ പഴം/ വാഴപ്പഴത്തിൽ നിന്നും ചാറെടുത്ത് പാക്കുചെയ്ത് വിപണിയിൽ എത്തിച്ചിട്ടില്ലാത്തതിനാൽ ഇതിനു പിന്നിലെ രഹസ്യം പിന്നീട് വെളിപ്പെടുത്താമെന്ന് തൃശ്ശൂർ കേച്ചേരിയിലെ നെക്ടറീസ് വ്യക്തമാക്കി.

വിദേശരാജ്യങ്ങളിലേക്ക് ചക്ക വിഭവങ്ങൾ കയറ്റുമതി ചെയ്യുന്ന 'കോഴിക്കോടൻസ്' മേളയിലുണ്ടായിരുന്നു. പഴുത്തു പാകമായ ചക്കച്ചുള പ്രത്യേക രീതിയിൽ ഉണക്കി മധുരവും സ്വാദും ഒട്ടും നഷ്ടപ്പെടാതെ ആകർഷകമായി പാക്ക് ചെയ്ത് നൽകുന്നതിനാൽ വിദേശ ഇന്ത്യക്കാർക്ക് ഇവരുടെ ഉൽപന്നങ്ങൾ പ്രിയങ്കരമാണ്.

ചക്കയിൽ നിന്നുള്ള 60 ഉം തേങ്ങയിൽ നിന്നുള്ള 30 ഉം മാങ്ങയുടെ 20ഉം പൈനാപ്പിളിൽ നിന്നുള്ള അഞ്ചും സുഗന്ധവ്യഞ്ജനങ്ങളിൽ നിന്നും 25ഉം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ മേളയിൽ നിരന്നു.

കേരളത്തിലെ പ്രമുഖ ഭക്ഷ്യകാർഷിക മേഖലയിലെ യന്ത്രസാമഗ്രികളുടെ നിർമ്മാതാക്കളായ സോളാർ എക്യുപ്മെന്റ്സ്, ടെക്നോ കൺസൾട്ടൻസി സർവ്വീസസ്,













മെറ്റൽ ഏജ് ടെക്നോളജീസ്, പൈലറ്റ്സ്മിത് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ്, ടി.കെ മെഷീനറീസ്, സ്റ്റീലോൺ, അഗ്രോപാർക്ക്, വെസ്റ്റാ എൻജിനീയേഴ്സ്, പാക്ക്മെൻ മെഷീനറീസ് എന്നിവർ പങ്കെടുത്തു.

### സജീവമായി ഗവേഷക സ്ഥാപനങ്ങൾ

ഭക്ഷ്യകാർഷിക മേഖലയിലെ ഗവേഷണ സ്ഥാപനങ്ങളിൽ കാർഷിക സർവ്വകലാശാലയിലെ ബനാന റിസർച്ച് സ്റ്റേഷൻ (പീച്ചി), കാർഷിക സർവ്വകലാശാല (മണ്ണൂത്തി), കൃഷിവിജ്ഞാൻ കേന്ദ്ര (ആലപ്പുഴ), പൈനാപ്പിൾ റിസർച്ച് സ്റ്റേഷൻ (കണ്ണാറ) എന്നിവയും കേന്ദ്ര സർക്കാരിന്റെ സ്ഥാപനങ്ങളായ സ്പൈസസ് ബോർഡ്, കിഴങ്ങ് ഗവേഷണ കേന്ദ്രം, നാളികേര വികസന ബോർഡ്, ഡിഫൻസ് ഫുഡ് റിസർച്ച് ലാബ് (മൈസൂർ), ഐസിഎആർ– കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (കാസർഗോഡ്) ഐസിഎആറിന്റെതുതന്നെയായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി (തിരുവനന്തപുരം) എന്നിവയും പങ്കെടുത്തു.

### കോഴിക്കോടൻസിന് ഒന്നാം സ്ഥാനം

മികച്ച രീതിയിൽ പ്രദർശനത്തിൽ പങ്കെടുക്കുകയും ജനപ്രിയ ഉൽപന്നങ്ങൾ തയ്യാറാക്കുകയും ചെയ്ത 'കോഴിക്കോടൻസ്' മികച്ച വ്യവസായ സംരംഭത്തിനുള്ള ഒന്നാം സ്ഥാനം നേടി. ചക്ക, വാഴപ്പഴം തുടങ്ങിയവയിൽ അധിഷ്ഠിതമായ ഉൽപന്നങ്ങളാണ് അവർക്ക് സമ്മാനം നേടിക്കൊടുത്തത്. ഉൽപന്നങ്ങളുടെ വൈവിധ്യവൽകരണം, ആകർഷണീയമായ പാക്കിംഗ്, ഉപഭോക്താക്കളോടുള്ള സമീപനം എന്നിവ മാനദണ്ഡങ്ങളാക്കിയായിരുന്നു പുരസ്കാരം നൽകിയത്. നവ്യ ബേക്കേഴ്സ് & കൺഫെക്ഷണറീസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം, ഇടുക്കിയിലെ മലനാട് പാഷൻ ഫ്രൂട്ട് എന്നിവ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

മേളയുടെ സമാപനസമ്മേളനത്തോട് അനുബന്ധിച്ച് പ്രദർശകരുമായി നടത്തിയ അവലോകന ചർച്ചയിൽ നിരവധി അഭിപ്രായങ്ങൾ സംരംഭകരുടെ ഭാഗത്ത് നിന്ന് ലഭിച്ചിട്ടുണ്ട്. ഇത്തരം മേളകൾ പൊതുജനങ്ങൾക്ക് കൂടി എത്തിപ്പെടാൻ കഴിയുന്ന സ്ഥലത്ത് നടത്തിയാൽ വിൽപന ഇരട്ടിയാക്കാൻ കഴിയുമെന്നതാണ് ഒരു നിർദ്ദേശം. ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനു വേണ്ടുന്ന സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യമുയർന്നു. പാക്കിങ് സാങ്കേതിക വിദ്യ സംബന്ധിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കണമെന്നും അതിൽ ആഗോള നിലവാലത്തിലുള്ള തക്ക വിധത്തിലുള്ള മാർക്കറ്റിംഗ്, സ്റ്റാൻഡേഡൈസേഷൻ പദ്ധതികൾ ഉൾപെടുത്തണമെന്നും സംരംഭകർ പറഞ്ഞു.

സമാപന യോഗത്തിൽ ജനറൽ മാനേജർ കെ.എൻ. കൃഷ്ണകുമാർ, ജോയിന്റ് ഡയറക്ടർ എ.സി.സുരേഷ്കുമാർ, കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രം, ജനറൽ മാനേജർ രാജേന്ദ്രൻ, എ.സി.സുരേഷ്കുമാർ, കെ.എൻ.കൃഷ്ണകുമാർ സമ്മാനങ്ങൾ വിതരണം ചെയ്തു. തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം മാനേജർ കെ.എസ്.കൃപകുമാർ പങ്കെടുത്തു.

### 200 ലേറെ വ്യാപാര അന്വേഷണങ്ങൾ

ആയിരത്തിലധികം സന്ദർശകരുണ്ടായിരുന്ന മേളയിൽ 200–ലധികം വ്യാപാര അന്വേഷണങ്ങളാണ് ഉണ്ടായത്. വിദേശികളും അന്യസംസ്ഥാനത്തു നിന്നുള്ളവരും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കയറ്റുമതിക്കാരും ഇതിലുൾപ്പെടുന്നു.

പുതുതലമുറയുടെ വാഗ്ദാനങ്ങളായ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എന്റർപ്രണർ ഡവലപ്മെന്റ് ക്ലബിലെ കുട്ടികൾ ആവേശത്തോടെയാണ് സ്റ്റാളുകളിലെത്തി ഉൽപ്പന്നങ്ങളെക്കുറിച്ച് അന്വേഷിച്ചത്.

ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ആധുനിക രീതിയിരുള്ള പാക്കിംഗ് ടെക്നോളജീസ്, മെച്ചപ്പെട്ട മാർക്കറ്റിംഗ്, വിവിധ എക്സ്പോർട്ട് ലൈസൻസുകൾ തുടങ്ങിയവയിൽ വിദഗ്ദ്ധ പരിശീലനം നൽകിയാൽ ഈ മേഖലയിൽ ഇനിയും അത്ഭുതങ്ങൾ സൃഷ്ടിക്കാനാവും.

# നിയമവിരുദ്ധ നികുതി ഇളവ് തടയാൻ ജി. എ. എ. ആർ




നികുതി ഇളവുകളുടെ പേരിലുള്ള തട്ടിപ്പുകൾ ഒഴിവാക്കി കാര്യക്ഷമമായ നികുതി സംവിധാനം നടപ്പിലാക്കുന്നതിനുള്ള ജി. എ. എ. ആർ ഏപ്രിൽ ഒന്നിന് നിലവിൽ വരും. ഇടപാടുകൾ ഏതു തരത്തിൽ നടത്തണമെന്ന് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നികുതിദായകന് നൽകിക്കൊണ്ടാവും പദ്ധതി നടപ്പാക്കുക. ഇതിന്റെ ഭാഗമായി നികുതി നൽകേണ്ട ഇടപാടുകൾ സസൂക്ഷ്മം നിരീക്ഷിക്കും.

നികുതി വെട്ടിപ്പ് തടയാനുള്ള നിയമം നടപ്പാക്കുന്ന 17-ാമത് രാജ്യമാണ് ഇന്ത്യ. 1915-ൽ ഓസ്ട്രേലിയയാണ് ആദ്യമായി ജി. എ. എ. ആർ നടപ്പാക്കുന്നത്. ആദായനികുതി വകുപ്പിലെ പ്രിൻസിപ്പൽ കമ്മീഷണറാണ് ജി. എ. എ. ആർ ആദ്യം നടപ്പാക്കുന്നത്. രണ്ടാം ഘട്ടത്തിൽ ഹൈക്കോടതി ജഡ്ജി തലവനായ പാനൽ പരിശോധിക്കും.

# ഇന്ത്യാ പോസ്റ്റ് പേമെന്റ് ബാങ്കിനനുമതി

തപാൽ വകുപ്പിന് പേമെന്റ് ബാങ്ക് തുടങ്ങാൻ റിസർവ്വ് ബാങ്ക് അന്തിമ അനുമതി നൽകി. ഇന്ത്യാ പോസ്റ്റ് പേമെന്റ് ബാങ്കിന്റെ ഇടക്കാല എം. ഡി യും സി. ഇ. ഒ യുമായി കേന്ദ്ര ധനമന്ത്രാലയത്തിലെ മുൻ ജോയിന്റ് സെക്രട്ടറി എ. പി. സിങ്ങിനെ നിയമിച്ചു.

രാജ്യത്താകെ 1.55 ലക്ഷം പോസ്റ്റോഫീസുകളാണുള്ളത്. തുടക്കത്തിൽ എല്ലാ പോസ്റ്റ് ഓഫീസും പേമെന്റ് ബാങ്ക് സേവനങ്ങൾ നൽകും. 650 പുതിയ ശാഖകൾ കൂടി ആരംഭിക്കാനുള്ള തയ്യാറെടുപ്പിലാണ് തപാൽ വകുപ്പ്.

# നെതർലാൻഡിൽ താരമായി കേരളം

നെതർലാൻഡിൽ നടന്ന അന്താരാഷ്ട്ര ടൂറിസം വ്യാപാര മേളയിൽ ജനശ്രദ്ധയാകർഷിച്ച് കേരള പവലിയൻ താരപദവി നേടി. ഉട്രെക്സ് നഗരത്തിൽ നടന്ന വാകൻ ഡിബ്യൂഴ്സ് മേളയിൽ ആദ്യമായാണ് കേരളം പങ്കെടുക്കുന്നത്. "സ്ലോഡൗൺ ഇൻ ഗോഡ്സ് ഓൺ കൺട്രി" എന്നതായിരുന്നു പവലിയന്റെ മുഖ്യപ്രമേയം.




കേരളം സന്ദർശിക്കുന്ന വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ നെതർലാൻഡ് 11-ാം സ്ഥാനത്താണ്. ആയുർവ്വേദ- സുഖ ചികിത്സ, കായലോര ദൃശ്യങ്ങൾ എന്നിവ ഉൾപ്പെടുത്തിയതായിരുന്നു കേരള പവലിയനിലെ പ്രദർശനങ്ങൾ.




നിങ്ങളുടെ ഉത്പന്നമോ
സേവനമോ യഥാർത്ഥ
ആവശ്യക്കാർക്കിടയിൽ
കുറഞ്ഞ ചെലവിൽ
പരസ്യപ്പെടുത്താൻ
ഏറ്റവും യോജിച്ച മാസിക
**വ്യവസായകേരളം**



## പരസ്യനിരക്ക്

| | കളർ | ബ്ലാക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് കാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

എഡിറ്റർ
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം – 695 033
ഫോൺ: 0471 2322789

Email: vyavasayakeralam@gmail.com

Regn.No.KL/TV(N)/183/2016-2018
Volume 49 Issue 9
February 2017

Vyavasaya Keralam
MONTHLY

₹ 30
R.N.I 29441/77
Date of publication-2nd February 2017

www.keralaindustry.org

യുവ സംരംഭകർക്കായി...
യുവ സംരംഭകർക്കൊപ്പം...
നവ കാഴ്ചപ്പാടുകളുമായി...



deepakmouthatil9946021864

വ്യവസായകേരളം
MAGAZINE ON INDUSTRIAL KERALAM

വ്യവസായകേരളം, ഡോക്യുമെന്റേഷൻ സെന്റർ, ഡി.ഐ.സി. ബിൽഡിംഗ്, വെള്ളയമ്പലം, തിരുവനന്തപുരം-695033.
ഫോൺ: 0471 2322789

Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Sterling Print House (P) Ltd., Door No.49/1849, Ponekkara- cheranelloor Road, AIMS Ponekkara (PO), Cochin-682041

Editor: V.P. Aswathy